
ഗ്രാമഭൂമി
നവോത്ഥാനം
സാംസ്കാരിക
പ്രതിരോധത്തിന്റെ
സംഘഗാനം!



നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാകുന്നു.
ചിന്തകൾ വാക്കുകളും
വാക്കുകൾ പ്രവൃത്തികളും
പ്രവൃത്തികൾ മൂല്യങ്ങളുമാകുന്നു.
നിങ്ങളുടെ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാകുന്നത്.

150 YEARS OF CELEBRATING THE MAHATMA

മഹാത്മാഗാന്ധിയുടെ
150-ാം ജന്മവാർഷികം

റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2018 നവംബർ-ഡിസംബർ
പുസ്തകം 41
ലക്കം 6

## എഡിറ്റോറിയൽ

# നമുക്ക് നടക്കാം... മുന്നോട്ട്

ഒരുകാലത്ത് ജാതിവെറിയും ജന്മിത്തവുംകൊണ്ട് അനീതിയുടെ അസമത്വത്തിന്റെ കൂത്തരങ്ങായിരുന്നു കേരളം. അതിന്റെയൊക്കെ തിക്തഫലങ്ങൾ അനുഭവിച്ച ഒട്ടേറെപ്പേരുടെ ചോര വീണു ചുവന്നതാണ് കേരളത്തിന്റെ മണ്ണ്. പാവങ്ങളോടും സ്ത്രീകളോടും അയിത്തം കൽപിച്ചിരുന്ന ഒരു നാടായിരുന്നു നമ്മുടേത്. അവിടെനിന്ന് നമ്മെ കൈപിടിച്ചു മുന്നോട്ടു നടത്തിയത് വിവിധ നവോത്ഥാന പ്രസ്ഥാനങ്ങളാണ്. കേരളത്തിലെ ജാതിവ്യവസ്ഥകളുയർത്തിയ മനുഷ്യത്വരഹിതമായ പലതും പാടെ തുടച്ചുനീക്കാൻ... അവിടെനിന്നും കേരളീയ സമൂഹത്തെ കൈപിടിച്ചു മുന്നോട്ടു നടത്താൻ... ഒട്ടേറെ സാമൂഹിക പരിഷ്കർത്താക്കളുണ്ടായി... ഒട്ടേറെ നവോത്ഥാന പ്രസ്ഥാനങ്ങളുണ്ടായി. എന്നു തന്നെയല്ല, ആ പോരാട്ടത്തിൽ സ്ത്രീപുരുഷ ഭേദമന്യേ നിരവധി പേർ സ്വന്തം ജീവിതവും ജീവനും ത്യജിക്കാൻപോലും സന്നദ്ധരായി മുന്നോട്ടുവന്നു. പുലപ്പേടി, മണ്ണാപ്പേടി, ശൈശവ വിവാഹം എന്നിങ്ങനെ അനാചാരങ്ങളുടെ ഒരു നീണ്ട ഘോഷയാത്ര തന്നെയുണ്ടായിരുന്നല്ലോ കേരളത്തിൽ... അവയ്ക്കെതിരായുള്ള പോരാട്ടത്തിൽ മരിച്ചുവീണവരും മൃതപ്രായരായവരും ഒട്ടേറെ... അങ്ങനെ ഒരുപാടു പേരുടെ ജീവനും ജീവിതവും കൊടുത്തു നേടിയ സാമൂഹികമാറ്റങ്ങൾ, പുരോഗതികൾ, സമത്വ തലങ്ങൾ ഇവയെയൊക്കെ വേണ്ടെന്ന് വച്ച് പഴയ ജാതിചിന്തയിലേക്കും പെണ്ണയിത്തത്തിലേക്കും നടക്കാൻ വെമ്പൽ കൊള്ളുന്നതുകൊണ്ട് എന്ത് നേട്ടം? സാമൂഹികവും പാരിസ്ഥിതികവും സാഹചര്യപരവും സാമ്പത്തികവുമായ ഒട്ടേറെ കാര്യങ്ങൾ നേടാൻ കേരളം ഇനിയും ഏറെ ദൂരം മുന്നോട്ടു പോകേണ്ടതുണ്ട്... എന്നിരിക്കെ, പിറകിലേക്ക് നടക്കാൻ നമുക്ക് ശ്രമിക്കാതിരിക്കാം... ഒരു നവകേരള നിർമിതിക്കായി ഒരുമിച്ചു കൈകോർക്കാം... മുന്നോട്ടു നടക്കാൻ പഠിക്കാം... മുന്നോട്ടു മാത്രം.

**ചീഫ് എഡിറ്റർ**
അജിതാദാസ്



**ഉപദേശക സമിതി ചെയർമാൻ:** എൻ. പത്മകുമാർ ഐഎഎസ് ഗ്രാമവികസന കമ്മീഷണർ,
**അംഗങ്ങൾ** വി.എസ്. സന്തോഷ്കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-1 , എൽ.പി. ചിത്തർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ II
● കെ. ചന്ദ്രശേഖരൻ നായർ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY ● അബ്ദുൾ സലിം ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF
● കെ. വനജകുമാരി, ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി ● കെ.പി. ജോസഫ് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ് ● ദിവ്യ, ഡെപ്യൂട്ടി ഡയറക്ടർ (P&M)
● അജയകുമാർ, ഫിനാൻസ് ഓഫീസർ ● എ. അജിത്ദാസ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ചീഫ് എഡിറ്റർ **അജിതാദാസ്,** ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
അസിസ്റ്റന്റ് എഡിറ്റർ **സി. പ്രശാന്ത്** അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ
സർക്കുലേഷൻ മാനേജർ **റ്റി. സനൽകുമാർ,** മാനേജർ കവർ & ലേ-ഔട്ട് **രതീഷ് കുമാർ** rash8590070404@gmail.com

ഓഫീസ് **റൂറൽ ഇൻഫർമേഷൻ ബ്യൂറോ,** ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3. ഫോൺ : 0471 2317262 email : ribkerala@gmail.com

# കത്തുകൾ

## അഭിനന്ദനങ്ങൾ

കേരളത്തിലുണ്ടായ അതിഭീകരമായ പ്രളയം ഒരു നേർക്കാഴ്ചപോലെ വിവരിച്ച ഗ്രാമഭൂമിക്ക് (ജൂലൈ-ആഗസ്റ്റ് ലക്കം) അഭിനന്ദനങ്ങൾ. കേരളം രൂപീകൃതമായതിനു ശേഷം ഏറ്റവും ഭീകരമായ പ്രളയമാണ് ഇക്കഴിഞ്ഞ ഓണക്കാലത്ത് നാം നേരിട്ടത്. ഭരണഘടന വിഭാവനം ചെയ്ത മതേതരത്വത്തെ മതേതരമാക്കി മാറ്റാൻ പ്രളയം കാരണമായി. ഇതിന് അമരക്കാരനായി പ്രവർത്തിച്ച മുഖ്യമന്ത്രിയും മറ്റു സഹമന്ത്രിമാരും, ജീവൻപണയംവച്ച് രക്ഷാപ്രവർത്തനത്തിന് ഇറങ്ങിത്തിരിച്ച മത്സ്യത്തൊഴിലാളികളും മറ്റെല്ലാവരും തന്നെ ലോകത്തിനു മുമ്പിൽ പ്രശംസനീയരാണ്. പ്രളയം മൂലം നവോത്ഥാന കേരളത്തിന് പാത വെട്ടിത്തുറന്ന ഈ അവസരത്തിൽ പരസ്പരം പഴിചാരാതെ കർമ്മോന്മുഖരായി മുന്നേറാം. എല്ലാ ദു:ഖങ്ങൾക്കും ദുരിതങ്ങൾക്കുമിടയിൽ ഒരു നന്മ കരുതിയിട്ടുണ്ടാകുമെന്ന് തീർച്ചയാണ്.

**പി.ആർ. ജോസ്** ചൊവ്വൂർ

## പുനർ നിർമ്മാണം

പ്രളയക്കെടുതികളെ സമർത്ഥമായി നേരിട്ട്, പ്രളയാനന്തര പുനർനിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന കേരള ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് കരുത്തുപകരാൻ തദ്ദേശസ്വയംഭരണ വകുപ്പിന് ചെയ്യാവുന്ന കാര്യങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ലേഖനമായിരുന്നു 'കൈകോർക്കാം പ്രളയാനന്തര പുനർനിർമ്മാണത്തിന്". പ്രളയത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ടുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങളിലൂടെ മാത്രമേ വരുംകാല പ്രകൃതിദുരന്തങ്ങളെ നമുക്ക് അതിജീവിക്കാൻ കഴിയൂ. ലേഖനം പ്രസിദ്ധീകരിച്ച ഗ്രാമഭൂമിക്ക് അഭിനന്ദനങ്ങൾ.

**ജി.എസ്.സുഗതൻ**, അടിമാലി

## ഗ്രാമത്തനിമ

വയനാടിന്റെ തനത് സംസ്കാരം ഇന്നും കാത്തു സൂക്ഷിക്കുന്ന പാക്കം എന്ന ഗോത്ര ഗ്രാമത്തെ വായനക്കാർക്കു പരിചയപ്പെടുത്തിയ 'പാക്കം- കാടിനുള്ളിലെ ഗോത്ര ഗ്രാമം' എന്ന ലേഖനം ഹൃദ്യമായി.പാക്കത്തിന്റെ സവിശേഷതകളെല്ലാം തന്നെ ലളിതമായും ആസ്വാദ്യകരമായും വായനക്കാർക്ക് പകർന്നു നൽകാൻ ആ ലേഖനത്തിനു കഴിഞ്ഞു. ലേഖകനും ഗ്രാമഭൂമിക്കും അഭിനന്ദനങ്ങൾ.

**പി.രഘുനാഥൻ**, കുമരകം







**'ഗ്രാമഭൂമി' ദ്വൈവാർഷിക വരിസംഖ്യ 24 രൂപ**
**തപാലിൽ ലഭിക്കുവാൻ**
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
**മണിയോർഡർ അയയ്ക്കുക** email : ribkerala@gmail.com

*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.*

14
**കവർസ്റ്റോറി**
നവോത്ഥാനം: സാംസ്കാരിക പ്രതിരോധത്തിന്റെ സംഘഗാനം!
ഷിജു ഏലിയാസ്



27
**മാതൃഭാഷ**
പുറപ്പെട്ടു പോകുന്ന മലയാളി
ആർ നന്ദകുമാർ



32
**പദ്ധതി**
കാലാവസ്ഥാവ്യതിയാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും
ടി ഷാഹുൽ ഹമീദ്



19
**കവിത**
മകുടി
പിരപ്പൻകോട് അശോകൻ

36
**കഥ**
കുരുക്കുവഴികൾ
ശിഹാബ് പൂന്തുരുത്തി



34
**ഗ്രാമക്കാഴ്ച**
വെളിയൻ പാടത്ത് ഗോത്രജനതയുടെ കൊയ്ത്തുത്സവം
രമേഷ്കുമാർ വെള്ളമുണ്ട



20
**ഗ്രാമമുദ്ര**
ആറന്മുളയുടെ ഗ്രാമപ്പെരുമ
ഡോ. ആറന്മുള ഹരിഹരപുത്രൻ



# ഇനിയും മുന്നോട്ട്

രണ്ടു കൊല്ലം മുമ്പത്തെ നവംബറിൽ ഇതേ വേദിയിൽ വച്ച് നമ്മൾ ഒരു പ്രതിജ്ഞ എടുത്തതു നിങ്ങൾ ഓർക്കുന്നുണ്ടാകും. നവകേരളം കർമപദ്ധതിയുടെ ഭാഗമായ നാല് മിഷനുകൾ ജനങ്ങളുടെ പൂർണ പങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമയബന്ധിതമായി നടപ്പാക്കുമെന്നും ആറു മേഖലകളിലെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകി പരിഹാരം കാണുമെന്നുമായിരുന്നു ആ പ്രതിജ്ഞ. പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പാർപ്പിടം, ജൈവകൃഷി, ജലവിഭവം, ശുചിത്വ-മാലിന്യ സംസ്കരണം എന്നീ മേഖലകളിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരങ്ങൾ കണ്ടെത്തുമെന്നായിരുന്നു തീരുമാനം.

രണ്ടുവർഷങ്ങൾക്കിപ്പുറം നമ്മൾ വീണ്ടും ഇവിടെ ഒത്തുചേരുകയാണ്. ഈ ഘട്ടം ഒരു ചെറിയ കാലയളവല്ല. അതുകൊണ്ടുതന്നെ മിഷനുകളുടെ ഒരു മധ്യകാല അവലോകം നടത്താനുള്ള ഘട്ടമാണിത്. മിഷന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഘട്ടത്തിലാണ് ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ കാലവർഷക്കെടുതിക്ക് നമ്മുടെ സംസ്ഥാനം ഇരയായത്. ആ പ്രതിസന്ധിയെ മറികടക്കുന്നതിന് നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞത് എല്ലാവരുടേയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്. ഇക്കാര്യത്തിൽ വലിയ പങ്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചത്. പ്രളയത്തിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടി ഇനി തങ്ങളുടെ വീടുകളിൽ താമസിക്കാനാവുമോ എന്ന് ആശങ്കപ്പെട്ടുനിന്ന ജനങ്ങൾക്ക് അതിന് അവസരമൊരുക്കുന്നതിൽ നിങ്ങൾ കാണിച്ച സംഘാടക മികവ് പുനരധിവാസ പ്രവർത്തനത്തിൽ നിർണ്ണായക പങ്കാണ് വഹിച്ചത്. ഇത്തരം വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ നിങ്ങളെയെല്ലാവരെയും അഭിനന്ദിക്കുന്നതിനും ഈ അവസരം ഉപയോഗിക്കട്ടെ.

കേരളം സൃഷ്ടിച്ച നവോത്ഥാനത്തിന്റെയും മതനിരപേക്ഷതയുടെയും സമ്പന്നമായ പാരമ്പര്യമാണ് ഇതിലേക്ക് നയിച്ചതെന്നും കാണാനാവും. നാം യോജിച്ച് നിന്നാൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നതിന്റെ തെളിവു കൂടിയാണ് അത്. ലോകത്തെങ്ങുമുള്ള ജനങ്ങൾ അത്ഭുതത്തോടെ ഈ കൊച്ചു സംസ്ഥാനത്തെ നോക്കികണ്ടതും അതിനാലാണ്. നമ്മുടെ ഈ യോജിപ്പാ



**നവംബർ 27, 28 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന നവകേരളം കർമ്മപദ്ധതി ശില്പശാലയിൽ മുഖ്യമന്ത്രി നടത്തിയ ഉദ്ഘാടന പ്രസംഗം**

ണ് ലോകത്തെമ്പാടുമുള്ള മലയാളികളെയും മനുഷ്യസ്നേഹികളെയും നമ്മുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിന് ഇടയാക്കിയത് എന്നും കാണാം. ആ കൂട്ടായ്മ മുന്നോട്ടു കൊണ്ടുപോയാൽ തീർച്ചയായും മിഷന്റെ കാര്യത്തിൽ നാം നിശ്ചയിച്ച കാഴ്ചപ്പാടുകൾ പ്രാവർത്തികമാക്കാനാവും എന്ന കാര്യത്തിൽ തർക്കമില്ല.

കാലവർഷക്കെടുതി സംസ്ഥാനത്ത് സൃഷ്ടിച്ച പ്രതിസന്ധികൾ പരിഹരിക്കുന്നതിനും നവകേരളം സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിലാണ് സംസ്ഥാനം മുഴുകിയിരിക്കുന്നത്. ഈ പുനർനിർമ്മാണ പ്രക്രിയയുമായി കണ്ണി ചേർത്തു കൊണ്ട് മിഷൻ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകുക എന്ന ഉത്തരവാദിത്തം കൂടി നമുക്ക് നിർവഹിക്കാനുണ്ട്. നമ്മുടെ നാടിന്റെ പാരിസ്ഥിതികമായ സവിശേഷതകളെക്കൂടി ഉൾക്കൊണ്ടുകൊണ്ടുവേണം പുനർനിർമ്മാണ പ്രവർത്തനം നടത്താനെന്നുള്ള പൊതു കാഴ്ചപ്പാട് സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ കൂടി പശ്ചാത്തലത്തിൽ മിഷൻ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സമീപനം നാം സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഹരിതകേരളം പദ്ധതി പോലുള്ള മേഖലയിൽ ഇത്തരത്തിൽ ഒരു കണ്ണിചേർക്കൽ പ്രധാനമാണെന്ന് ഉൾക്കൊണ്ടുകൊണ്ട് ഇടപെടാനും കഴിയണം.

ഈ കാലയളവിൽ നിരവധി നേട്ടങ്ങൾ മിഷനുകളിലൂടെ സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നേട്ടങ്ങളിൽ മാത്രം കേന്ദ്രീകരിച്ചാൽ പോരാ, പോരായ്മകൾ പരിശോധിക്കാൻ കൂടി കഴിയണം. അതോടൊപ്പം നാം നിശ്ചയിച്ച ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങളിൽ മുഴുകുമ്പോൾ തന്നെ പുനർനിർമ്മാണത്തിന്റെ ഘട്ടങ്ങളുമായി ഇതിനെ യോജിപ്പിച്ചുകൊണ്ടു പോകാനും കഴിയേണ്ടതുണ്ട്. ഇതിനായി ഇതുവരെ നടന്ന പ്രവർത്തനങ്ങളുടെ അനുഭവത്തിൽ ഉയർന്നുവരുന്ന പാഠങ്ങൾ പരിശോധിക്കണം. നടത്താനുദ്ദേശിച്ചവയിൽ ഏതൊക്കെ വിജയകരമായി എന്നു മാത്രമല്ല, അവയിൽ ഏതൊക്കെ ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിച്ചില്ല എന്നും വിലയിരുത്തണം. കാര്യകാരണ സഹിതമുള്ള ഇത്തരമൊരു വിലയിരുത്തലിനും തിരുത്തലിനും നമുക്ക് കഴിഞ്ഞാൽ മാത്രമേ നവകേരള സൃഷ്ടി എന്ന സ്വപ്നം സാധ്യമാകൂ.

ഇനിയും നമ്മുടെ മുമ്പിൽ രണ്ടു വർഷക്കാലമുണ്ട്. നമ്മൾ ലക്ഷ്യമിട്ടവ പൂർണമായും നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനാവണം. നവകേരള സൃഷ്ടിക്കുള്ള അടിത്തറകളിലൊന്നാണ് മിഷനുകളെന്ന കാര്യം നാം വിസ്മരിച്ചുകൂടാ. അതുകൊണ്ടു തന്നെ നവകേരള സൃഷ്ടി പ്രാവർത്തികമാക്കുന്നതിന് മിഷനുകളുടെ പ്രവർത്തനം വേഗത്തിലാക്കുക എന്നത് പ്രധാനമാണ്. നഷ്ടപ്പെട്ട കാലങ്ങളെക്കുറിച്ച് വേവലാതിപ്പെടുകയല്ല, മറിച്ച് അതിനെ മറികടക്കുന്ന വിധത്തിൽ നമ്മുടെ പദ്ധതികൾ വേഗത്തിലാക്കാനുള്ള മാർഗങ്ങളാണ് കണ്ടെത്തേണ്ടത്. മിഷനുകളുടെ പ്രവർത്തനം ഏറിയകൂറും നടപ്പാവുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലാണ്. അതുകൊണ്ടു തന്നെ ഓരോ മിഷനും നേതൃത്വം നൽകുന്ന വകുപ്പ് മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനനേതാക്കളുമായി അനുഭവങ്ങൾ പങ്കുവയ്ക്കാൻ കഴിയുക എന്നത് പ്രധാന കാര്യമാണ്. ആ പങ്കിടലിലൂടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ ഒരുമിച്ച് ആലോചിച്ച് രൂപപ്പെടുത്താൻ കഴിയണം.

കേരളത്തിന്റെ വികസന ചരിത്രത്തിൽ ദീർഘവീക്ഷണത്തോടെ നടപ്പാക്കിയ വിവിധ വികസന പദ്ധതികൾ നാഴികക്കല്ലുകളായി അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഭൂപരിഷ്കരണ നടപടികളും ജനകീയവത്ക്കരിച്ച വിദ്യാഭ്യാസ സമ്പ്രദായവും ആരോഗ്യമേഖലയിലെ പരിഷ്കാരങ്ങളും സമ്പൂർണ സാക്ഷരതാ പ്രവർത്തനങ്ങളും ജനകീയാസൂത്രണവും ഒക്കെ ആ നിരയിൽ വരും. ജനങ്ങൾ ആവേശോജ്ജ്വലമായ രീതിയിൽ പങ്കെടുത്ത വികസന പ്രവർത്തനങ്ങളായിരുന്നു അവയൊക്കെ. ലോകശ്രദ്ധ പിടിച്ചുപറ്റിയ വികസന ദൗത്യങ്ങളുടെ ആ നീണ്ട നിരയിൽ ഏറ്റവുമൊടുവിൽ ചേർക്കപ്പെട്ടതാണ് നവകേരളം കർമ്മ പദ്ധതി.

കർഷകർ, ആദിവാസി-ദളിത് വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി വികസനത്തിന്റെ ഗുണഫലങ്ങൾ ഇനിയും പൂർണമായും എത്തപ്പെട്ടിട്ടില്ലാത്ത സാധാരണ ജനവിഭാഗങ്ങളുടെ കൂടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്യപ്പെട്ടവയായിരുന്നു നാല് മിഷനുകളും. മുൻഗണനാടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങളും നിക്ഷേപവും എത്തപ്പെടേണ്ട ആറ് മേഖലകളിലായാണ് നാല് മിഷനുകൾ പ്രവർത്തനം ആരംഭിച്ചത്. കാർഷിക മേഖലയിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ നിശ്ചയിച്ചു. വരൾച്ചയുടെയും വെള്ളപ്പൊക്കത്തിന്റെയും നിരന്തര ഭീഷണി നിലനിൽക്കുന്നയിടങ്ങളിലെ ജലവിഭവ വിനിയോഗം പുന:ക്രമീകരിക്കാൻ നിശ്ചയിച്ചു. ജീവിത സാഹചര്യങ്ങൾ സുഗമമാക്കുന്നതിനായി ശുചിത്വവും മാലിന്യ സംസ്കരണവും ഉറപ്പാക്കുന്നതിന് തീരുമാനിച്ചു. ഈ അടിസ്ഥാന ലക്ഷ്യങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഹരിത കേരളം മിഷൻ രൂപകല്പന ചെയ്തത്.

**നവോത്ഥാന പാരമ്പര്യമുള്ള സംസ്ഥാനത്തിന്റെ നവീകരണത്തിനും പുനർനിർമാണത്തിനുമുള്ള നാന്ദി കുറിച്ചു കൊണ്ടായിരുന്നു മിഷനുകൾ ആരംഭിച്ചത്.**

ലോകോത്തര മാതൃകയായിരുന്ന നമ്മുടെ പൊതുജനാരോഗ്യ രംഗത്ത് ഉയർന്നുവന്ന പുതുതലമുറ പ്രശ്നങ്ങൾക്കൊരു പരിഹാരവും ഭാവിയിലേക്കൊരു കരുതലും എന്ന രീതിയിലായിരുന്നു ആരോഗ്യപരിപാലന രംഗത്ത് ആർദ്രം മിഷൻ ഉയർന്നു വന്നത്. പോയ കാലങ്ങളിൽ നടപ്പാക്കപ്പെട്ട ഭവന വികസന പദ്ധതികളുടെ ഒന്നും തന്നെ പ്രയോജനം ലഭിക്കാതെ പോയ പാർശ്വവൽക്കരിക്കപ്പെട്ട സാധാരണക്കാർക്ക് ജീവിത സാഹചര്യങ്ങളും തൊഴിൽ സാധ്യതകളുമൊക്കെ സമന്വയിക്കുന്ന അന്തസ്സുള്ള പാർപ്പിടങ്ങൾ നൽകുന്നതിനാണ് ലൈഫ് മിഷൻ ഊന്നൽ നൽകിയത്. പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ച് വിവര സാങ്കേതിക വിദ്യയുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ നമ്മുടെ പൊതു വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുക എന്നുള്ളതായിരുന്നു പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ ഊന്നൽ നൽകിയിത്. ജനാധിപത്യ വിദ്യാലയങ്ങളും ജനകീയ വിദ്യാഭ്യാസ മാതൃകയും ലക്ഷ്യമിട്ടിരുന്നു.

സാമൂഹികനീതിയോടെ പ്രാദേശിക സാമ്പത്തിക വികസനം കൈവരിക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് ജനകീയ വികസന നയങ്ങൾ പ്രാബല്യത്തിലാക്കുക, ജനാധിപത്യ സ്ഥാപനങ്ങളെ ശക്തമാക്കുക, ഈ രീതിയിലായിരുന്നു പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തത്. സംസ്ഥാന-തദ്ദേശ സ്വയംഭരണ സ്ഥാപനതല ബഡ്ജറ്റിതര ധനവിഭവങ്ങൾക്കു പുറമെ, പ്രാദേശിക വിഭവസമാഹരണത്തിനും കമ്പനികളുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ടുകൾ വലിയ രീതിയിൽ ആകർഷിക്കുന്നതിനും ഉദ്ദേശ്യമുണ്ടായിരുന്നു. നവോത്ഥാന പാരമ്പര്യമുള്ള സംസ്ഥാനത്തിന്റെ നവീകരണത്തിനും പുനർനിർമാണത്തിനുമുള്ള നാന്ദി കുറിച്ചുകൊണ്ടായിരുന്നു മിഷനുകൾ ആരംഭിച്ചത്.

## ജനകീയാസൂത്രണം

ജനകീയ വികസന നയങ്ങൾ നടപ്പിലാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണെന്നു പറഞ്ഞു. അത് വെറുതെ പറയുന്നതല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ച നയം സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും വികസനാസൂത്രണം തുടരുക എന്നതായിരുന്നു. കേന്ദ്ര സർക്കാർ ആസൂത്രണപ്രക്രിയയെ തന്നെ ഇല്ലാതാക്കുന്ന സമീപനം സ്വീകരിച്ചപ്പോഴാണ് കേരളത്തിലെ ഇടതുപക്ഷ മുന്നണി സർക്കാർ വികസനത്തിന്



ആസൂത്രണം കൂടിയേതീരൂ എന്ന നിലപാടെടുത്തത്. നീതിയുക്തവും സമതുലിതവുമായ വികസനത്തിന് ആസൂത്രണം അത്യന്താപേക്ഷിതമാണ് എന്ന ബോധ്യമാണ് അത്തരമൊരു തീരുമാനമെടുക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്.

ആ സമീപനം ശരിയായിരുന്നു എന്നാണ് കഴിഞ്ഞ രണ്ടുവർഷത്തെ നമ്മുടെ അനുഭവം തെളിയിക്കുന്നത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൊണ്ട് നേടാൻ കഴിയാത്ത പല ലക്ഷ്യങ്ങളും ഇതിനോടകം നമുക്ക് നേടാൻ കഴിഞ്ഞു. ഇതിലേറ്റവും പ്രധാനം ആസൂത്രണം സമയബന്ധിതമാക്കി എന്നതാണ്. മുൻകാലങ്ങളിൽ ഓരോ വർഷവും ഒക്ടോബർ - നവംബർ വരെ നീളുന്ന പദ്ധതിയാസൂത്രണ നടപടിക്രമങ്ങളും പദ്ധതി അംഗീകാരവും മാർച്ച് 31-നകം പൂർത്തിയാക്കാൻ കഴിഞ്ഞുവെന്നത് എടുത്തുപറയേണ്ട നേട്ടമാണ്. ഇതിലൂടെ പദ്ധതി നിർവഹണത്തിന് പന്ത്രണ്ട് മാസം- അതായത് ഒരു വർഷം മുഴുവൻ - ലഭിക്കും എന്ന അവസ്ഥയുണ്ടായി. പദ്ധതി നടത്തിപ്പ് പൊതുവെ മെച്ചപ്പെടുത്താനും ഉയർന്ന പദ്ധതിച്ചെലവ് കൈവരിക്കാനും നമുക്ക് കഴിഞ്ഞു.

2017-18-ൽ 90 ശതമാനത്തിലധികം പദ്ധതിച്ചെലവ് കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞുവെന്നത് ചരിത്രനേട്ടമാണ്. നടപ്പുവർഷം, 2018-19-ൽ ഇന്നുവരെയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് ഏതാണ്ട് 45 ശതമാനമാണ്. പ്രളയമടക്കമുള്ള പ്രതിസന്ധികൾക്കിടയിലാണ് ഈ നേട്ടം എന്നത് നാം ഓർക്കണം. ഇത് ചെറിയ കാര്യമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ 14 ജില്ലകൾക്കും ജില്ലാപദ്ധതി തയ്യാറാക്കാൻ കഴിഞ്ഞു. ഇന്ത്യയിൽ ഈ നേട്ടം കൈവരിക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നത് വിവിധ തട്ടിലുള്ള സർക്കാരുകൾ ഏറ്റെടുക്കുന്ന വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി ഏകോപിപ്പിക്കാനും സംയുക്തമായി ഏറ്റെടുക്കേണ്ട വലിയ പദ്ധതികൾ തയ്യാറാക്കാനും സഹായിക്കുന്നുണ്ട്.

2019-20-ലേക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾത്തന്നെ പ്രാദേശിക തലത്തിൽ പുരോഗമിക്കുകയാണ്. ഡിസംബർ അവസാനത്തോടെ അവ തയ്യാറാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2019-2020 ലും അതിനുശേഷവുമുള്ള വാർഷിക പദ്ധതികളിൽ നവകേരള സൃഷ്ടിക്കുവേണം ഊന്നൽ നൽകാൻ. അതിനായി എല്ലാ മേഖലകളിലും ഉയർന്ന ഗുണനിലവാരമുള്ള പദ്ധതികൾ തയ്യാറാക്കണം. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ആസൂത്രണ മാർഗരേഖയിൽ പങ്ക് വെച്ചിട്ടുള്ള സാധ്യതകളും ആശയങ്ങളും ഉപയോഗിച്ച് ഉയർന്ന ഗുണനിലവാരമുള്ള പദ്ധതികൾ തയ്യാറാക്കണം. അവ കാര്യക്ഷമമായി നടപ്പിലാക്കുകയും വേണം. അവയോടൊപ്പം മിഷനുകൾ കൂടി നടപ്പിലാക്കുമ്പോൾ പ്രാദേശിക വികസനത്തിന്റെയാകെ ഗുണനിലവാരം ഉയർത്താൻ കഴിയും.

## ലൈഫ് മിഷൻ

വിവിധ പദ്ധതികൾ പ്രകാരം സഹായം ലഭിച്ചിട്ടും പലവിധ കാരണങ്ങളാൽ വീട് പണി മുടങ്ങിയ സ്ഥിതി വ്യാപകമായി ഉണ്ട്. കയറി താമസിക്കാൻ സാധിക്കാതെ വന്ന 48,197 ഗുണഭോക്താക്കളെ ലൈഫ് മിഷന്റെ ആഭിമുഖ്യത്തിൽ ഇതിനോടകം സഹായിക്കാനായി. ഇനിയും 5,839 വീടുകൾ പൂർത്തീകരിക്കാനായുണ്ട്. പണം നൽകിയാലും പണി പൂർത്തിയാക്കാൻ ശേഷിയില്ലാത്തവരെ തിരിച്ചറിഞ്ഞ് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പ്രത്യേക സഹായം നൽകേണ്ടിവരും. എങ്കിൽ മാത്രമേ ഈ പ്രവർത്തനം പൂർത്തീകരിച്ചു എന്ന് നമുക്ക് പറയാനാകൂ.

ഭൂമിയുള്ള ഭവനരഹിതർക്ക് വീടു വെക്കാൻ ധനസഹായം നല്കുന്നതിലാണ് ലൈഫ് മിഷൻ ഈ വർഷം ഊന്നൽ നൽകുന്നത്. ഭൂമിയുള്ള ഭവന രഹിതർ 1,84,255 ആണ്. വെറുമൊരു സാങ്കേതിക സർവെ നടത്തി കണ്ടെത്തിയതല്ല ഇത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് പരിശോധിപ്പിച്ച് ഗുണഭോക്തൃ പട്ടിക അന്തിമമാക്കുകയായിരുന്നു. മുമ്പെങ്ങുമുണ്ടാകാത്ത രീതിയിൽ ഉണ്ടായ പ്രളയ ദുരന്തം ഭവന നിർമാണ പ്രവർത്തനങ്ങളിൽ കാലതാമസം വരുത്തിയെങ്കിൽ കൂടി 50,000ത്തോളം വീടുകളുടെ നിർമാണം ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇത് പ്രതികൂല സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ നിന്നു നോക്കിയാൽ ചെറിയ കാര്യമല്ല.

സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് ഏവർക്കും അറിവുള്ളതാണ്. കാലവർഷക്കെടുതി സൃഷ്ടിച്ച പ്രതിസന്ധി വേറെയുമുണ്ട്. ഈ പശ്ചാത്തലത്തിൽ സമയബന്ധിതമായി ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് ഭവനവികസന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ തരപ്പെടുത്തിയാണ് പദ്ധതി പൂർത്തീ




കരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ വിഭാഗത്തിലും തണ്ണീർത്തടം CRZ അനുമതികൾ വേണ്ടവർക്ക് തടസ്സങ്ങൾ നീക്കം ചെയ്തു കൊടുക്കാൻ ജില്ലാ കളക്ടർമാരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഭവന പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ അവ ലൈഫ് മിഷന്റെ പ്രവർത്തനങ്ങളുമായി പൂർണമായും സംയോജിപ്പിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കണം.

സ്വന്തമായി ഭൂമിയില്ലാത്ത ഭവനരഹിതർക്ക് പൈലറ്റ് അടിസ്ഥാനത്തിൽ ജില്ലയിൽ ഒന്ന് എന്ന കണക്കിൽ പൈലറ്റ് ഭവന സമുച്ചയങ്ങൾ നിർമിക്കാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഭവന സമുച്ചയ നിർമാണത്തിനുള്ള അധിക വിഭവ സമാഹരണത്തിന് പ്രാദേശിക സ്പോൺസർഷിപ്പുകൾ കണ്ടെത്താൻ കൂട്ടായ ശ്രമം ആവശ്യമാണ്. ഭവന രഹിതർക്ക് പാർപ്പിടങ്ങൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇനിയും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള അവസാനവട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നേരിട്ട് ശ്രമിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ.

പി.എം.എ.വൈ പദ്ധതിയിൽ നഗരപ്രദേശങ്ങളിൽ പണി പുരോഗമിക്കുന്നതനുസരിച്ച് കേന്ദ്ര ഫണ്ട് വാങ്ങിയെടുത്താൽ മാത്രമേ സംസ്ഥാന വിഹിതം സുഗമമായി ലഭ്യമാക്കാൻ കഴിയൂ. ഭൂരഹിത ഭവന രഹിതർക്ക് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിന് ജില്ലാ കളക്ടർക്ക് ആവശ്യമായ പിന്തുണ നൽകേണ്ടതുണ്ട്. കൂടാതെ ഭവനരഹിതർക്ക് വീടു നിർമ്മിക്കുന്നതിനാവശ്യമായ അനുമതികളും മറ്റും സമയബന്ധിതമായി നൽകുന്നതിനും, തടസ്സങ്ങൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപപനങ്ങൾ ഇടപെടണം

## ആർദ്രം മിഷൻ

ജീവിതശൈലീ രോഗങ്ങളും നിപ്പ പോലുള്ള പുതുതലമുറ സാംക്രമിക രോഗങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ പൊതുജനാരോഗ്യ മേഖലയിൽ നമ്മൾ അഭിമുഖീകരിക്കുന്നു. അവയെ ഫലപ്രദമായി ചെറുക്കുകയും ചെയ്യുന്നു. പൊതുജനാരോഗ്യ സംവിധാനത്തിൽ മാറ്റം വരുത്തിക്കൊണ്ട് സേവനങ്ങൾ ജനസൗഹൃദമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ ഒരു കുതിച്ചുചാട്ടം തന്നെ നടത്താൻ ആർദ്രം മിഷനിലൂടെ നമുക്ക് സാധിച്ചിട്ടുണ്ട്.



തൊഴിൽ നൈപുണ്യവും അർപ്പണ ബോധവും ഒരുമിക്കുന്ന ജീവനക്കാരും സുസജ്ജമായ ഘടനാസംവിധാനവും രോഗീ സൗഹൃദമായ ചികിത്സാ രീതികളും ഇണക്കിക്കൊണ്ട് ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ അത്യന്തം ജനകീയ പങ്കാളിത്തത്തോടെയാണ് ആർദ്രം മിഷൻ പുരോഗമിക്കുന്നത്. ആർദ്രം മിഷന്റെ വിവിധ പ്രവർത്തനം വഴി മുമ്പെങ്ങുമുണ്ടാകാത്ത രീതിയിൽ ഗുണമേന്മ മെച്ചപ്പെട്ടിട്ടുണ്ട്. ഇതിന്റെ പ്രകടമായ ലക്ഷണമാണ് സാധാരണക്കാരെന്നോ സമ്പന്നരെന്നോ ഉള്ള വ്യത്യാസമില്ലാതെ കൂടുതൽ ജനങ്ങൾ സർക്കാർ ആരോഗ്യ സംവിധാനത്തിൽ സേവനങ്ങൾ തേടിയെത്തുന്നത്.

ഈ വർഷം ലക്ഷ്യമിട്ടത് 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ മാറ്റമാണ്. ഇതിൽ 155 എണ്ണവും കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. ഡോക്ടർമാർ, സ്റ്റാഫ് നേഴ്സുമാർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിങ്ങനെ 830 പുതിയ തസ്തികകൾ സൃഷ്ടിച്ച് സേവനം ലഭ്യമാക്കി. കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഒ.പി സേവനം ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണത്തിൽ വർദ്ധനയുണ്ടായതോടൊപ്പം ഉച്ചയ്ക്കു ശേഷം കൂടി ഒ.പി സേവനം ആരംഭിച്ചത് വളരെയധികം സഹായകരമായിട്ടുണ്ട്. സർക്കാർ സഹായമില്ലാതെ തന്നെ 55-ഓളം കേന്ദ്രങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക ഫണ്ടുകളുപയോഗിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയെടുത്തു എന്നത് തീർച്ചയായും പ്രശംസ അർഹിക്കുന്നു. ഓരോ സ്ഥാപനത്തെയും പേരെടുത്ത് പറയുന്നില്ലെങ്കിലും അവയ്ക്കെല്ലാം പ്രത്യേകം പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഇതിനു തുടർച്ചയായി 500-ഓളം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാനാണ് ഉദ്ദേശിക്കുന്നത്.

നമ്മുടെ എട്ട് മെഡിക്കൽ കോളേജുകളിൽ ഒ.പി സംവിധാനം ജനസൗഹൃദമായ തരത്തിൽ പരിവർത്തനം ചെയ്യുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏതാണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. ഡിസംബർ മാസത്തോടെ എല്ലായിടത്തും പ്രവർത്തനങ്ങൾ ആരംഭിക്കാനാകും.

റീജിയണൽ ക്യാൻസർ സെന്ററിൽ നിന്ന് പ്രത്യേക പരിശീലനം ലഭിച്ച ഡോക്ടർമാരെയും സ്റ്റാഫ് നേഴ്സുമാരെയും ഉൾപ്പെടുത്തി ഇരുപതോളം ജില്ലാ ചികിത്സാകേന്ദ്രങ്ങളിലായി 50,000 ത്തോളം രോഗികൾക്ക് കീമോ തെറാപ്പി ചികിത്സ ലഭ്യമാക്കുന്നുണ്ട്. ജില്ലാ ആശുപത്രികളുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ആരംഭിക്കുകയും ഒ.പി ജനസൗഹൃദമാക്കു

ന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുകയുമാണ്. അടിയന്തര ഹൃദ്രോഗ ചികിത്സ ലഭ്യമാക്കുന്നതിന് കാത്ത് ലാബുകളുടെ സേവനം ഉടൻ ആരംഭിക്കും. 44 ആശുപത്രികളിലായി ഡയാലിസിസ് സൗകര്യങ്ങൾ ഡിസംബർ മാസത്തോടെ പൂർണമായും സജ്ജമാകും.

ആർദ്രം മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രദമായി നേടിയെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അധികമായി വേണ്ടിവരുന്ന ഡോക്ടർമാരെയും നേഴ്സുമാരെയും മറ്റ് പാരാമെഡിക്കൽ ഉദ്യോഗസ്ഥരെയും ലഭ്യമാക്കാൻ വാർഷിക പദ്ധതിയിൽ വക കാണണം. ഇവരെ കണ്ടെത്താനും സേവന വ്യവസ്ഥകൾ നിർദ്ദേശിക്കാനും പൊതുജനാരോഗ്യ വകുപ്പിന്റെ സേവനം തേടണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കു താഴെയുള്ള ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും, ആരോഗ്യസേനയും വാർഡുതല കമ്മിറ്റികളും നിയോഗിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ ചെലുത്തണം. ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതുണ്ട്.

താലൂക്ക്, ജില്ലാ ആശുപത്രികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്രമായ ഇടപെടലുകളുണ്ടാകണം. ചെറുതും വലുതുമായ സ്ഥാപനങ്ങളിൽ നിന്ന് സാമൂഹിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കാൻ സഹായം കണ്ടെത്തുന്നതോടൊപ്പം മെച്ചപ്പെട്ട സേവനങ്ങൾ സുസ്ഥിരമായി മുന്നോട്ടുകൊണ്ടു പോകാൻ അവരുടെ തുടർന്നുള്ള സഹായങ്ങളും ഉറപ്പാക്കേണ്ടതുണ്ട്. മരുന്നുകളുടെ ലഭ്യതയിലുണ്ടാകുന്ന കുറവ് പരിഹരിക്കുക, ശുചീകരണ ചുമതലകൾ നിർവഹിക്കുക, അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള സഹായം, വിവിധ തസ്തികകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ വിദഗ്ദ്ധരെ ലഭ്യമാക്കുക തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ തുടർസഹായം ഉറപ്പാക്കിയാൽ മാത്രമേ പ്രവർത്തനങ്ങൾ മെച്ചപ്പെടൂ. ആശുപത്രികളുടെ പൊതുഭരണം ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിൽ തന്നെയാകുമ്പോഴും സഹായം നൽകുന്ന സ്ഥാപനങ്ങളെ ഇത്തരം മേഖലകളിൽ സഹകരിപ്പിക്കുന്നത് ഗുണം ചെയ്യും.

## പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം

നമ്മുടെ കുട്ടികളെ മുഖ്യധാരാ പൊതുവിദ്യാലയങ്ങളിലേക്ക് തിരികെ കൊണ്ടുവരുന്നതിന് മെച്ചപ്പെട്ട സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഗുണമേന്മയുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനു വേണ്ട ശ്രമങ്ങളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമിട്ടത്. പൊതുവിദ്യാലയങ്ങളിൽ 200 പ്രവൃത്തി ദിനങ്ങളും 1000 സാധ്യായ മണിക്കൂറുകളും ഉറപ്പാക്കുന്നതിനായി പ്രത്യേക കർമപരിപാടി അക്കാദമിക് കലണ്ടർ തയ്യാറാക്കി നടപ്പാക്കി വരുന്നു. പ്രകൃതിക്ഷോഭം, സാംക്രമിക രോഗങ്ങൾ തുടങ്ങിയ അപ്രതീക്ഷിത കാരണങ്ങളാൽ വിദ്യാലയങ്ങൾക്ക് അവധി നൽകേണ്ടിവന്ന സാഹചര്യങ്ങളിൽ സാധ്യായ ദിനങ്ങളിലുണ്ടായ കുറവ് പരിഹരിക്കുന്നതിന് സാധ്യമായ രീതിയിൽ ജില്ല തിരിച്ച് നടപടികളെടുക്കുന്നുണ്ട്.

നമ്മുടെ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആദ്യപടിയായി 370 സ്കൂളുകളിൽ അടിസ്ഥാന സൗകര്യവും പശ്ചാത്തല സൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള അഞ്ചുകോടി രൂപയും മൂന്നുകോടി രൂപയും വീതം സർക്കാർ സഹായം ലഭ്യമാക്കുന്ന രണ്ടു പ്രധാന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മെച്ചപ്പെട്ട ക്ലാസ് മുറികൾ, വൃത്തിയുള്ള ശുചിമുറികൾ, പഠന സൗകര്യങ്ങളോടുകൂടിയ ലബോറട്ടറികൾ, വായനശാലകൾ, പഠന കളരികൾ എന്നിവയൊക്കെ ഉൾപ്പെടുന്ന വിദ്യാലയ സമുച്ചയങ്ങൾ ഉയർന്നുവരുന്നു. ഭൗതിക സൗകര്യങ്ങളോടൊപ്പം പഠനബോധന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും വിവിധ രീതികളിൽ ഏർപ്പെടുന്നുണ്ട്.

കുട്ടികളുടെ മികവുകളും പരിമിതികളും വിലയിരുത്തി ന്യൂനതകൾ പരിഹരിക്കാനുള്ള സ്കൂൾ തല അക്കാദമിക് മാസ്റ്റർ പ്ലാൻ സംസ്ഥാനത്തെ 97% പൊതുവിദ്യാലയങ്ങളും പൂർത്തിയാക്കി. എല്ലാ വിദ്യാലയങ്ങളിലേയും എല്ലാ കുട്ടികൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട അഞ്ച് പ്രധാന പ്രവർത്തനങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ഭൂരിഭാഗം സ്കൂളുകളിലും ആരംഭിച്ചു. മാതൃഭാഷയിലും ഇംഗ്ലീഷ് ഭാഷയിലും കുട്ടികളുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന് ഭാഷാനൈപുണി വർദ്ധന പ്രവർത്തനങ്ങൾ, തൊഴിൽ നൈപുണി



പ്രവർത്തനങ്ങൾ എന്നിവയോടൊപ്പം ജീവിത നൈപുണികൾ പകർന്നു നൽകുന്നതിനുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടി മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ നടന്നുവരുന്നു. പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾക്ക് പഠന പി

ന്തുണാ പ്രവർത്തനം നൽകുന്നതിന് ശ്രദ്ധ എന്ന പേരിൽ ഒരു പൊതു പരിപാടി ആരംഭിച്ചിട്ടുമുണ്ട്.

ലാപ്ടോപ്, പ്രൊജക്ടർ തുടങ്ങി ഹൈടെക് ഉപകരണങ്ങൾ സ്ഥാപിച്ച് 43,329 ക്ലാസ് റൂമുകൾ സ്മാർട്ട് ക്ലാസ് റൂമുകളാക്കി സജ്ജീകരിച്ചിട്ടുണ്ട്. പഠന ബോധന പ്രക്രിയ ഹൈടെക് ഉപകരണങ്ങളിലൂടെ സാധ്യമാകുന്നതിന് സമഗ്ര എന്ന പൊതു വിദ്യാഭ്യാസ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. എല്ലാ ക്ലാസുകളിലെയും എല്ലാ വിഷയങ്ങളിലും പഠന നേട്ടങ്ങൾ കൈവരിക്കാൻ ഉതകുന്ന രീതിയിൽ പാഠാസൂത്രണ രേഖകളും ഡിജിറ്റൽ പഠനവിഭവങ്ങളും ഉൾപ്പെടുന്നതാണ് സമഗ്ര പോർട്ടൽ. അധ്യാപകർ ഏതെല്ലാം രീതിയിൽ ഏതെല്ലാം വിഷയങ്ങളിൽ പാഠാസൂത്രണത്തിനും വിഷയാടിസ്ഥാനത്തിലുള്ള ചർച്ചകൾക്കും സമഗ്ര പോർട്ടൽ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് നിർമിതബുദ്ധിയുടെയും മെഷീൻ ലേണിംഗിന്റെയും സാധ്യതകളുപയോഗിച്ച് ഡിജിറ്റലായി തന്നെ സമഗ്രയിലൂടെ ഉറപ്പാക്കാം. കൂടാതെ എ.ഇ.ഒ മാർ, ഡി.ഇ.ഒ മാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ തുടങ്ങിയവർ സ്കൂളുകൾ സന്ദർശിച്ച് അക്കാദമിക് മോണിറ്ററിംഗ് ശക്തമാക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

നമ്മുടെ വിദ്യാലയങ്ങളിൽ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും നവോത്ഥാന പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിനുമുള്ള ജനകീയ വിദ്യാഭ്യാസ മാതൃകയാണ് ഇപ്പോൾ ശക്തമാക്കിക്കൊണ്ടിരിക്കുന്നത്. നവോത്ഥാന മൂല്യങ്ങൾ സംബന്ധിച്ച പാഠങ്ങളും അനുഭവങ്ങളും ചരിത്ര വസ്തുതകളും ക്ലാസ് മുറികളിൽ തന്നെ കുട്ടികൾക്ക് പകർന്നു നൽകണം. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, അധ്യാപക രക്ഷകർത്തൃ സംഘടനകൾ, പൂർവവിദ്യാർത്ഥി സംഘടനകൾ എന്നിവയൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിദ്യാലയങ്ങളുടെ മികവിനായി ഏകോപിച്ച് പ്രവർത്തിക്കുന്ന അവസ്ഥ വന്നിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ജനകീയതലം വിപുലപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടുതലായി ഇടപെടേണ്ടതുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ പണം വിനിയോഗിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപന പരിധിയിലും വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചു പ്രവർത്തിപ്പിക്കുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുമുള്ള അവസരമായി വിദ്യാഭ്യാസ യജ്ഞത്തെ കാണണം.

വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മാർഗരേഖയിൽ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങൾക്കും സമഗ്രശിക്ഷ, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേകമായി നിർദ്ദേശിക്കുന്ന പദ്ധതികൾ എന്നിവയ്ക്കുമാകണം മുൻഗണന നൽകേണ്ടത്. അടുത്ത വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനു മുന്നോടിയായി തദ്ദേശ സ്ഥാപന പരിധിയിലെ വിദ്യാലയങ്ങളുടെ പൊതു അവസ്ഥ, പഠിക്കുന്ന കുട്ടികൾ, വിദ്യാലയ സൗകര്യങ്ങൾ, പി.ടി.എ/എസ്.എം.സി കളുടെ പ്രവർത്തനങ്ങൾ, കലാ-കായിക പ്രതിഭകൾ, കലാകായിക പ്രവർത്തനങ്ങൾക്കും പരിശീലനങ്ങൾക്കുമുള്ള സൗകര്യങ്ങൾ, തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഒരു അവസ്ഥാ പഠന റിപ്പോർട്ട് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ വയ്ക്കണം.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന പിന്നോക്കം നിൽക്കുന്ന ഒരു വിദ്യാലയം തെരഞ്ഞെടുത്ത് സംരക്ഷിക്കുന്നതിനും അവിടുത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള കർമപദ്ധതി ഉണ്ടാക്കി നടപ്പാക്കണം. ഇതിന് തടസ്സം നിൽക്കുന്ന ഘടകങ്ങൾ ദൂരീകരിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെയും അധ്യാപകരുടേയും മറ്റ് ജനകീയ സമിതികളുടേയും സഹായം തേടണം. വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടത്തുന്ന മികവുത്സവങ്ങൾക്ക് നേതൃത്വം നൽകാനും അവ ജനകീയമാക്കിയെടുക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കണം. നമ്മുടെ സ്കൂളുകൾ വികസിപ്പിക്കുന്നതിനും കുട്ടികൾക്ക് ഏറ്റവും മികച്ച പഠന സൗകര്യങ്ങൾ ഒരുക്കുന്നതിനും വമ്പിച്ച രീതിയിൽ പ്രാദേശിക വിഭവ സമാഹരണം നടത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും.

## ഹരിതകേരളം മിഷൻ

ഏകോപനത്തിലൂടെ അനന്ത വികസന സാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് ശുചിത്വമാലിന്യ സംസ്കരണം, ജലവിഭവ വികസനം, കാർഷിക മേഖല എന്നിവ സംയോജിപ്പിച്ചുകൊണ്ട് ഹരിതകേരളം മിഷൻ രൂപകൽപന ചെയ്തതും പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതും. മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന കാമ്പയിൻ ഓരോ പൗരനും സമൂഹവും മാലിന്യ സംസ്കരണത്തിനുവേണ്ടി പ്രവർത്തിക്കണമെന്ന സന്ദേശം നാടെങ്ങുമെത്തിച്ചു. ഉത്തരവാദിത്ത മാലിന്യ പരിപാലന രീതികൾ സ്വഭാവത്തിൽ വരുത്തുന്നതിനും ശീലമാക്കുന്നതിനും ജനങ്ങളിൽ അനുകൂല മനോഭാവം സൃഷ്ടിക്കാൻ സാധിച്ചു. പൊതു ചടങ്ങുകളിലും ആഘോഷങ്ങളിലും മാത്രമല്ല വിവാഹം പോലുള്ള സ്വകാര്യ ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പ്രാവർത്തികമാക്കി. ഇതിനോടകം വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ സുസ്ഥിരമാക്കേണ്ടതുണ്ട്. അടിയന്തര പ്രാധാന്യമുള്ളവയും ഉറവിട സംസ്കരണം സാധ്യമല്ലാത്തതുമായ പ്രദേശങ്ങളിൽ കേന്ദ്രീകൃത സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.


ശുചിത്വ മാലിന്യ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. ഓരോ പ്രദേശത്തിന്റെയും അവസ്ഥയും സാധ്യതകളും പരിമിതികളും ആവശ്യങ്ങളും തിട്ടപ്പെടുത്തി സമഗ്ര പദ്ധതികളുണ്ടാക്കി നടപ്പാക്കണം. പദ്ധതി വിഹിതത്തിന്റെ 10% ശുചിത്വ-മാലിന്യ നിർമാർജന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ പ്രശ്നപരിഹാരം ഉറപ്പാക്കുന്ന രീതിയിൽ വിനിയോഗിക്കാനാവണം. സാങ്കേതിക സേവനങ്ങളും പിന്തുണാ സൗ

കര്യങ്ങളും ഏർപ്പെടുത്തുന്നതിന് ശ്രമിക്കേണ്ടതുണ്ട്. പ്രവർത്തനങ്ങളുടെ മേൽനോട്ടം സംബന്ധിച്ചും ഗുണമേന്മ ഉറപ്പുവരുത്തുന്ന കാര്യത്തിലും യാതൊരു വിട്ടുവീഴ്ചയും അനുവദിക്കരുത്. മെറ്റീരിയൽ കളക്ഷൻ സംവിധാനങ്ങൾ, റിസോഴ്സ് റിക്കവറി സംവിധാനങ്ങൾ എന്നിവ സജ്ജമാക്കണം. ഹോട്ടലുകൾ, ഓഡിറ്റോറിയങ്ങൾ, പൊതുമാർക്കറ്റുകൾ തുടങ്ങിയവകൾ പ്രത്യേക സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. കൂടാതെ പരിസര ശുചിത്വം സംബന്ധിച്ച നിയമങ്ങൾ കർശനമായി നടപ്പിലാക്കാൻ നടപടികളുമെടുക്കണം.

കുളങ്ങൾ, കിണറുകൾ തുടങ്ങി ഉറവകളും അരുവികളും സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമാണ് ആദ്യ ഘട്ടങ്ങളിൽ ജലവിഭവ വികസന പ്രവർത്തനങ്ങളിൽ ഊന്നൽ നൽകിയത്. സംസ്ഥാനത്തെ 778 ഗ്രാമപഞ്ചായത്തുകളിലും 18 ബ്ലോക്ക് പഞ്ചായത്തുകളിലും 63 മുൻസിപ്പാലിറ്റികളിലും 2 കോർപ്പറേഷനുകളിലുമായി നീർത്തടാധിഷ്ഠിത ജലസംരക്ഷണ മാസ്റ്റർ പ്ലാനുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത ഘട്ടങ്ങളിൽ നടപ്പാക്കുന്ന നദീശുചീകരണ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വികസിപ്പിച്ചെടുത്ത ജലസ്രോതസ്സുകൾക്കു ചുറ്റും കൃഷി വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകണം. അംഗീകരിക്കപ്പെട്ട മാസ്റ്റർ പ്ലാനുകളിൽ ഉൾപ്പെടുന്ന ജലവിഭവ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പദ്ധതികൾ തയ്യാറാക്കാനും ആയവ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനും സാധിക്കണം.

വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ് ഉൾപ്പെടെയുള്ള ജൈവ വളങ്ങൾ ശേഖരിക്കുന്നതിനും സമ്പുഷ്ടീകരിക്കുന്നതിനും ജൈവ കർഷകർക്ക് വിതരണം ചെയ്യുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. തരിശിട്ടിരുന്ന 2.2 ലക്ഷം ഹെക്ടർ കൃഷിയിടങ്ങളിൽ നെൽകൃഷി നടത്താൻ ഇതിനോടകം സാധിച്ചു. 70,000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും 2.87 കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനുമായി. പച്ചക്കറി കൃഷിയിൽ ഉത്സവകാലങ്ങളിലുൾപ്പെടെ സ്വയം പര്യാപ്തത കൈവരിക്കാനായി.



ഓരോരുത്തരുടേയും പ്രദേശങ്ങൾ തരിശു രഹിത പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം. കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും വിപണന സൗകര്യങ്ങളൊരുക്കുന്നതിനും പ്രദേശത്തെ സഹകരണ ബാങ്കുകളുടെ കൂടി സഹായം തേടിക്കൊണ്ട് പദ്ധതികൾ ഏറ്റെടുക്കണം. ഒരു തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തിന് ഒരൊറ്റ ഏകീകൃത കാർഷിക വികസന-ശുചിത്വ മാലിന്യ സംസ്കരണ- ജലവിഭവ വികസന പദ്ധതി തയ്യാറാക്കി നടപ്പാക്കാനാണ് ശ്രദ്ധ ചെലുത്തേണ്ടത്.

നവകേരളം കർമപദ്ധതിയുടെ ആരംഭത്തിൽ നമ്മൾ വിഭാവനം ചെയ്ത ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പാതയിൽ തന്നെയാണ് പ്രവർത്തനങ്ങൾ പൊതുവിൽ നീങ്ങിയിട്ടുള്ളത്.

കഴിഞ്ഞ രണ്ടു വർഷക്കാലം നാം നിശ്ചയിച്ച ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകളാണല്ലോ നാം കൂട്ടായി നടത്തിയത്. ആ അനുഭവങ്ങളിൽ നിന്ന് നമ്മളേറെ മനസ്സിലാക്കിയിട്ടുണ്ട്. ജനങ്ങളുമായി നേരിട്ട് ഇടപെട്ട് പദ്ധതി നടപ്പിലാക്കുന്ന നിങ്ങളുടെ അഭിപ്രായം ഇതിന്റെ മുന്നോട്ട് പോക്കിന് ഏറെ പ്രധാനമാണെന്ന് തിരിച്ചറിയണം. അതുകൊണ്ട് അനുഭവങ്ങളിൽ നിന്ന് നിങ്ങളാർജ്ജിച്ച കാഴ്ചപ്പാടുകൾ ഇവിടെ പങ്കുവയ്ക്കാൻ തയ്യാറവണം. അത് നിങ്ങളുടെ സംശയങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ മാത്രമല്ല മറ്റുള്ളവരുടെ പ്രവർത്തനങ്ങളെ ക്രിയാത്മകമായി മുന്നോട്ടുനയിക്കുന്നതിനും സഹായകമായിത്തീരും.

കർമപദ്ധതി വിഭാവനം ചെയ്ത സമയപരിധി പൂർത്തിയാക്കാൻ രണ്ടു വർഷം കൂടി നമ്മുടെ മുന്നിലുണ്ട്. ഈ കാലയളവിനുള്ളിൽ തന്നെ ലക്ഷ്യങ്ങൾ നേടാൻ മാത്രമല്ല, അതിനപ്പുറത്തേക്ക് വികസിക്കാനുള്ള തരത്തിലുള്ള ഇടപെടലുണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രവർത്തനാനുഭവങ്ങളും ഉയന്നുവരുന്ന വെല്ലുവിളികളും കണക്കിലെടുത്ത് ത്വരിതഗതിയിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുവേണ്ടി നമുക്കേവർക്കും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ ഈ കൂട്ടായ്മ ഈ പ്രവർത്തനത്തിന്റെ ഭാഗമായി നാം നേടിയ നേട്ടങ്ങളെ മുറുകെപ്പിടിക്കുന്നതിനും കോട്ടങ്ങളെ പരിഹരിക്കുന്നതിനുമുള്ള പാഠശാലയായി തീരുമെന്ന കാര്യത്തിൽ എനിക്കുറപ്പുണ്ട്.●

# നവോത്ഥാനം



## സാംസ്കാരിക പ്രതിരോധത്തിന്റെ സംഘഗാനം!

ഷിജു ഏലിയാസ്

ഇറ്റാലിയൻ നവോത്ഥാന നായകൻമാരിൽ പ്രമുഖനായ പെട്രാർക്ക് പൗരാണിക യുഗം, അപചയഘട്ടം, നവയുഗം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളായി യൂറോപ്പിന്റെ ചരിത്രത്തെ വ്യാഖ്യാനിക്കുകയുണ്ടായി. കോൺസ്റ്റാന്റയിൻ ചക്രവർത്തിയുടെ കാലത്ത് ക്രിസ്തുമതം റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി മാറിയതിനു ശേഷം ശക്തി പ്രാപിച്ച പൗരോഹിത്യം യൂറോപ്യൻ ജീവിതത്തെ അന്ധകാരത്തിലേക്ക് തള്ളിവിട്ടതായി പെട്രാർക്ക് നിരീക്ഷിച്ചു. ക്രിസ്തീയാധീശത്വത്തിനു മുമ്പുള്ള ഗ്രീക്ക്-റോമൻ ജീവിതത്തിന്റെ സ്വാച്ഛന്ത്യവും ചാരുതയും തിരിച്ചു കൊണ്ടു വരേണ്ടതാണെന്ന് പെട്രാർക്കും മറ്റു നവോത്ഥാന നായകൻമാരും കരുതി. യൂറോപ്പിനെ അന്ധകാര യുഗത്തിലേക്ക് തള്ളിവിട്ടതിൽ ക്രിസ്തുവിനോ ക്രിസ്തു ശിഷ്യൻമാർക്കോ ആദ്യകാല ആത്മീയാചാര്യൻമാരായ പുണ്യവാളൻമാർക്കോ പങ്കുള്ളതായി അവർ കരുതിയില്ല. എന്നാൽ, ക്രിസ്തുവിന്റെയും ബൈബിളിന്റെയും പേരു പറഞ്ഞ് ജനങ്ങളെ സ്വാധീനിക്കുകയും സ്വാർത്ഥതാൽപര്യങ്ങൾക്ക് വിശ്വാസത്തെ പരിചയാക്കുകയും ചെയ്ത ക്രിസ്തുമത പൗരോഹിത്യം അദ്ദേഹത്തിന്റെ നിശിത വിമർശനത്തിന് പാത്രമായി. നവോത്ഥാനം യൂറോപ്പിന് സംഭാവന ചെയ്ത ക്രിയാത്മക മതവിമർശ

**വാസ്തവത്തിൽ, നവോത്ഥാനം ഒരു ലക്ഷ്യമല്ല. കൂടുതൽ മികച്ച ജീവിതാവസ്ഥകളിലേക്ക് വികസിക്കാൻ ആഗ്രഹിക്കുന്ന സമൂഹങ്ങൾ, ചരിത്രത്തിന്റെ സവിശേഷ ദശാസന്ധികളിൽ പ്രകടിപ്പിക്കുന്ന സാംസ്കാരികമായ ഉണർവ്വാണ്.**

നത്തിന്റെ ആശയ പശ്ചാത്തലമായി ഈ വിശകലനം മാറി. നവോത്ഥാനം പോപ്പിന്റെയും കർദ്ദിനാൾമാരുടെയും തടവറയിൽ നിന്ന് ക്രിസ്തുവിനെയും ക്രിസ്തുശിഷ്യൻമാരെയും മോചിപ്പിച്ചു എന്ന് പറയുന്നത് ഈ അർത്ഥത്തിലാണ്. നവോത്ഥാനാനന്തര യൂറോപ്പ് ജ്ഞാനോദയത്തിലേക്കും, ശാസ്ത്ര സാങ്കേതിക വിപ്ലവത്തിലേക്കും, അവിടെ നിന്ന്, ആധുനിക പൗരസമൂഹത്തിന്റെ വികാസത്തിലേക്കും പടിപടിയായി മുന്നേറി.

മധ്യകാല യൂറോപ്യൻ ജീവിതത്തെ അന്ധകാരമയമാക്കിയത് ക്രിസ്തീയ മത പൗരോഹിത്യമായിരുന്നെങ്കിൽ, നാടുവാഴിത്തം കൊടികുത്തി വാണ ഇന്ത്യയിൽ അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിതം ദുസ്സഹമാക്കിയത് ബ്രാഹ്മണാധിപത്യവും ജാതി ഘടനയുമായിരുന്നു. ഇന്ത്യൻ നവോത്ഥാനം ഫ്യൂഡൽ പുരുഷാധിപത്യ മൂല്യങ്ങൾക്കും അതിന് അരുനിൽക്കുന്ന അധികാര ബന്ധങ്ങൾക്കും എതിരായ സാംസ്കാരിക മുന്നേറ്റമായിരുന്നു.

കൽപ്പാന്തകാലത്തോളം മാറ്റമില്ലാതെ നിൽക്കുമെന്ന് കരുതപ്പെട്ട ആചാരങ്ങളെയും വഴക്കങ്ങളെയും നവോത്ഥാനം ലംഘിച്ചു. മതദർശനങ്ങളെ യുക്തിയുടെ വെളിച്ചത്തിൽ വ്യാഖ്യാനിക്കാൻ കഴിയുമെന്ന് നവോത്ഥാന കാലത്തെ ആത്മീയാചാര്യൻമാർ തെളിയിച്ചു. മതവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ അത് മനുഷ്യന് അനുകൂലമായി പുനർനിർവചിച്ചു. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും നീരാളിപ്പിടുത്തത്തിൽ നിന്ന് നവോത്ഥാന കാലത്തെ മനുഷ്യർ ജീവിതത്തിന്റെ അന്തസ് തിരിച്ചു പിടിച്ചു. ഇന്ത്യയുടെ നവോത്ഥാന ചരിത്രത്തിൽ കേരളത്തിലെ വിമോചന മുന്നേറ്റങ്ങൾക്ക് സവിശേഷ സ്ഥാനമുണ്ട്. രാജ്യത്തിന്റെ പല ഭാഗങ്ങളിലും നവോത്ഥാനം സവർണ്ണ സമുദായങ്ങൾക്കുള്ളിലെ ആചാര പരിഷ്കരണങ്ങളായി ഒതുങ്ങിയപ്പോൾ, അതിൽ നിന്ന് വ്യത്യസ്തമായി, സവർണ്ണാധിപത്യത്തിനും പുരുഷ മേൽക്കോയ്മയ്ക്കും എതിരായ ശക്തമായ സമരങ്ങൾ കേരളത്തിൽ ഉയർന്നു വന്നു. അതിന്റെ തുടർച്ചയിലാണ് കേരളത്തിൽ ആധുനിക പൗരജീവിതം സാധ്യമായത്. നവോത്ഥാനം കേരളത്തിന്റെ സാംസ്കാരിക ഭൂമികയിൽ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിച്ചു.



നവോത്ഥാനം കേരള സമൂഹത്തിലെ അധികാര ബന്ധങ്ങളെ പുനർനിർമിച്ചു. ജന്മിയും കുടിയാനും, സവർണ്ണനും കീഴാളനും, പുരോഹിതനും വിശ്വാസിയും, ജൻമിയും കർഷകനും, സ്ത്രീയും പുരുഷനും, ഭാര്യയും ഭർത്താവും, തൊഴിലാളിയും തൊഴിലുടമയും, അമ്മാവനും മരുമകനും -- എന്നിങ്ങനെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും വ്യക്തിയും വ്യക്തിയും തമ്മിലുള്ള ബന്ധങ്ങൾ പൊളിച്ചെഴുതപ്പെട്ടു. കേരളത്തിന്റെ സമൂഹ മനസ് പുതിയ മൂല്യങ്ങളിലേക്ക് തുറക്കപ്പെട്ടു.

നവോത്ഥാനം മതങ്ങളെ പരിഷ്കരിച്ചു. തലമുറകൾ കൈമാറിപ്പോന്ന ആചാരങ്ങളെയും വിശ്വാസങ്ങളെയും ഉപ്പുതൊടാതെ വിഴുങ്ങുന്നതിനെതിരെ നവോത്ഥാന നായകൻമാർ ജനങ്ങളെ താക്കീത് ചെയ്തു. ആചാരങ്ങൾ മനുഷ്യനു വേണ്ടിയാവണമെന്നും മനുഷ്യന്റെ അന്തസിനു നിരക്കാത്ത ആചാരാനുഷ്ഠാനങ്ങൾ മാറേണ്ടതാണെന്നും അവർ പഠിപ്പിച്ചു. ചട്ടമ്പിസ്വാമികളുടെ അദ്വൈതചിന്താപദ്ധതി എന്ന ഗ്രന്ഥത്തിൽ അന്നു നടന്ന ഹൈന്ദവ മത ദാർശനിക സംവാദങ്ങളുടെ രത്നച്ചുരുക്കം കാണാം. നവോത്ഥാനത്തിന്റെ തുടക്കത്തിൽ മതത്തെയാണ് യാഥാസ്ഥിതികർ കവചമാക്കിയതെങ്കിൽ, പിന്നീട് മതം പോലും അവരെ കൈവിട്ടു. ശാസ്ത്രയുഗത്തിൽ നിലനിൽക്കാൻ അർഹതയുള്ള മതത്തിന്റെ രൂപരേഖ ശ്രീനാരായണ ഗുരുവിന്റെ പ്രബോധനങ്ങളിൽ കണ്ടെത്താം. ശ്രീനാരായണ ശ്ലോകങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് നടരാജഗുരു രചിച്ച പ്രൗഢ ഗ്രന്ഥങ്ങളിൽ (Integrated Science of the Absolutist മുതലായവ) പുതിയ കാലത്തെ ആത്മീയതയുടെ തിളക്കം കാണാം. ഹിന്ദു മതത്തിൽ മാത്രമല്ല, ഇസ്ലാമിക-ക്രൈസ്തവ മതങ്ങളിലും ഇതു പോലുള്ള മാറ്റങ്ങളുണ്ടായി. മതമൂല്യങ്ങളെയും പുരോഗമന രാഷ്ട്രീയത്തെയും കൂട്ടി വിളക്കുന്ന വിമോചന ദൈവശാസ്ത്രം കാൽ നൂറ്റാണ്ടു മുമ്പുവരെ കേരളത്തിലെ ക്രിസ്തീയ സഭകളിൽ സജീവ ചർച്ചയായിരുന്നു.

കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു ആധുനിക പൗരസമൂഹത്തിന്റെ രംഗപ്രവേശം വിളംബരം ചെയ്തത് നവോത്ഥാനമാണ്. ജാതി വാഴ്ചയുടെ സ്ഥാനത്ത് ജനാധിപത്യ കേരളം സാധ്യമാണെന്ന് നവോത്ഥാനം പ്രഖ്യാപിച്ചു. ഒരർത്ഥത്തിൽ, കേരളത്തിൽ പുരോഗമന രാഷ്ട്രീയ പ്രവർത്തനം സാധ്യമാക്കിയത് നവോത്ഥാനമാണ്. നവോത്ഥാനത്തിനു തുടർച്ച നൽകിയത് മത നിരപേക്ഷ മൂല്യങ്ങൾ ഉൾക്കൊണ്ട ആധുനിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനവും.

കുട്ടികൾ പാഠപുസ്തകങ്ങളിൽ വായിക്കുന്ന നവോത്ഥാന നായകൻമാർ നമുക്ക് പരിചയമില്ലാത്ത



**സി. കേശവൻ മുതൽ സഹോദരൻ അയ്യപ്പൻ വരെയുള്ള നവോത്ഥാന നായകൻമാർ ജനമനസ്സുകളിൽ വേരുകളുള്ള രാഷ്ട്രീയ നേതാക്കൾ കൂടിയായിരുന്നു. രാഷ്ട്രീയ നായകൻമാരായി മനസ്സിലാക്കപ്പെടുന്ന കെ. കേളപ്പൻ, എ.കെ.ഗോപാലൻ, പി.കൃഷ്ണപിള്ള, ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് മുതലായവർ കിടയറ്റ സാമൂഹിക പരിഷ്കർത്താക്കളായിരുന്നു.**

ഏതോ യുഗത്തിൽ ജീവിച്ചവരാണെന്നും, ചെയ്യാനുള്ളത് അൽപം പോലും ബാക്കി വയ്ക്കാതെ, അവതാരലക്ഷ്യം പൂർത്തീകരിച്ച് സമാധിയായ അവതാര പുരുഷൻമാരാണെന്നും കരുതരുത്. സി. കേശവൻ മുതൽ സഹോദരൻ അയ്യപ്പൻ വരെയുള്ള നവോത്ഥാന നായകൻമാർ ജനമനസ്സുകളിൽ വേരുകളുള്ള രാഷ്ട്രീയ നേതാക്കൾ കൂടിയായിരുന്നു. രാഷ്ട്രീയ നായകൻമാരായി മനസ്സിലാക്കപ്പെടുന്ന കെ. കേളപ്പൻ, എ.കെ.ഗോപാലൻ, പി.കൃഷ്ണപിള്ള, ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് മുതലായവർ കിടയറ്റ സാമൂഹിക പരിഷ്കർത്താക്കളായിരുന്നു. നവോത്ഥാന ചരിത്രത്തിൽ, ജ്ഞാനികളായ ആത്മീയാചാര്യൻമാരുടെയും ചിന്തകൻമാരുടെയും സ്ഥാനം വലുതാണ്. അതിന്റെ തുടർച്ചയിലും അവർക്കും സാമൂഹ്യ പരിഷ്കർത്താക്കൾക്കും പ്രധാന പങ്കുണ്ട്. ഇപ്പോൾ ചിലർ വിവാദമാക്കാൻ ശ്രമിക്കുന്ന ശബരിമല സ്ത്രീ പ്രവേശന വിഷയത്തിൽ, കാൽ നൂറ്റാണ്ടു മുൻപേ, സുചിന്തിതമായ നിലപാടുകൾ വെട്ടിത്തുറന്നു പറയാൻ ഗുരു നിത്യചൈതന്യയതിയടക്കമുള്ള ആചാര്യൻമാർ തയ്യാറായെന്നത് മറന്നുകൂടാ.

നവോത്ഥാന നായകൻമാരെ ദൈവങ്ങളാക്കി ആരാധിക്കുന്ന രീതി നവോത്ഥാനത്തിനെതിരെ രൂപപ്പെട്ട പുനരുത്ഥാനവാദത്തിന്റെ ഭാഗമാണ്. നവോത്ഥാന ആശയങ്ങളെ നിഷേധിച്ചവർ തന്നെ, മറുവശത്ത്, നവോത്ഥാന നായകരെ പൂജാവിഗ്രഹങ്ങളാക്കി. വാസ്തവത്തിൽ, നവോത്ഥാനം ഒരു ലക്ഷ്യമല്ല. കൂടുതൽ മികച്ച ജീവിതാവസ്ഥകളിലേക്ക് വികസിക്കാൻ ആഗ്രഹിക്കുന്ന സമൂഹങ്ങൾ, ചരിത്രത്തിന്റെ സവിശേഷ ദശാസന്ധികളിൽ പ്രകടിപ്പിക്കുന്ന സാംസ്കാരികമായ ഉണർവ്വാണ്. ജാതി ചിന്തയടക്കമുള്ള ഫ്യൂഡൽ മൂല്യങ്ങളും പുരുഷാധിപത്യവും നിലനിൽക്കുന്ന കാലത്തോളം കേരളീയ നവോത്ഥാനം പൂർത്തിയായി എന്നു പറയാനാവില്ല. നവോത്ഥാന കേരളം പടിക്കു പുറത്താക്കിയ പിന്തിരിപ്പൻ മൂല്യങ്ങൾ ഇന്ന് പ്രച്ഛന്ന രൂപങ്ങളിൽ തിരിച്ചെത്തുകയാണ്. ജാതിയും മതവും തിരിച്ച് ചിന്തിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും, ആ ഭിന്നിപ്പിന്റെ പഴുതുകളിലൂടെ, ജാതി ജന്മി നാടുവാഴിത്ത മൂല്യങ്ങളെ പുനരാനയിക്കുകയുമാണ് പുനരുത്ഥാനവാദികളുടെ രീതി. ഇന്നത്തെ കേരളത്തിൽ ജന്മി-കുടിയാൻ ബന്ധങ്ങൾ തിരിച്ചു കൊണ്ടുവരാൻ കഴിയില്ലെന്ന ബോധ്യം അവർക്കുണ്ട്. എന്നാൽ, ജന്മിവാഴ്ചയുടെ കാലം സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും കാലമായിരുന്നുവെന്നും, ജനാധിപത്യം വന്നതോടുകൂടി എല്ലാം നശിച്ച് നാനാവിധമായെ



ന്നും സ്ഥാപിക്കാൻ അവർക്കു കഴിയും. പഴയ ജാതി ബന്ധങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ അതേപടി പുനഃസ്ഥാപിക്കാൻ കഴിയുമെന്ന് ഏറ്റവും കടുത്ത ജാതിവാദികൾ പോലും കരുതുന്നില്ല. എന്നാൽ, ഹൈന്ദവ ദർശനം ജാതിക്കെതിരാണെന്നും, ജാതി പിന്നീടുണ്ടായ ദുരാചാരമാണെന്നും ജാതി ഇല്ലാതാക്കി സമുദായത്തെ പരിഷ്കരിച്ചത് സവർണ ജാതിക്കാരായ മഹാൻമാർ തന്നെയാണെന്നും നവോത്ഥാനം അവരുടെ ധിഷണയിൽ വിരിഞ്ഞ ആകാശകുസുമമാണെന്നും സ്ഥാപിക്കാൻ അഭിനവ ജാതിവാദികൾക്കാവും. സവർണരായ സാമൂഹ്യ പരിഷ്കർത്താക്കൾ അസ്പൃശ്യ സമുദായക്കാർക്ക് നൽകിയ ഔദാര്യങ്ങളുടെ ആകത്തുകയായി നവോത്ഥാനത്തെ ചുരുക്കിക്കെട്ടാനാണ് അവർ ശ്രമിക്കുന്നത്. കേരളത്തിലെ സ്ത്രീ സമൂഹം ഇന്നും ലിംഗവിവേചനത്തിന്റെ തടവറയിൽ തന്നെയാണ്. ഫ്യൂഡൽ യുഗത്തിലെ കുലസ്ത്രീ സങ്കൽപ്പമാണ് ഇന്നും ശരാശരി മലയാളി വച്ചു പുലർത്തുന്നത്. പരമ്പരാഗതമായ ശുദ്ധി - അശുദ്ധി സങ്കൽപ്പങ്ങളുടെ തടവിൽ നിന്ന് ശരാശരി മലയാളി സ്ത്രീ ഇനിയും മോചനം നേടിയിട്ടില്ല. ആർത്തവം അശുദ്ധിയാണ് എന്ന പഴയ വാദം കൂടുതൽ കടുപ്പിക്കുന്നതിലും, ഒരു പടി കൂടി കടന്ന്, ആർത്തവമുള്ള പ്രായം അശുദ്ധിയുടെ പ്രായമാണെന്ന് വരുത്തി ഒരു ചെറിയ വിഭാഗത്തെ കൂടെ നിർത്തുന്നതിലും അവർ വിജയിച്ചിരിക്കുന്നു. ആശയപരമായ സങ്കീർണതകൾ മാറ്റി വച്ചാൽ, സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ ബഹുഭൂരിപക്ഷവും സ്ത്രീയുടെ പൗരാവകാശങ്ങളെ ആദരിക്കാൻ തയ്യാറുള്ളവരാണ്. കടുത്ത 'വിശ്വാസി'ക്കും ശരാശരി 'കുലസ്ത്രീ'ക്കും പോലും സ്വീകാര്യമല്ലാത്ത സ്ത്രീവിരുദ്ധ ആശയങ്ങൾക്കു വേണ്ടി സ്ത്രീകളടക്കമുള്ള ഒരു വിഭാഗം തെരുവിലിറങ്ങിയത് സമീപകാലത്താണ്. ഫ്യൂഡൽ മൂല്യങ്ങൾ പുതിയ രൂപത്തിൽ തിരിച്ചു കൊണ്ടുവരുന്നതിനെതിരെ ജാഗ്രത പാലിക്കാനാണ് മുഖ്യമന്ത്രി പിണറായി വിജയൻ കേരളീയ സമൂഹത്തോട് ആഹ്വാനം ചെയ്തിരിക്കുന്നത്. നവോത്ഥാന മൂല്യങ്ങൾക്ക് ഒപ്പമാണെന്ന് വാക്കു കൊണ്ടും പ്രവൃത്തി കൊണ്ടും തെളിയിക്കുന്ന സർക്കാർ, പൗരാവകാശങ്ങളും തുല്യതയും നിഷേധിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് നൽകുന്ന ആവേശവും ആത്മവിശ്വാസവും ചെറുതല്ല. നവോത്ഥാനത്തെ മുന്നോട്ടു കൊണ്ടുപോവുക എന്നത് ജനാധിപത്യ പ്രസ്ഥാനങ്ങളുടെ രാഷ്ട്രീയവും സാംസ്കാരികവുമായ കടമയാണ്. നവോത്ഥാനാശയങ്ങൾ സംരക്ഷിക്കുന്നതിനുള്ള 'വനിതാമതിലി'ന് തുറന്ന പിന്തുണ നൽകുന്നതിലൂടെ സർക്കാർ ഏറ്റെടുത്തതും അതേ കടമയാണ്.




നവോത്ഥാനമെന്നത് കേവലം ആശയസംവാദങ്ങളുടെ കാര്യമല്ല. ജനങ്ങളുടെ യഥാർത്ഥ ജീവിതമാണ് നവോത്ഥാനത്തിന്റെ ഭൂമിക. നവോത്ഥാന സംവാദത്തിൽ ആചാരങ്ങളും വിശ്വാസങ്ങളും പ്രത്യക്ഷപ്പെടുന്നത് യഥാർത്ഥ ജീവിതത്തിൽ നടക്കുന്ന സംഘർഷങ്ങളുടെ പ്രതീകാത്മക ഭാവത്തിലാണ്. മഹാനുഭാവൻമാരായ പരിഷ്കർത്താക്കളുടെ ജ്ഞാനദൃഷ്ടിയിൽ വെളിപ്പെട്ട ആശയങ്ങൾ നടപ്പിലാക്കപ്പെടുകയല്ല, സമൂഹത്തിലെ സംഘർഷങ്ങൾ അവയുടെ പ്രതീകങ്ങളും വക്താക്കളുമായി, മഹാൻമാരായ ചരിത്ര നായകരെ സൃഷ്ടിക്കുകയാണ് ചെയ്തത്. നവോത്ഥാന നായകൻമാർ ഒരേ സമയം പുതുയുഗത്തിന്റെ സന്തതികളും സ്രഷ്ടാക്കളുമായിരുന്നു. (പി. ഗോവിന്ദപ്പിള്ള കേരള നവോത്ഥാനത്തെ കുറിച്ചെഴുതിയ ഗ്രന്ഥപരമ്പരയിലെ ഒരു സഞ്ചികയ്ക്ക് 'യുഗസന്തതികൾ യുഗസ്രഷ്ടാക്കൾ' എന്നാണ് പേര് നൽകിയിരിക്കുന്നത്). ഈഴവാദി പിന്നാക്ക സമുദായങ്ങളുടെ ജീവിതത്തിലും സാമൂഹ്യ പദവിയിലും സംഭവിച്ച മാറ്റങ്ങളാണ് കേരളത്തിൽ നവോത്ഥാനത്തിന് അരങ്ങൊരുക്കിയത്. മുതലാളിത്ത ഉൽപാദന ബന്ധങ്ങളും യൂറോപ്യൻ ആധിപത്യത്തിന്റെ സ്വാധീനവും ഫ്യൂഡൽ ബന്ധങ്ങളിൽ നിന്ന് കുതറിമാറാൻ സമൂഹത്തെ പ്രേരിപ്പിച്ചു. 'നമുക്ക് സന്യാസം തന്നത് ബ്രിട്ടീഷുകാരാണെ'ന്ന നാരായണ ഗുരുവിന്റെ പരാമർശം പ്രസിദ്ധമാണ്. ബ്രിട്ടീഷ് ഭരണവും ആധുനികതയുടെ സ്വാധീനവുമില്ലെങ്കിൽ, അയ്യൻകാളിയുടെ സമരങ്ങൾ എങ്ങും എത്തുമായിരുന്നില്ല. പതിനെട്ട്, പത്തൊമ്പത് നൂറ്റാണ്ടുകളിൽ ഈഴവർ, സുറിയാനി ക്രിസ്ത്യാനികൾ തുടങ്ങിയ വിഭാഗങ്ങൾ പതിനായിരക്കണ

ക്കിന് ഹെക്ടർ തരിശുനിലം കൃഷി യോഗ്യമാക്കി മാറ്റുകയും കാർഷിക വൃത്തിയിലൂടെ സാമ്പത്തികമായി ഉയർച്ച നേടുകയും ചെയ്തു. ജന്മിമാർക്കും രാജാക്കൻമാർക്കും ജനങ്ങളുടെ സാമ്പത്തിക ജീവിതത്തെ മൂക്കു കയറിട്ട് നിയന്ത്രിക്കാൻ കഴിയുന്ന അവസ്ഥക്ക് മാറ്റം വന്നു. ജന്മിത്വത്തിന്റെ സ്വാധീന വലയത്തിനു പുറത്ത് തൊഴിലും ജീവിതവും സാധ്യമാണെന്ന് വന്നതോടെ, നവോത്ഥാനാശയങ്ങൾക്ക് ചിറകുകൾ മുളച്ചു. ആധുനിക പൗരജീവിതത്തിന്റെ ആകാശങ്ങൾ വികസിച്ചു.

നമ്പൂതിരി കുടുംബങ്ങളിലെ മൂത്ത നമ്പൂതിരിയൊഴികെയുള്ള പുരുഷൻമാർ സ്വജാതി വിവാഹത്തിനുള്ള അവകാശം നേടിയെടുത്തത് നവോത്ഥാനത്തിലൂടെയാണ്. മൂക്കിൽ പല്ലുമുളച്ച വയസൻ നമ്പൂതിരി പന്ത്രണ്ടു വയസുകാരിയെ വേളി കഴിച്ച് ദിവസങ്ങൾക്കുള്ളിൽ ചിതയിലേക്കെടുത്തതിന്റെ കഥകൾ കുറച്ചൊന്നുമല്ല. 'വയസ്സറിയിച്ച പ്രായ'ത്തിൽ വിധവയായ നമ്പൂതിരി പെൺകുട്ടി ജീവിതാന്ത്യം വരെ വിധവയായി കഴിഞ്ഞ കാലത്തിൽ നിന്നാണ് കേരളം മാറിയത്. ജനിപ്പിച്ച പുരുഷനെ അച്ഛനെന്നു വിളിക്കാൻ അവകാശമില്ലാത്ത മക്കളെ പ്രസവിക്കാൻ തിരുമേനിമാർക്ക് സ്ത്രീകൾ പായ വിരിച്ച കാലത്തിൽ നിന്നാണ്, കേരളത്തിലെ ശൂദ്ര സമുദായങ്ങൾ ആധുനിക പൗരസമൂഹത്തിന്റെ ജനാധിപത്യ ചര്യകളിലേക്ക് വികസിച്ചത്. മനുസ്മൃതിയിലെയും ശാങ്കര സ്മൃതിയിലെയും ശാസനകൾക്ക് വഴങ്ങാതെ, ശുഭസൂചകമായ പേരുകൾ സ്വീകരിക്കാൻ അവർണ്ണരായ മനുഷ്യർക്ക് അവസരമുണ്ടായത് നവോത്ഥാനത്തിലൂടെയാണ്. നവോത്ഥാനം, സവർണ്ണ - അവർണ്ണ വ്യത്യാസമില്ലാതെ, ആധുനിക വിദ്യാഭ്യാസത്തിനുള്ള അവസരം എല്ലാവർക്കുമായി തുറന്നു. ചെയ്ത ജോലിക്ക് കണക്കു പറഞ്ഞ് കൂലി ചോദിക്കാൻ, ജാതി വെറിയൻമാരുടെ കണ്ണിൽ നോക്കി രാഷ്ട്രീയം പറയാൻ, അധ്വാനിക്കുന്ന മനുഷ്യൻ ശീലിച്ചു. വി.ടി.യും എം.ആർ ബിയും മുതൽ ഇഎംഎസും മന്നത്തു പത്മനാഭനും വരെയുള്ളവർ സവർണ്ണ സമുദായങ്ങളിലെ അനാചാരങ്ങൾക്കെതിരെ പൊരുതുക മാത്രമല്ല, അവർണ്ണരുടെ അവകാശസമരങ്ങളോട് ഐക്യപ്പെടുകയും ചെയ്തു. വൈകുണ്ഠസ്വാമി തുടങ്ങിവച്ച അവകാശ പ്രക്ഷോഭങ്ങളുടെ തുടർച്ചയിൽ, ഒരു വശത്ത്, അയ്യൻ കാളി മുതലായ മഹാ പ്രക്ഷോഭകാരികളും, മറുവശത്ത്, ശ്രീനാരായണ ഗുരു മുതലായ ആത്മീയാചാര്യൻമാരും ഉയർന്നു വന്നു. ജന്മിത്വത്തിന്റെ ചവിട്ടടിയിൽ നിന്ന് കുതറിയുണർന്ന അടിസ്ഥാന ജനവിഭാഗങ്ങൾ 'വിദ്യകൊണ്ടു പ്രബുദ്ധരും സംഘടിച്ച് ശക്തരു'മായി. കേരളത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കിയ മഹത്തായ നേട്ടങ്ങൾക്ക് ചുക്കാൻ പിടിച്ച രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ആശയാടിത്തറയും സമരവീര്യവും പകർന്നത് കേരളത്തിന്റെ സാംസ്കാരിക ജീവിതം മാറ്റിപ്പണിത നവോത്ഥാന മുന്നേറ്റങ്ങളാണ്. മുഖ്യമന്ത്രി പിണറായി വിജയൻ സൂചിപ്പിച്ചതു പോലെ, നവോത്ഥാനത്തിന്റെ ഒസ്യത്ത് 'ഏതെങ്കിലുമൊരു പാർട്ടിക്കോ സംഘടനയ്ക്കോ മാത്രം അവകാശപ്പെട്ടതല്ല'. അദ്വൈതം മുതൽ നിരീശ്വര വാദം വരെ, നമ്പൂതിരിമാരുടെ സ്വജാതി വിവാഹം മുതൽ കർഷകത്തൊഴിലാളി സമരം വരെ, അതിന്റെ ഭാഗമാണ്. നവോത്ഥാനത്തിന്റെ മഴവില്ലിന് 'ഏഴല്ല, എഴുന്നൂറ് ' വർണ്ണങ്ങളാണ്.



നവോത്ഥാനത്തിന് നേതൃത്വം നൽകിയ സംഘടനകൾ, കാലാന്തരത്തിൽ, സാമൂഹ്യ പരിഷ്കരണമെന്ന പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചതായുള്ള ആക്ഷേപവും വെറുതെയല്ല. നവോത്ഥാനത്തിന്റെ ഒന്നര നൂറ്റാണ്ടിനു ശേഷവും, ജാതി ചിന്തയും ഒരു വിഭാഗത്തിന്റെ മേലാള മനോഭാവവും ഇല്ലാതായിട്ടില്ല. മതങ്ങൾക്കിടയിലെ സംവാദങ്ങൾക്ക് വൈകാരിക നിറം കൊടുക്കാൻ ഇപ്പോഴും ശ്രമങ്ങൾ നടക്കുകയാണ്. സ്ത്രീ പുരുഷ തുല്യതയെന്ന ലക്ഷ്യത്തിലെത്താൻ ഇനിയും ദൂരമേറെ താണ്ടണം. നവോത്ഥാന പാരമ്പര്യമുള്ള സംഘടനകൾ പുതിയ കാലത്തെ വെല്ലുവിളികൾ നേരിടാൻ കൈകോർക്കണമെന്ന മുഖ്യമന്ത്രിയുടെ ആഹ്വാനം തുറന്ന മനസ്സോടെ സ്വീകരിക്കപ്പെട്ടതിന്റെ തെളിവാണ് പുതുവൽസരദിനത്തിൽ കേരളത്തിലെ സ്ത്രീകൾ തീർത്ത മനുഷ്യമതിലിന്റെ വിജയം.

നവോത്ഥാനം ചരിത്രത്തിൽ നിന്ന് ചികഞ്ഞെടുക്കേണ്ട സംഭവങ്ങളുടെ പരമ്പരയല്ല. ഇന്നും തുടരുന്ന ജീവിത സംഘർഷങ്ങളുടെ ഇടമാണത്. പുരോഗമന കേരളം നവോത്ഥാനത്തിന്റെ തുടർച്ചയ്ക്കു വേണ്ടി വാദിക്കുന്നത് ഇവിടുത്തെ കർഷകരും തൊഴിലാളികളും ഇടത്തരക്കാരുമടക്കമുള്ള ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതം സാധ്യമാക്കുന്നതിനു വേണ്ടിയാണ്. ഫ്യൂഡൽ പുരുഷാധിപത്യാശയങ്ങളെ ചെറുക്കുന്ന സാംസ്കാരിക പ്രതിരോധത്തിന്റെ മനുഷ്യമതിൽ ഉയർന്നത് ആ ദൃഢനിശ്ചയത്തിന്റെ തറയിലാണ്.●



# മകുടി

പിരപ്പൻകോട് അശോകൻ

ഊതാൻ
തുടങ്ങുമ്പൊഴുള്ളം
മിടിക്കാൻ
തുടങ്ങും.

മെല്ലെപ്പതിഞ്ഞാടാൻ
തുടങ്ങും.

ഫണം വിരിച്ചാടി-
ത്തകർക്കാൻ
തുടങ്ങും.

ഊതിത്തെളിച്ചോന്റെ
നേർക്കൊന്നു ചീറ്റാൻ
തുടങ്ങും.

വിഷപ്പല്ലു നീട്ടാൻ
തുടങ്ങുമ്പൊഴേ-
ക്കൊറ്റ വീശാൽ
കരിമ്പടത്തിൽ
പൊതിഞ്ഞപ്പഴ-
കൂടയ്ക്കകത്തേക്കു
തള്ളും.

കണ്ടുനില്പോർക്കു
നേർക്കായ്
മുറുക്കിച്ചുവപ്പിച്ച
വാതുറന്നൊട്ടുമേ
ശബ്ദമില്ലാതെ
പൊട്ടിച്ചിരിച്ച-
പ്പെരുംപാമ്പാട്ടി
മറ്റിടം നോക്കി
പുറപ്പെട്ടു പോകും.

# ആറന്മുളയുടെ ഗ്രാമപ്പെരുമ

ഡോ. ആറന്മുള ഹരിഹരപുത്രൻ

പൈതൃകഗ്രാമങ്ങളിൽ ഒന്നായി യുനസ്കോ തെരഞ്ഞെടുത്ത ആറന്മുളയ്ക്ക് തനതായ ഒരു ചരിത്രം തന്നെയുണ്ട്. ഈ ധന്യഭൂമി അഭിമാനകരമായ ഒരു സാംസ്കാരിക പൈതൃകത്തിന്റെ ഉടമകൂടിയാണ്. ഇവിടത്തെ മണ്ണിൽ പമ്പാനദിയിൽ നിന്നും അടിഞ്ഞുകൂടിയ വളക്കൂറുള്ള എക്കലിനൊപ്പം തലമുറ തലമുറ കൈമാറേണ്ട ഒരു പ്രത്യേക സംസ്കാരത്തിന്റെ നിഴൽപ്പാടുകളും അവഗണിക്കാനാവാത്ത ചരിത്ര സംഭവങ്ങളുടെ വളപ്പൊട്ടുകളും ഉറങ്ങിക്കിടക്കുന്നു. മഹത്തായ ഒരു സാംസ്കാരികത്തനിമയുടെ പശ്ചാത്തലത്തിന്റെ ഇഴകൾ തേടിച്ചെല്ലുന്ന ചരിത്രകാരന്റെ സൂഷ്മനേത്രങ്ങൾ പൗരാണിക ചരിത്രത്താളുകളിൽ വരെ ആറന്മുള യുടെ രേഖാചിത്രങ്ങൾ കണ്ടെത്തുന്നു.

ഇതൊരു ധന്യഭൂമിയാണ്. സഹ്യാദ്രിസാനുക്കളിൽ ഉദയം കൊണ്ട്, കാടും മേടും താണ്ടി, തെന്നിയും തെറിച്ചും പലപ്പോഴും പൊട്ടിപ്പൊട്ടിച്ചിരിച്ചും ഒഴുകുന്ന പമ്പാനദി ആറന്മുളയ്ക്ക് ദാഹനീരു നൽകുന്ന പുണ്യ നദി മാത്രമല്ല, ഈ നാടിന്റെ സാംസ്കാരിക വിനിമയത്തിന് വിലപ്പെട്ട സംഭാവനകൾ നല്കുന്ന അമൃതവാഹിനി കൂടിയാണ്. ഇതോടൊപ്പം ആത്മീയ ചൈതന്യം നാലുപാടും പ്രസരിപ്പിക്കുന്ന ശ്രീ പാർത്ഥസാരഥിക്ഷേത്രവും, നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഉത്തൃട്ടാതി ജലോത്സവവും, കരവിരുതിന്റെയും ശില്പസൗകുമാര്യത്തിന്റെയും പൂർണതയുടെ നിദർശനമായ ആറന്മുള കണ്ണാടിയും, കേരളത്തിന്റെ സാംസ്കാരിക രംഗത്തെ ധന്യമാക്കിയ സാഹിത്യ-സാംസ്കാരിക നായകന്മാരും ആറന്മുളയുടെ പെരുമയ്ക്ക് നിദാനങ്ങളായി വർത്തിക്കുന്നു. ആറന്മുള ഗ്രാമത്തിലെ മൺതരികൾക്കുപോലും ഒരുപാട് കഥകൾ അയവിറക്കാനുണ്ട്. ആധുനികതയുടെ ആടയാഭരണങ്ങൾ മാത്രം ദർശിച്ച് സായുജ്യം കൊള്ളുന്ന പുത്തൻ തലമുറയ്ക്ക് അറിയാൻ പാടില്ലാത്ത കഥകൾ! അവർക്ക് അഭിമാനിക്കാൻ വക നല്കുന്ന പൈതൃകത്തിന്റെ ഒളിമങ്ങാത്ത ഓർമ്മപ്പൊട്ടുകൾ! ഇതൊരു വിലയിരുത്തലിന്റെ കഥയല്ല; തിരിച്ചറിവിന്റെ സത്യദർശനത്തിൽ നിന്നും ഉയിർകൊണ്ട ഗ്രാമപ്പെരുമയുടെ ചരിത്രഗാഥയാണ്.



## പമ്പാനദി

ആറന്മുളയുടെ ചരിത്രം പമ്പയുടെ ചരിത്രം കൂടിയാണ്. അടർത്തി മാറ്റാനാവാത്തവണ്ണം ഇഴുകിച്ചേർന്ന സാമൂഹ്യ-സാംസ്കാരിക സമന്വയമാണ് പമ്പയ്ക്കും ഈ പുണ്യഭൂമിക്കും തമ്മിലുള്ളത്. സഹ്യസാനുക്കളിൽ നിന്നും ഉദയംകൊണ്ട പമ്പ അതിന്റെ പ്രയാണം ആരംഭിക്കുന്നതിനു മുമ്പ് കലിയുഗവരദനായ ശ്രീ അയ്യപ്പന്റെ തൃപ്പാദപൂജ നടത്തുന്നു എന്നാണ് സങ്കൽപം. അവിടെ നിന്നും നേടിയ അനുഗ്രഹ കിരണങ്ങൾ ആവാഹിച്ച് ഉന്മേഷം പൂണ്ടശേഷമാണ് കാടും മേടും താണ്ടിയുള്ള യാത്രയാരംഭിക്കുന്നത്.

പുരാണഗ്രന്ഥങ്ങളിൽ പരാമൃഷ്ടയായ പുണ്യനദിയാണ് പമ്പ. നിരവധി ഇതിഹാസത്താളുകളിലും പമ്പയെപ്പറ്റിയുള്ള പരാമർശങ്ങൾ ഉറങ്ങിക്കിടക്കുന്നു. രാമായണത്തിൽ മാത്രം വാല്മീകി മഹർഷി പമ്പയ്ക്കായി ഒരു സർഗം തന്നെ നീക്കി വെച്ചിരിക്കുന്നു.

നൂറോളം ശ്ലോകങ്ങളിലായി അദ്ദേഹം പമ്പയെ പാടിപ്പുകഴ്ത്തിയിട്ടുണ്ട്. തുളസീ ദാസരാമായണത്തിലും പമ്പ വിസ്മരിക്കപ്പെട്ടിട്ടില്ല. അതിലെ ആരണ്യകാണ്ഡത്തിൽ പമ്പയെപ്പറ്റി വർണ്ണിക്കുന്നുണ്ട്. സീതയെ അന്വേഷിച്ചുവന്ന ശ്രീരാമലക്ഷ്മണൻമാർക്ക് ആതിഥ്യം നൽകിയ തപസ്വിനിയായ ശബരിയുടെ ആശ്രമം പമ്പാതീരത്തായിരുന്നു എന്നാണ് സങ്കല്പം. സുഗ്രീവൻ അഭയം തേടിയിരുന്നത് പമ്പയുടെ മറുകരയിലായിരുന്നു എന്നും വിശ്വസിക്കപ്പെടുന്നു.

പമ്പാനദിയുടെ ഉത്ഭവത്തെപ്പറ്റി ഒരു ഐതിഹ്യകഥയുണ്ട്. മാതംഗ മഹർഷി സഞ്ചരിക്കുന്ന മാർഗ്ഗങ്ങൾ അടിച്ചുതളിച്ച് ശുദ്ധം വരുത്തേണ്ട ജോലി നോക്കിയിരുന്നത് നീലി എന്ന യുവസുന്ദരിയായിരുന്നു. ഇപ്രകാരം മാതംഗമഹർഷിയെ പരിചരിച്ച് കഴിഞ്ഞുകൂടിയിരുന്ന നീലി കാട്ടിൽവച്ച് ശ്രീരാമചന്ദ്രനെ ഒരിക്കൽ കാണാനിടയായി. സീതാദേവിയെ അന്വേഷിച്ച് ദുഃഖിച്ച് നടക്കുകയായിരുന്നു അദ്ദേഹം. വിരഹദുഃഖത്താൽ തളർന്ന് കാടും മേടും താണ്ടിവന്ന ശ്രീരാമനെ നീലി അർഘ്യപദ്യാദികളോടെസത്കരിച്ചു. ശ്രീരാമന് സന്തോഷമായി. അദ്ദേഹം നീലിക്കു മോക്ഷം നല്കുകയും അവളെ പമ്പ ആയി മാറ്റുകയും ചെയ്തു എ



ന്നാണ് ഐതിഹ്യം. അവളെ അച്ഛനായ സഹ്യനും അമ്മയായ ശബരിയും അനുഗ്രഹിക്കുകയും ചെയ്തു. അതോടെ അവൾ പാപത്തെ നശിപ്പിക്കാൻ കഴിവുള്ള പുണ്യനദിയും ആയിത്തീർന്നു. പമ്പയ്ക്ക് പാപനാശിനി എന്ന ഒരു അർത്ഥം കൂടി ഉണ്ടത്രേ. ശബരിമലയ്ക്ക് തീർത്ഥാടനം നടത്തുന്നർ 'പുണ്യപാപച്ചുമടുകളാം ഇരുമുടിക്കെട്ടും ഏന്തി' പമ്പാസ്നാനം ചെയ്ത് പാപനിവൃത്തി വരുത്തിയശേഷമാണല്ലോ മലചവിട്ടാറുള്ളത്.

ഇതിഹാസങ്ങളിൽ മാത്രമല്ല പമ്പയെപ്പറ്റി പരാമർശമുള്ളത്. പിൽക്കാലത്ത് നിരവധി കവികൾ പമ്പയുടെ പ്രാധാന്യം എടുത്തുകാട്ടിയിട്ടുണ്ട്. തുഞ്ചത്ത് എഴുത്തച്ഛൻ പമ്പയെപ്പറ്റി ഇപ്രകാരം പാടിയിട്ടുണ്ട്.

'ഉൽഫുല്ലപത്മകൽഹാര കുമുദ നീലോല്പലമണ്ഡിതം

ഹംസകാരണ്ഡ വഷ്ടപദ കോകിലകുക്കുടകോയഷ്ടി

സർപ്പസിംഹ വ്യാഘ്ര സൂകര സേവിതം

പുഷ്പലതാപരിവേഷ്ടിത പാദപ സൽഫലസേവിതം

സന്തുഷ്ട ജനകം പമ്പാസരസ് തടം ലോകമനോഹരം'

പമ്പാനദി ലോകമനോഹരം എന്നാണ് എഴുത്തച്ഛൻ ഈ വരികളിലൂടെ സമർത്ഥിക്കുന്നത്.

## പാർത്ഥസാരഥീ ക്ഷേത്രം

ആറന്മുളയുടെ പ്രസിദ്ധിക്ക് മൂലകാരണം ഇവിടെയുള്ള പാർത്ഥസാരഥീ ക്ഷേത്രമാണ്. ഈ ക്ഷേത്തിലെ പ്രതിഷ്ഠാരൂപം ചതുർബാഹുവായ വിഷ്ണുവിന്റേതാണ്. ഈ പ്രതിഷ്ഠാവിഗ്രഹത്തെപ്പറ്റി പ്രധാനമായും രണ്ട് വ്യാഖ്യാനങ്ങളാണ് നിലവിലുള്ളത്.

മഹാഭാരതയുദ്ധത്തിൽ ഭീഷ്മർ അർജുനനെ നിഗ്രഹിച്ചേക്കും എന്നു



സംശയിച്ച ശ്രീ കൃഷ്ണൻ കോപിക്കുകയും അതിലൂടെ പ്രത്യക്ഷീകരിച്ച വിശ്വരൂപ നിലയുമാണ് ആറന്മുള ക്ഷേത്രത്തിലെ പ്രതിഷ്ഠാ രൂപം എന്ന് ഒരു കൂട്ടർ അഭിപ്രായപ്പെടുന്നു.

ഈ അഭിപ്രായത്തിന് ഒരു പാഠഭേദം കൂടിയുണ്ട്. ഇക്കൂട്ടർ പറയുന്നത് ഇപ്രകാരമാണ്. കുരുക്ഷേത്ര യുദ്ധത്തിൽ വച്ച് ഗീതോപദേശം നടത്തിയശേഷം അർജുനന് ശ്രീകൃഷ്ണൻ കാണിച്ചുകൊടുത്ത വിശ്വരൂപ മാതൃകയാണ് പ്രതിഷ്ഠയിൽ ഉള്ളതത്രെ. എന്തായാലും പ്രതിഷ്ഠ പാർത്ഥന്റെ സാരഥി കൃഷ്ണന്റേതു തന്നെ. അതിലാർക്കും തന്നെ അഭിപ്രായവ്യത്യാസമില്ല.

പാർത്ഥസാരഥീ ക്ഷേത്രത്തിന്റെ ഉത്ഭവത്തെപ്പറ്റി നിരവധി ഐതിഹ്യങ്ങളുണ്ട്. ആറന്മുളയിൽ നിന്നും കുറച്ചുകിഴക്കായി സ്ഥിതിചെയ്യുന്ന നിലയ്ക്കൽ എന്ന സ്ഥലത്തായിരുന്നു ആറന്മുള ദേവനെ ആദ്യം പ്രതിഷ്ഠിച്ചിരുന്നത് എന്നാണ് വിശ്വാസം. ആ സ്ഥലത്ത് കടുവകളുടെ ശല്യം ക്രമാധികം വർദ്ധിച്ചപ്പോൾ സ്ഥലവാസികൾക്ക് അവിടെ ജീവിക്കാനാവാത്ത സ്ഥിതിയായി. അതോടെ അവർ സ്ഥലംവിടാൻ നിർബന്ധിതരായി. അപ്പോൾ അവർ തങ്ങളുടെ ആരാധനാമൂർത്തിയായ പാർത്ഥസാരഥിയുടെ വിഗ്രഹംകൂടി കൊണ്ടുപോകാൻ തീരുമാനിച്ചു. അങ്ങനെ നിലയ്ക്കൽ നിവാസികളായ ഏതാനും ചാക്കമാർ ഒരു ചങ്ങാടത്തിൽ വിഗ്രഹവുമായി പമ്പാനദിയിലൂടെ പടിഞ്ഞാ റോട്ട് തിരിച്ചു. ആറുമുളകൾ കൂട്ടിക്കെട്ടിയായിരുന്നു ചങ്ങാടം നിർമ്മിച്ചിരുന്നത്. ചങ്ങാടം നദിയിലൂടെ താഴോട്ട് ഒഴുകി ഇപ്പോൾ ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലവും കഴിഞ്ഞ് നീങ്ങി. അങ്ങനെ അല്പം കൂടി പടിഞ്ഞാറ് ചെന്നപ്പോൾ നദിയുടെ ഇടത് തെക്കേക്കരയിൽ ഒരു ചെറിയ മാടം പോലുള്ള ഒരു വീട്ടിൽ ഒരു വിളക്കുകണ്ടു. ചാക്കമാർ ചങ്ങാടം അവിടെ അടുപ്പിച്ച് വിഗ്രഹം ആ വിളക്കുകണ്ട വീട്ടിൽ കൊണ്ടു വച്ചു. ഇവിടം ഇന്നും വിളക്കുമാടം എന്നറിയപ്പെടുന്നു. ആറന്മുള ക്ഷേത്രത്തിലെ ഉത്സവത്തിനായി കൊടിയേറുന്ന ദിവസം രാവിലെ നെറ്റിപ്പട്ടം കെട്ടിയ ഒരു ആനയെ ക്ഷേത്രത്തിൽ നിന്നും എഴുന്നെള്ളിച്ച് ഘോഷയാത്രയായി ഇടയാറന്മുളയിലുള്ള വിളക്കുമാടം വരെ കൊണ്ടുപോകാറുണ്ട്. ഈ ഘോഷയാത്ര മടങ്ങുമ്പോൾ ആറുമുളം ചില്ലകൾ കൂട്ടിക്കെട്ടി കൊണ്ടു പോരികയും ചെയ്യും. വിഗ്രഹം കൊണ്ടുവന്ന ചങ്ങാടത്തിലെ ആറുമുളകളുടെ സ്മരണ നിലനിർത്താനാണിത്. ആറുമുളയിൽ ഭഗവാൻ വന്നിറങ്ങിയ സ്ഥലമായതുകൊണ്ട് പിൽക്കാലത്ത് ഈ സ്ഥലത്തിന് ആറന്മുള എന്ന പേരും സിദ്ധിച്ചു.

മേലുദ്ധരിച്ച ഐതിഹ്യത്തിലെ കഥ പൂർണ്ണമല്ല എന്ന് തോന്നാം. ഇപ്രകാരം വിളക്കുമാടത്തിൽ എത്തിയ വിഗ്രഹം ഇന്ന് പ്രതിഷ്ഠ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് എങ്ങനെ എത്തിച്ചേർന്നു? ചോദ്യം തികച്ചും പ്രസക്തമാണ്. ഇന്നാൽ ഈ ചോദ്യത്തിന്റെ ഉത്തരം രണ്ടാമത്തെ ഐതിഹ്യം നൽകുന്നുണ്ട്.

പമ്പാനദിക്കരയിലെ നിലയ്ക്കൽ എന്ന സ്ഥലത്തായിരുന്നു ആദ്യ പ്രതിഷ്ഠ ഉണ്ടായിരുന്നതെന്ന് രണ്ടാമത്തെ ഐതിഹ്യവും പറയുന്നു. ആ സ്ഥലത്ത് ദുഷ്ട മൃഗങ്ങളുടെ ശല്യം വർദ്ധിച്ചപ്പോൾ അത് ഭഗവാ

ന് തീർത്തും ഇഷ്ടമായില്ല. അദ്ദേഹം ആ സ്ഥലം വിടാൻ തന്നെ നിശ്ചയിച്ചു. അങ്ങനെ ഒരു ബ്രഹ്മചാരിയുടെ വേഷത്തിൽ അദ്ദേഹം നദീതീരത്തെത്തി.

ആറന്മുള ആശാൻ എന്നറിയപ്പെടുന്ന ചെറുകോൽനെടുംപ്രറിയിൽ കൊച്ചുകൃഷ്ണനാശാൻ എന്ന കവി 'ആറന്മുള വിലാസം' എന്ന പേരിലുള്ള ഹംസപ്പാട്ടിൽ ഇപ്രകാരം വിവരിച്ചിട്ടുണ്ട്.

'പശ്ചിമദിക്കിലേക്കെഴുന്നള്ളുവാനായിക്കൊണ്ട്

നിശ്ചയിച്ചൊരു ബ്രഹ്മചാരിതൻ വേഷമായി

കുടയും പ്ളാശിൻ കമ്പുമെടുത്തുകൊണ്ടു താനേ

കടവിൽച്ചെന്നു നിന്നു വാമനരൂപമായി

ചാക്കമാർ അതുനേരം മുളകൾ വെട്ടിക്കൊണ്ടൊ-

ന്നൊക്കവേ ചങ്ങാടമായിക്കെട്ടിക്കൊണ്ടതിലേറി

വരുന്ന നേരം കണ്ടുവിളിച്ചു കല്പിച്ചപ്പോൾ

പടുവായുള്ള മൂർത്തി നമ്മുടെ കൃഷ്ണസ്വാമി'

ഇപ്രകാരം ബ്രഹ്മചാരിയുടെ രൂപമെടുത്തുകൊണ്ട് നദിക്കരയിൽ നിന്ന ശ്രീ പാർത്ഥസാരഥിയെ ചാക്കമാർ ചങ്ങാടത്തിൽ കയറ്റി വിളക്കുമാടത്തിലെത്തിച്ചു. ഭഗവാന്റെ അപേക്ഷ മാനിച്ചാണ് ചാക്കമാർ അയിത്തഭീതി ഉണ്ടായിട്ടുപോലും അദ്ദേഹത്തെ ചങ്ങാടത്തിൽ കയറ്റിയത്.

വിളക്കുമാടത്തിലെത്തിയ ശ്രീകൃഷ്ണന് സ്ഥിരമായി ഇരിക്കുവാൻ ഒരു സ്ഥലം തേടണം എന്ന ചിന്ത ഉണ്ടായി. അദ്ദേഹം മർത്ത്യവേഷം പൂണ്ട ശേഷം ജപം വഴി ഭൃത്യന്മാരേയും സൃഷ്ടിച്ച് ഒരു നല്ല സ്ഥലം നോക്കി വിളക്കുമാടത്തിൽ നിന്നും കിഴക്കോട്ട് തിരിച്ചു. ഇരുവശത്തും കുത്തു വിളക്കുപിടിച്ച ഭൃത്യൻമാരുമായുള്ള ആ യാത്രയെ 'ആറന്മുള വിലാസം'ഹംസപ്പാട്ടിൽ ഇപ്രകാരം വർണിക്കുന്നുണ്ട്.

'ജ്വലിക്കുമാറ് മുന്നിൽ രണ്ടുഭാഗത്തും കുത്തു-

വിളക്കും പിടിച്ചെഴുന്നള്ളിനാൻ മെല്ലെ

കിഴക്കോട്ട് ഇടശ്ശേരിമലയ്ക്കും കിഴക്കറ്റം

നടക്കും നേരമൊരു നടയുണ്ടതു കണ്ടു

ഇവിടെക്കിഞ്ചിൽത്തെക്കു വസിപ്പാൻ സുഖമെന്നി-

ട്ടവിടെത്തന്നെയിളകൊണ്ടിത് ഭഗവാനും'

കുഴിയായിരുന്ന സ്ഥലം ഭൂതഗണങ്ങളുടെ സഹായത്തോടെ മണ്ണിട്ടു കിളത്തി ക്ഷേത്രം പണിതു എന്നും ഐതിഹ്യം പറയുന്നു.

ആറന്മുള ക്ഷേത്രത്തിൽ അഞ്ച് ഉപദേവാലയങ്ങളുണ്ട്. ധർമ്മ ശാസ്താവ്, ശിവൻ, യക്ഷി, ഭഗവതി, ബലരാമൻ എന്നിവരുടെ പ്രതിഷ്ഠകളാണ് ഉപദേവാലയങ്ങളിലുള്ളത്.

മറ്റ് ക്ഷേത്രങ്ങളിൽ ഇല്ലാത്ത ചില പ്രത്യേക വഴിപാടുകൾ ആറന്മുള പാർത്ഥസാരഥി ക്ഷേത്ത്രിലുണ്ട് എന്നതും ശ്രദ്ധേയമാണ്. കുട്ടികൾക്ക് തേച്ചുകുളിയും സദ്യയും നടത്തുന്ന ആറന്മുള ഊട്ട് ഇപ്രകാരത്തിലുള്ള ഒരു വഴിപാടാണ്. ഇഷ്ടസന്താനലബ്ധിക്കായി പലരും ഇവിടെ വഴിപാടുകൾ നേരാറുണ്ട്. ഇപ്രകാരം സന്താന ലബ്ധിക്കുശേഷം കുട്ടികളെ അടിമകിടത്തുന്ന വഴിപാടുമുണ്ട്. ക്ഷേത്രത്തിൽ വച്ചുള്ള തുലാഭാരവും അന്നപ്രാശവും പതിവു വഴിപാടുകളിൽപ്പെടും. ഇവിടെ ഭജനം പാർക്കുന്ന ഭക്തസ്വാമികൾക്കു വേണ്ടിയുള്ള ഭജനസദ്യയും പ്രധാനമാണ്.

മകര



മാസത്തിലെ അത്തം നാളിൽ കൊടിയേറി തിരുവോണനാളിൽ ആറാടുന്ന പത്തുദിവസത്തെ ഉത്സവമാണ് ഇവിടെ നടത്താറുള്ളത്. അതുപോലെ മകര സംക്രാന്തിയുടെ തലേന്നാൾ കുട്ടികൾ നടത്തുന്ന തണുങ്ങോലക്കമ്പം പ്രസിദ്ധമാണ്. വൃശ്ചിക മാസത്തിലെ കളഭമാട്ടവും വിശേഷമാണ്. വൈശാഖമാസത്തിലെ സപ്താഹ യജ്ഞവും സമാപനദിവസത്തെ പുഷ്പാഭിഷേകവും നാട്ടുകാർ മുൻകൈയെടുത്തു നടത്തുന്ന പ്രധാന വഴിപാടാണ്.

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിന്റെ നിർമാണ കാലത്തെപ്പറ്റി വ്യക്തമായ ചരിത്രരേഖകൾ ലഭ്യമല്ല. തമിഴ് പണ്ഡിതനായിരുന്ന നമ്മാഴ്വാർ പാർത്ഥസാരഥി ക്ഷേത്രത്തിലെ ദേവനെ തന്റെ പാടലുകളിൽ ഭക്ത്യാദരപൂർവ്വം സ്തുതിച്ചിട്ടുണ്ട്. ഇതിൽ നിന്നും എ.ഡി. എട്ടാം ശതകത്തിനു മുമ്പു തന്നെ ഈ ക്ഷേത്രത്തിന്റെ പ്രശസ്തി മറുനാടുകളിൽപ്പോലും വ്യാപിച്ചിരുന്നതായി മനസ്സിലാക്കാം.

ആദ്യകാലങ്ങളിൽ പത്ത് ഇല്ലങ്ങളിൽ നിന്നുള്ള പോറ്റിമാരായിരുന്നു ക്ഷേത്രത്തിന്റെ ഊരാൺമക്കാർ. പിന്നീട് കൊല്ലവർഷം987 (എ.ഡി 1812) ലെ മൺറോസായ്പ്പിന്റെ വിളംബരം അനുസരിച്ചാണ് മറ്റ് ക്ഷേത്രങ്ങളോടൊപ്പം പാർത്ഥസാരഥിക്ഷേത്രവും സർക്കാർ അധീനതയിലായത്. ഇന്ന് ഇത് തിരുവിതാംകൂർ ദേവ

സ്വം ബോർഡിന്റെ കീഴിലുള്ള ഒരു മേജർ ക്ഷേത്രംആണ്.

## ആറന്മുള വള്ളംകളി

ആറന്മുളയുടെ ഗ്രാമപ്പെരുമയ്ക്ക് ശ്രീ പാർത്ഥസാരഥി ക്ഷേത്രത്തോടൊപ്പം ആറന്മുള ഉത്തൃട്ടാതി വള്ളംകളിക്കും ഒരു പ്രധാന പങ്കാണുള്ളത്. ഇന്ന് കേരളത്തിൽ നടന്നുവരുന്ന ആലപ്പുഴ പുന്നമടക്കായലിലെ നെഹ്റു ട്രോഫി ജലമേള തുടങ്ങിയ മറ്റ് വെള്ളംകളികളിൽ നിന്നും ആറന്മുള വള്ളംകളിക്ക് ചില പ്രത്യേകതകളുണ്ട്. പാർത്ഥസാരഥി ക്ഷേത്രവുമായി ഐതിഹ്യപരമായി ബന്ധപ്പെട്ട ഭക്തി നിർഭരമായ ഒരു അനുഷ്ഠാന ജലഘോഷയാത്രയാണ് ആറന്മുളയിൽ നടക്കുന്നത്. ഇതിന്റെ സംഘാടക സമിതിയായ പള്ളിയോട സേവാസംഘവും അടുത്ത കാലത്തുമാത്രമാണ് ഇവിടെ ജലഘോഷയാത്രയ്ക്കു ശേഷം മത്സരവള്ളം കളി കൂടി സംഘടിപ്പിച്ചു തുടങ്ങിയത്.

ആറന്മുള ക്ഷേത്ര പ്രതിഷ്ഠാദിനവും പ്രതിഷ്ഠാപകനായ അർജുനന്റെ ജന്മദിനവും ആയ ചിങ്ങമാസത്തിലെ ഉത്തൃട്ടാതി ദിവസം പമ്പാനദിയിൽ ക്ഷേത്രത്തിനു മുൻവശത്തായിട്ടാണ് ആറന്മുള വള്ളംകളി നടന്നുവരുന്നത്. ഇതിന്റെ ഉത്ഭവത്തെപ്പറ്റിയുള്ള ഐതിഹ്യം ഇപ്രകാരമാണ്.

ആറന്മുളയ്ക്ക് കിഴക്ക് പമ്പാനദീതീരത്തു തന്നെ കാട്ടൂർ എന്നൊരു ഗ്രാമമുണ്ട് അവിടെയുള്ള മങ്ങാട്ടുമഠത്തിലെ ഒരു ഭട്ടതിരി എല്ലാ മാസത്തേയും തിരുവോണനാളിൽ വിഷ്ണു പ്രീതി ലക്ഷ്യമാക്കി ഒരു ബ്രാഹ്മണന് ആഹാരം നല്കുന്ന പതിവുണ്ടായിരുന്നു. ഈ ചടങ്ങിന് 'കാലുകഴുകിച്ചൂട്ട്' എന്നാണു പറയുക. ഈ പതിവ് വർഷങ്ങളായി മങ്ങാട്ടു മഠത്തിൽ നടന്നുവന്നു. എന്നാൽ ഒരു വർഷം ചിങ്ങമാസത്തിലെ തിരുവോണ നാളിൽ ഇപ്രകാരം സദ്യ സ്വീകരിക്കാൻ ഒരു ബ്രാഹ്മണനെ ഭട്ടതിരിക്ക് കിട്ടിയില്ല. അദ്ദേഹം വളരെ വിഷമിച്ചു. വർഷങ്ങളായി താൻ നടത്തിവരുന്ന ചടങ്ങ് മുടങ്ങി പോകുമല്ലോ എന്നു ഭയന്ന ഭട്ടതിരി തിരുവാറന്മുളയപ്പനെ മനസ്സുരുകി പ്രാർത്ഥിച്ച് തന്റെ സങ്കടമറിയിച്ചു. അല്പസമയം കഴിഞ്ഞ് ഒരു ബ്രാഹ്മണൻ മങ്ങാട്ടുമഠത്തിലെത്തി ഭക്ഷണം വേണമെന്ന് അഭ്യർത്ഥിച്ചു. ഭട്ടതിരി സന്തോഷത്തോടെ അദ്ദേഹത്തെ സത്കരിച്ചയയ്ക്കുകയും ചെയ്തു.

അടുത്ത വർഷം ചിങ്ങമാസത്തിലെ തിരുവോണത്തിന്റെ തലേ ദിവസം ഭട്ടതിരിയുടെ സ്വപ്നത്തിൽ ഒരു ബ്രാഹ്മണൻ പ്രത്യക്ഷപ്പെടുകയും തിരുവോണദിവസം ആറന്മുള ക്ഷേത്രത്തിൽ ചെലവിനായുള്ള സാധനസാമഗ്രികളുമായി എത്തിച്ചേരാൻ ആവശ്യപ്പെടുകയും ചെയ്തു. അതോടെ കഴിഞ്ഞ വർഷം തിരുവോണ നാളിൽ തന്റെ മഠത്തിൽ ഭക്ഷണം ആവശ്യപ്പെട്ട് എത്തിയ ബ്രാഹ്മണൻ സാക്ഷാൽ തിരുവാറന്മുളയപ്പൻ ആയിരുന്നു എന്ന് ഭട്ടതിരിക്ക് മനസ്സിലായി. അദ്ദേഹം തിരുവോണനാളിൽ വെളുപ്പിനു തന്നെ ഒരു തോണിയിൽ ഒരു ദിവസത്തെ ചെലവിനുള്ള സാധനങ്ങളുമായി ആറന്മുള ക്ഷേത്രത്തിലെത്തി. എല്ലാ വർഷവും ഇത് ഒരു പതിവാക്കി അദ്ദേഹം മാറ്റുകയും ചെയ്തു. ഈ യാത്ര തോണി വരവ് എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ തോണിയെ തിരുവോണച്ചെലവ് തോണി എന്നും വിളിക്കുന്നു.

അക്കാലത്ത് കൊള്ളയും കവർച്ചയും തൊഴിലാക്കിയിരുന്ന ചില പ്രമാണികളുണ്ടായിരുന്നു. മങ്ങാട്ടുഭട്ടതിരിയുടെ ആഘോഷത്തോടു കൂടിയ തിരുവോണത്തോണി യാത്ര അവർക്ക് ഇഷ്ടമായില്ല. അവർ ഒരു തിരുവോണ നാൾ പുലർച്ചെ കാട്ടൂരിൽ നിന്നും ആറന്മുളയ്ക്കു വന്ന തോണി തടഞ്ഞു. ഈ വിവരം ആയുധാഭ്യാസിയായിരുന്ന തോട്ടാവള്ളിൽ ആശാൻ അറിയുകയും അദ്ദേഹം അനുയായികളോടൊപ്പം തോണി തടഞ്ഞിട്ട സ്ഥലത്തേക്ക് കുതിക്കുകയും ചെയ്തു. അവർ അക്രമി സംഘത്തെ ഓടിച്ച ശേഷം നിരവധി ചെറുവള്ളങ്ങളുടെ അകമ്പടിയോടെ ആഡംബരപൂർവ്വം തോണിയെ എതിരേറ്റ് ആറന്മുള ക്ഷേത്രത്തിലെത്തിച്ചു.

ഇക്കൊല്ലം തോട്ടാവള്ളിൽ ആശാൻ തോണിയെ രക്ഷിച്ചെങ്കിലും എല്ലാ വർഷവും ഇതു നടക്കുമോ എന്ന ആശങ്ക അമ്പലവുമായി ബന്ധപ്പെട്ട കരകളുടെ പ്രമാണിമാർക്കുണ്ടായി. അവർ ഇക്കാര്യം ചർച്ച ചെയ്യുകയും ഒരോ കരക്കാരും ഓരോ ചുണ്ടൻ വള്ളങ്ങൾ പണിയിച്ച് തിരുവോണച്ചെലവ്തോണിക്ക് അകമ്പടി സേവിക്കണമെന്നു തീരുമാനിക്കുകയും ചെയ്തു. ഇത് പിറ്റേ വർഷം മുതൽ ആരംഭിക്കുകയുമുണ്ടായി.

തിരുവോണച്ചിലവുതോണി തിരുവോണദിവസം പുലർകാലത്താണ് ക്ഷേത്രത്തിലെത്തുന്നത്. അപ്പോൾ തോണിവരവും ചുണ്ടൻ വള്ളങ്ങളുടെ അകമ്പടിവരവും കാരണം ആൾക്കാർക്ക് ഇതിന്റെ ദർശനം ശരിയായി ലഭിക്കുകയില്ല. എല്ലാ നാട്ടുകാർക്കും ഇതിന്റെ ദർശനം ശരിയായി ലഭിക്കുവാൻ വേണ്ടി ഒരു ദിവസം എല്ലാ അകമ്പടി വള്ളങ്ങളും ചേർന്ന് ഒരു ജലോത്സവം സംഘടിപ്പിക്കണമെന്ന് പില്ക്കാലത്ത് കരക്കാർ തീരുമാനിച്ചു. ഈ ജലോത്സവം ക്ഷേത്ര പ്രതിഷ്ഠാദിനമായ ചിങ്ങമാസത്തിലെ ഉത്തൃട്ടാതി നാളിലാവട്ടെ എന്നും നിശ്ചയിച്ചു. ഇപ്രകാരമാണ് ആറന്മുള വള്ളംകളി ആരംഭിച്ചത്.

വള്ളംകളി ആരംഭിച്ച കാലത്ത് പമ്പാനദിയുടെ കിഴക്കൻ പ്രദേശമായ വടശ്ശേരിക്കര മുതൽ പടിഞ്ഞാറ് പള്ളിപ്പാട്ടുവരെയുള്ള 48 കരകളെ പ്രതിനിധാനം ചെയ്തു 45 വള്ളങ്ങളാണ് പങ്കെടുത്തിരുന്നത്. ഇന്ന് ഈ സംഖ്യ 51- ആയി വർദ്ധിച്ചിരിക്കുന്നു. ഒരോ പള്ളിയോടവും ഓരോ കര

**ആറന്മുള വള്ളംകളിയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങളുടെ പ്രകടനത്തിന്റെ ആസ്വാദ്യത താളലയനിബദ്ധമായ വഞ്ചിപ്പാട്ടുകളിൽ ആധാരമാണെന്നു പറയാം.**

യുടെ പേരിലാണ് അറിയപ്പെടുന്നത്.

## പള്ളിയോടങ്ങൾ

ആറന്മുള വള്ളംകളിയിൽ പങ്കെടുക്കുന്ന ചുണ്ടൻവള്ളങ്ങൾ ഭഗവാന്റെ വള്ളങ്ങൾ എന്ന അർത്ഥത്തിൽ പള്ളിയോടങ്ങൾ എന്നാണറിയപ്പെടുന്നത്. പ്രത്യേക രീതിയിലുള്ള ആകൃതിയും ഘടനയുമാണ് ഇവയ്ക്കുള്ളത്. എല്ലാ തടിപ്പണിക്കാർക്കും ഇവയെ നിർമ്മിക്കാനാവില്ല. പ്രത്യേക ശില്പചാതുരി തന്നെ ഇതിനാവശ്യമാണ്. പഴയകാലത്ത് പ്രമുഖ ശില്പികളായിരുന്ന റാന്നി മുണ്ടപ്പുഴ തച്ചൻമാരായിരുന്നു ഇവയുടെ നിർമ്മാണത്തിനുവേണ്ട നിർദേശങ്ങൾ നല്കിയിരുന്നത്. പില്ക്കാലത്ത് ഈ കലയിൽ പ്രശസ്തനായി മാറിയ കോഴിമുക്ക് നാരായണനാശാരിയായിരുന്നു പള്ളിയോട നിർമ്മാണം നടത്തിയിരുന്നത്. ഇന്ന് അദ്ദേഹത്തിന്റെ പുത്രൻമാരാണ് ഈ രംഗത്തുള്ളത്.

സാധാരണ വള്ളങ്ങൾക്കില്ലാത്ത അണിയവും അമരവും വെടിപ്പടിയും നടുപ്പടിയും ഉള്ള പള്ളിയോടങ്ങൾക്ക് ഒരു പ്രത്യേക ആകൃതിയാണുള്ളത്. ഇവയ്ക്ക് മുപ്പത്തിയാറേ കാൽ കോൽ മുതൽ നാല്പത്തിയൊന്നേകാൽ കോൽ വരെ നീളമുണ്ടായിരിക്കും. എങ്കിലും ഇരുപത് കോലിൽ കൂടുതൽ അടിഭാഗം വെള്ളത്തിൽ മുട്ടിക്കിടക്കാറില്ല. ഒരു കോൽ 75 സെന്റീമീറ്ററിനു സമമാണ്. ചുണ്ടൻവള്ളങ്ങളുടെ മുൻവശം കൂർത്തതും ജലോപരിതലത്തിൽ നിന്നും അല്പം പൊങ്ങി നിൽക്കുന്നതുമാണ്. ഈ ഭാഗം കൂമ്പ് എന്ന പേരിൽ അറിയപ്പെടുന്നു. പിത്തളത്തകിടുകൊണ്ട് കൂമ്പിനെ പൊതിഞ്ഞിരിക്കും. വള്ളത്തിന്റെ പിൻഭാഗം നന്നായി പൊങ്ങി നിൽക്കുന്നു. കൂമ്പിന്റെ മധ്യത്തിലായി ഒരു നയമ്പുകാരൻ ഉണ്ടാവും. പിന്നിലേക്കു രണ്ടു വരിയായി വള്ളത്തിന്റെ ഇരുവശത്തും മറ്റു തുഴച്ചിൽക്കാർ ഇരിക്കും. അമരത്ത് നാല് അടനയമ്പുകാരുണ്ടാവും. ഇവർ ഒന്നിടവിട്ട് ഇരുവശങ്ങളിലേക്ക് വലിയ അടനയമ്പിറക്കി വള്ളത്തെ നിയന്ത്രിക്കുന്നു. പ്രത്യേക വൈദഗ്ധ്യം നേടിയ കരപ്രമാണിമാരാണ് അമരത്തു അടനയമ്പുകാരായി പ്രത്യക്ഷപ്പെടാറുള്ളത്. ഒരു പള്ളിയോടത്തിൽ നൂറുമുതൽ നൂറ്റിയിരുപത്തിയഞ്ചു വരെ ആളുകളുണ്ടാവും. വള്ളത്തിന്റെ മധ്യഭാഗത്ത് മുത്തുക്കുടകൾ കൊണ്ട് അലങ്കരിച്ച വെടിപ്പടിയിലാണ് വഞ്ചിപ്പാട്ടുകാർ നിലയുറപ്പിക്കാറുള്ളത്. വള്ളത്തിന്റെ അമരത്ത് സ്വർണ്ണം പൂശിയ കുമിളകളോടുകൂടിയ നെറ്റിപ്പട്ടവും കൊടിയും ഉണ്ടായിരിക്കും. ജലപ്പരപ്പിൽ തെന്നിനീങ്ങി ഇരുവശത്തേക്കും ആടിയാടി വരുന്ന പള്ളിയോടങ്ങൾ ഒരു വലിയ നാഗത്തിന്റെ ചലനത്തെ അനുസ്മരിപ്പിക്കാറുണ്ട്. അതിനാലാവണം പള്ളിയോടങ്ങൾക്ക് ഇംഗ്ലീഷിൽ 'സ്നേക്ക് ബോട്ട്' എന്ന പേരു ലഭിച്ചത്. മഹാകവി പാലാ നാരായണൻ നായർ പള്ളിയോടത്തെ വർണ്ണിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

'നിഗമാന്തഫണം നിവർത്തലകളിലാറന്മുള-
ഭഗവാന്റെ പള്ളിയോടമൊഴുകീടട്ടേ
തിരുവോണനാളുമുതലുത്ത്യട്ടാതി വരെ നീണ്ട
തിരുവരങ്ങെത്തി നീരാട്ടുത്സവമാകേ
ദിവ്യമാമീക്കുരുക്ഷേത്ര വൈജയന്തിത്തണലത്ത്
സവ്യസാചീസാരഥേ! നീ തുണയ്ക്ക നമ്മെ'



## വഞ്ചിപ്പാട്ട്

ആറന്മുള വള്ളംകളിയിൽ പങ്കെടുക്കുന്ന പള്ളിയോടങ്ങളുടെ പ്രകടനത്തിന്റെ ആസ്വാദ്യത താളലയനിബദ്ധമായ വഞ്ചിപ്പാട്ടുകളിൽ ആധാരമാണെന്നു പറയാം. മലയാള സാഹിത്യത്തിൽ നൂറ്റാണ്ടുകളായി നിലനിന്നുവരുന്ന ഒരു കാവ്യശാഖയാണിത്. മലയാള ഭാഷയിലല്ലാതെ മറ്റൊരു ഭാഷയിലും വഞ്ചിപ്പാട്ടുകൾ എന്ന പ്രത്യേക ശാഖ ഇല്ലെന്നുതന്നെ പറയാം.

ആറന്മുള ജലോത്സവത്തിൽ ഉപയോഗിക്കപ്പെടുന്ന വഞ്ചിപ്പാട്ടുകൾക്ക് ചില പ്രത്യേകതകളുണ്ട്. മറ്റു സ്ഥലങ്ങളിലെ വള്ളംകളികളിൽ ദ്രുതഗതിയിലുള്ള പാട്ടും തുഴച്ചിലുമാണുള്ളത്. എന്നാൽ നതോന്നത വൃത്തത്തിന്റെ തികച്ചും അക്ഷരാർത്ഥത്തിലുള്ള പ്രയോഗം മൂലം ആറന്മുളയിലെ വഞ്ചിപ്പാട്ടുകൾക്ക് ഒരു പ്രത്യേക താളവും ലയവും സിദ്ധിച്ചിരിക്കുന്നു. നതോന്നത വൃത്തത്തിന്റെ ലക്ഷണം ഇതാണ്.

'ഗണം ദ്വയക്ഷരമെട്ടെണ്ണമൊന്നാം പാദത്തിൽ, മറ്റതിൽ
ഗണമാറും, നിൽക്കണം രണ്ടുമെട്ടാവതക്ഷരേ
ഗുരുതന്നെയെഴുത്തെല്ലാ, മിശ്ശീലിൻ പേർ നതോന്നത'

ഓരോ പദത്തിന്റെയും എട്ടാമത്തെ അക്ഷരത്തിൽ നിറുത്തി 'തെയ് തെയ്തക തെയ തെയ് തോ' എന്നും 'തിത്തിത്താ തിത്തൈ' എന്നും അവസാനിക്കുന്ന പാട്ടുകളാണ് ആറന്മുള വള്ളംകളിയിൽ പാടാറുള്ളത്. ഇതിന്റെ താളത്തിനൊപ്പിച്ചാണ് തുഴച്ചിൽകാർ വള്ളം തുഴയുന്നത്.

വഞ്ചിപ്പാട്ടുകൾക്ക് രണ്ട് പ്രത്യേക ശൈലികളുണ്ട്. ഇവ കിഴക്കനെ

ന്നും പടിഞ്ഞാറനെന്നും അറിയപ്പെടുന്നു. പടിഞ്ഞാറൻ ചിട്ടയാണ് ദ്രുതഗതിയിലുള്ള ചലനങ്ങൾ സൃഷ്ടിക്കുന്നത്. ആറന്മുള വള്ളംകളിക്ക് കിഴക്കൻ ചിട്ടയാണ് ഉപയോഗിക്കാറുള്ളത്. സ്തോത്രഗാനങ്ങൾ, വഞ്ചിപ്പാട്ട്, വച്ചുപാട്ട് എന്നീ മൂന്ന് ഗാനസമ്പ്രദായങ്ങൾ ഇവിടെ ഉപയോഗിക്കപ്പെടുന്നു. പുരാണകഥകളെ ആസ്പദമാക്കി നതോന്നത വൃത്തത്തിൽ രചിക്കപ്പെട്ട നിരവധി വഞ്ചിപ്പാട്ടുകളുണ്ട്. കുചേലവൃത്തം, നൈഷധം, സന്താനഗോപാലം, ബാലലീല, പാലാഴിമഥനം, ഉത്തൃട്ടാതിചരിതം, ഭഗവത്ദൂത്, നളചരിതം, ആറന്മുള ചരിതം തുടങ്ങിയ വഞ്ചിപ്പാട്ടുകൾ പ്രസിദ്ധങ്ങളാണ്. ഏറ്റവും ജനകീയമായതും ഭക്തിരസപ്രധാനമായതുമായ വഞ്ചിപ്പാട്ടുകൃതി രാമപുരത്തു വാരിയരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടു തന്നെയാണ്.

## ആറന്മുള കണ്ണാടി

പാർത്ഥസാരഥി ക്ഷേത്രവും വള്ളംകളിയും വഞ്ചിപ്പാട്ടും പോലെ തന്നെ ആറന്മുളയുടെ പ്രശസ്തിക്ക് ഒരു പ്രത്യേക വെങ്കലഫലകവും സഹായമേകിയിട്ടുണ്ട്. ആഗോളപ്രശസ്തി നേടിയ ആറന്മുള കണ്ണാടിയാണത്. അസാധാരണമായ സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെയും നിർമ്മാണ ചാതുരിയുടേയും നിദർശനമായ ഒരു ലോഹ ദർപ്പണമാണ് ആറന്മുള കണ്ണാടി എന്ന പേരിലറിയപ്പെടുന്നത്. ഈയവും ചെമ്പും ഒരു പ്രത്യേകാനുപാതത്തിൽ ചേർത്ത് ഉരുക്കി ഉണ്ടാക്കുന്ന ഈ കണ്ണാടിയുടെ പിന്നിലെ രഹസ്യങ്ങൾക്ക് നൂറ്റാണ്ടുകളോളം പഴക്കമുണ്ട്. ഇതിന്റെ ഉത്ഭവത്തിന്റെ പിന്നിലും ഒരു ഐതിഹ്യം ഒളിഞ്ഞിരിക്കുന്നു.

ഏതാണ്ട് നാലു ശതാബ്ദങ്ങൾക്ക് മുമ്പ് ആറന്മുള രാജാവ് അവിടുത്തെ ക്ഷേത്രത്തിലെ ദൈനംദിന ആവശ്യങ്ങൾക്കു വേണ്ടതായ പൂജാപാത്രങ്ങൾ, മറ്റ് ഉപകരണങ്ങൾ, അലങ്കാരവസ്തുക്കൾ, മണികൾ, വിളക്കുകൾ എന്നിവ നിർമ്മിക്കുന്നതിൽ പ്രാവീണ്യമുള്ള ഏതാനും കുടുംബക്കാരെ ക്ഷേത്രപരിസരത്ത് കുടി പാർപ്പിച്ചു. ഇവരുടെ താമസത്തിനും മറ്റും വേണ്ട സകല സഹായങ്ങളും രാജാവുതന്നെ ചെയ്തു കൊടുക്കുകയും ചെയ്തു. രാജാവിന്റെ പരിരക്ഷ ഉണ്ടായിരുന്നതിനാൽ കാലക്രമേണ ഇവർ അലസരും ജോലിയിൽ താല്പര്യമില്ലാത്തവരും ആയിത്തീർന്നു. ഇത് മനസ്സിലാക്കിയ രാജാവിന് ദേഷ്യമായി. രാജാവിന് തങ്ങളോട് നീരസമുണ്ടായിരിക്കുന്നതായറിഞ്ഞ പണിക്കാർ അതു മാറ്റിയെടുക്കാനുള്ള തന്ത്രങ്ങളെപ്പറ്റി ആലോചിച്ചു. ആവസാനം ഈ ശില്പികൾ ദേവനുവേണ്ടി ഒരു പ്രത്യേക മകുടം നിർമ്മിച്ച് നടയ്ക്കുവയ്ക്കാൻ തീരുമാനിച്ചു. ഇതുണ്ടാക്കാനായി അവർ ദിവസങ്ങളോളം കഠിനാധ്വാനം ചെയ്തു. അവസാനം വിശേഷപ്പെട്ട ഒരു മകുടം അവർ നിർ




മ്മിച്ചു. മകുട നിർമ്മാണത്തിന് ഉപയോഗിച്ച ചേരുവയിലെ ചെമ്പിന്റെയും ഈയത്തിന്റെയും അനുപാതം അവർക്ക് അജ്ഞാതമായിരുന്നു. എങ്കിലും വെള്ളിയുടെ നിറമുള്ളതും സ്ഫടികത്തിന്റെ ശോഭയുള്ളതുമായി ഒരു മകുടം അവർക്ക് നിർമ്മിക്കുവാൻ സാധിച്ചു. ഈ കിരീടം മിനുക്കിയെടുത്തപ്പോൾ അത് വെട്ടിത്തിളങ്ങുന്നുണ്ടായിരുന്നു. ഇതിന്റെ പ്രതിഫലനക്ഷമത അവരെ അത്ഭുതപ്പെടുത്തി. കണ്ണാടിബിംബം എന്ന പേരിലാണിത് അറിയപ്പെട്ടത്. ഇതിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ഇതിന്റെ യഥാർത്ഥ ചേരുവ മനസ്സിലാക്കാനുള്ള ശ്രമമാണ് പിന്നീട് ശില്പികൾ നടത്തിയത്. അവസാനം ഈ ലോഹക്കൂട്ടിന്റെ അനുപാതം അവർ കണ്ടെത്തുകതന്നെ ചെയ്തു. എങ്കിലും ഇതിന്റെ രഹസ്യം അവർ വെളിയിലാർക്കും പറഞ്ഞുകൊടുത്തില്ല. ക്രമേണ അവർ അത്തരം കണ്ണാടികൾ ഉണ്ടാക്കാനാരംഭിച്ചു. ആറന്മുള കണ്ണാടി എന്ന പേരിൽ ഇതിനു വിപണി ലഭ്യമായതിനെത്തുടർന്ന് ഇതൊരു വ്യവസായമാക്കി വളർത്താനുള്ള സഹായം രാജാവ് ചെയ്തുകൊടുക്കുകയും ചെയ്തു.

ചെമ്പും വെളുത്തീയവും 10:5.25 എന്ന അനുപാതത്തിൽ ചേർത്ത് കൂട്ടുലോഹം ഉണ്ടാക്കിയാണ് ആറന്മുള കണ്ണാടി നിർമ്മിക്കുന്നത്. സാധാരണ ഓട്ടുപാത്ര നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന്റെ ഒന്നരയിരട്ടി വെളുത്തീയമാണ് ഈ കണ്ണാടിയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. ഓട്ടുപാത്രങ്ങൾ ഉണ്ടാക്കുന്നതു പോലെ തന്നെ 'കരു' ഉണ്ടാക്കി മൂശയിൽ വാർത്തെടുക്കുന്ന രീതി തന്നെയാണ് ഇതിനും പ്രയോജനപ്പെടുത്താറുള്ളത്. പക്ഷേ മൂശയിൽ നിന്നും എടുക്കുന്ന കണ്ണാടി ഫലകത്തിന്റെ മിനുക്കുപണി പ്രധാനപ്പെട്ട ഒരു പ്രക്രിയയാണ്. ഉമിയും മരോട്ടിയെണ്ണയും ചേർന്ന മിശ്രിതം ഉപയോഗിച്ചാണ് ഫലകം മിനുക്കി കണ്ണാടിയാക്കി മാറ്റുന്നത്. ഇവിടെയാണ് വിദഗ്ധ പരിശീലനവും സാങ്കേതിക പരിജ്ഞാനവും പരിചയവും ആവശ്യമായി വരുന്നത്. മിനുക്കുന്നതിനിടയിൽ ഫലകം വളരെ വേഗം പൊട്ടിപ്പോകുന്നു. അതിനാൽ തികഞ്ഞ ശ്രദ്ധയും ജാഗ്രതയും ആവശ്യമാണ്. മിനുക്കിയെടുത്ത കണ്ണാടി മനോഹരമായ പിത്തളച്ചട്ടക്കൂട്ടിൽ ഉറപ്പിച്ചാണ് ഉപയോഗിക്കുന്നത്.

ഏതാനും കുടുംബക്കാരുടെ മാത്രം സവിശേഷരീതിയിലുള്ള ഒരു കുടിൽ വ്യവസായമായി നിലനിന്നു വരുന്ന ആറന്മുള കണ്ണാടി നിർമാണം അന്യം നിന്നുപോകുമോ എന്നു സംശയിക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്.

തുടരും



# പുറപ്പെട്ടു പോകുന്ന മലയാളി

**ആർ നന്ദകുമാർ**

കേരളീയജീവിതത്തിന്റെ ഇടം മലയാളമാണ്. പഴയ നാട്ടുപേരല്ല ഇവിടെ വിവക്ഷ. മൊഴിപ്പേരാണ്. ഭാഷ ജീവിതത്തിന്റെ സ്ഥലമായതുകൊണ്ടു തന്നെയാണ് ഇന്ത്യയിൽ ഭൂവിതാന-വർഗ്ഗവിന്യാസ വ്യതിരേകങ്ങൾക്കപ്പുറം സംസ്ഥാനത്തിന്റെ അതിർവരമ്പുകൾ നിർണ്ണയിക്കാൻ അത് മാനകവും മാനദണ്ഡവുമായത്. സ്വയംഭരണാധികാരമുള്ള വിവിധ സംസ്ഥാനങ്ങളായി രൂപപ്പെട്ടു കഴിഞ്ഞപ്പോഴാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യ ഏറ്റവും വലിയ ജനാധിപത്യ റിപ്പബ്ലിക്ക് ആയി മാറിയതും. ജനജീവിതത്തിന്റെ ഇടമായ ഭാഷ ജനാധിപത്യത്തിന്റെ കരണവും കാരണവുമായിക്കൂടി പരിണമിച്ചു. അതിരുകളില്ലാത്ത ഇടമാണ് കേരളീയന് മലയാളം, തിരിവുകളില്ലാത്തതും. വീടുകെട്ടി ചുറ്റാകെ വേലിതീർത്ത് പാർക്കുന്ന ഭൂമിയിൽ തിരിവുകളും പിരിവുകളും ധാരാളം. മതത്തിന്റെ, ജാതിയുടെ, സമ്പത്തിന്റെ... എന്നാൽ ജീവിതം തെഴുക്കുന്ന യഥാർത്ഥ ഇടമായ മലയാളത്തിൽ വേർതിരിവുകളില്ല. 'ചെഞ്ചോരയെ അമ്മിഞ്ഞത്തൂവമൃതാക്കും മൈത്രി' യുടെ ഇടമാണത്. ജാതിയുടെ പേരിൽ അയിത്തം പറഞ്ഞ് അവർണ്ണരെ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതു വിലക്കിയിരുന്ന പഴയ കാലഘട്ടത്തിൽ, "നിങ്ങളെന്തിനു വ്യാകുലപ്പെടണം? തലയുയർത്തി നെഞ്ചുവിരിച്ച് കടന്നു ചെന്ന് ആരാധന നടത്താൻ നിങ്ങൾക്ക് മറ്റൊരു മഹാക്ഷേത്രമുണ്ടല്ലോ ഈ കേരളത്തിൽ. മലയാളത്തിന്റെ മഹാ ക്ഷേത്രം!" എന്ന് 1933ൽ പണ്ഡിറ്റ് കെ.പി.കറുപ്പൻ ആഹ്വാനം ചെയ്തത് അതുകൊണ്ടാണ്.

പാർക്കുന്ന ഭൗതികഇടം നാലാളു നോക്കുന്ന മട്ടിൽ സുന്ദരമാക്കാനും സുഖസുവിധകളുള്ളതാക്കാനും പരിഷ്കരിച്ചുകൊണ്ടേയിരിക്കാനും പൊതുവെ മലയാളികൾക്ക് പ്രത്യേകമായൊരു താൽപര്യം തന്നെയുണ്ട്. എന്നാൽ അവരുടെ ജൈവിക ഇടമായ സ്വന്തം ഭാഷയുടെ കാര്യത്തിൽ ആ ശ്രദ്ധ തീരെയില്ലെന്നു വേണം പറയാൻ. മാതൃഭാഷയെന്ന ഇടം എങ്ങനെയാണ് മനോഹരമാവുക? പരിഷ്കരിക്കപ്പെടുക? പ്രയോജനപരതയിലൂടെ മാത്രമേ അതു സാധിക്കൂ. കേരളത്തിലെ മതേതരത്വത്തിന്റെയും, സമഭാവനയുടെയും, സമത്വത്തിന്റെയും, ഇവയിലൂന്നിയുള്ള സമഗ്രവികസനത്തിന്റെയും, അതുമൂലം ആർജ്ജിക്കുന്ന സാമൂഹിക-സാമ്പത്തിക- കാർഷിക-വ്യാവസായിക പുരോഗതിയുടെയും, അതിലൂടെ കൈവരുന്ന സ്വയംപര്യാപ്തത യുടെയും, സാംസ്കാരികമായ ഔന്നത്യത്തിന്റെയും മാധ്യമം മലയാളഭാഷ മാത്രമാണ്. ഏതൊരു ഭാഷയും വളരുന്നത് പ്രയോജനപരതയിലൂടെയാണ്. സ്വാതന്ത്ര്യം കിട്ടിയതിനു ശേഷവും കൊളോണിയൽ അടിമത്തത്തിന്റെ രീതിമാതൃകകൾ ഉപേക്ഷിക്കാൻ കേരളീയൻ തയ്യാറായില്ല. അതിനാലാണ് പ്രയോജനപരതയിൽ മലയാളം പിന്നാക്കം പോയത്. മലയാളി തന്നെ അതിനെ പിന്നാക്കം നിർത്തിയത്.




ഉണ്മയുടെ ആവാസസ്ഥാനം സ്വന്തം ഭാഷയാണെന്നാണ് ജർമ്മൻ ചിന്തകനായ മാർട്ടിൻ ഹെദഗർ (1889-1976) പറയുന്നത്. അവനവന്റെ ഉണ്മയുടെ സത്യം അവനവന്റെ മാതൃഭാഷയിലാണ് എന്നർത്ഥം. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ നിന്ന് മാതൃഭാഷയെ നിരാകരിക്കുമ്പോൾ അവരുടെ ഉണ്മയെന്ന സത്യത്തെത്തന്നെ അവർക്കു നിഷേധിക്കയാണു നാം ചെയ്യുന്നത്. പക്ഷേ ആ നിഷേധമാണ് ഇന്നത്തെ സാമൂഹിക യാഥാർത്ഥ്യം. ഇന്നത്തെ കുട്ടി നാളെ വിദേശരാജ്യങ്ങളിൽപ്പോയി പണിയെടുത്ത് ജീവിതം കരുപ്പിടിപ്പിച്ച് കാശുണ്ടാക്കേണ്ടവനാണ് എന്ന അന്ധവിശ്വാസത്തിലാണ് ഈ നിഷേധവും നിരാകരണവും സംഭവിക്കുന്നത്. മനുഷ്യവിഭവം മാത്രമാണ് കേരളത്തിന്റെ വികസനാധാരമെന്ന തെറ്റിദ്ധാരണയിൽ എൻ.ആർ.ഐ കളാക്കി മാറ്റാൻ വേണ്ടി അന്യഭാഷാമാധ്യമവിദ്യാഭ്യാസത്തിന്റെ ഹോർമോൺ കുത്തി വച്ച് നാട്ടുമൊഴിയിൽ നിന്നും നാട്ടറിവുകളിൽ നിന്നും നാട്ടുവിഭവങ്ങളിൽ നിന്നും അകറ്റി കുട്ടികളെ വളർത്തുന്ന മലയാളി ഒരു സത്യം മനസ്സിലാക്കണം.. ഇപ്പോഴത്തെ അമേരിക്കൻ പ്രസിഡന്റ് ട്രമ്പിന്റെ പ്രഖ്യാപിതനയം 'മേക്ക് ഇൻ അമേരിക്ക' എന്നതല്ല. 'മേക്ക് ബൈ അമേരിക്ക' എന്നതത്രേ. യൂറോപ്യൻ യൂണിയനിൽ നിന്നുള്ള ബ്രിട്ടന്റെ 'ബ്രെക്സിററ് പിന്മാറ്റം' അംഗരാജ്യങ്ങളെ തങ്ങളുടെ ഉള്ളിലേക്കു മാത്രം നോക്കാൻ പ്രേരിപ്പിക്കുന്നതാണ്. നിതാഖത് പോലുള്ള നിയമം എല്ലാ അറബ് മദ്ധ്യേഷ്യൻ രാജ്യങ്ങളും അവലംബിക്കുന്നുണ്ട്. ചുരുക്കത്തിൽ എൻ.ആർ.ഐ സ്വപ്നം കാണുന്നവരുടെ അവസരങ്ങൾ ചുരുങ്ങാൻ തന്നെയാണ് സാദ്ധ്യത. അതങ്ങനെയാകാനല്ലേ തരമുള്ളൂ? സ്വപ്നം കാണേണ്ടത് സ്വന്തം നാടിനെപ്പറ്റിത്തന്നെയാകണ്ടേ ? പക്ഷേ മലയാളി സ്വപ്നം കാണുന്നത് പുറപ്പെട്ടുപോകുന്നതിനെപ്പറ്റിയാണ്. അതുകൊണ്ടല്ലേ നല്ല ഒരു തെങ്ങുകയറ്റയന്ത്രം പോലും മര്യാദയ്ക്ക് നമുക്കു വികസിപ്പിച്ചെടുക്കാൻ പറ്റാഞ്ഞത് ? കേരളത്തിലെ കാർഷികസർവകലാശാലകളിൽ തെങ്ങിന്റെ കാറ്റുവീഴ്ചയെപ്പറ്റി മലയാളത്തിലല്ലാതെ ഇംഗ്ലീഷിൽ മാത്രം ഗവേഷണപ്രബന്ധമെഴുതി സമർപ്പിച്ചാൽ ഏതു കർഷകനാണ് മനസ്സിലാവുക? അതിനു നാം നമ്മെ അറിയണം. കേരളത്തെ അറിയണം. കേരളത്തിന്റെ വിഭവങ്ങളെ അറിയണം. അതറിയണമെങ്കിൽ നാടിന്റെ മൊഴിയറിയണം. അങ്ങനെ ഒരു പുതിയ കേരളവികസനവീക്ഷണമുണ്ടാക്കണം.

അറിവ് പ്രയോഗത്തിലെത്തണമെങ്കിൽ അത് മാതൃഭാഷയിലൂടെ ആർജ്ജിക്കുന്നതാകണം. മറ്റു ഭാഷകളിലൂടെയാകുമ്പോൾ അത് സിദ്ധാന്തം മാത്രമായി നിലനിൽക്കുന്നു. അറിവ് സമൂഹത്തിന്റേതായി മാറിയാൽ മാത്രമേ സമൂഹം പുരോഗമിക്കൂ. അറിവ് ഉൽപന്നമായും ഉൽപാദന മായും മാറുമ്പോഴാണ് വികസനം സാധ്യമാവുക. മാതൃഭാഷയിലൂടെയുള്ള ബോധനവും പഠനവും മാത്രമാണ് അതിനുള്ള പോംവഴി. അന്യഭാഷയിലൂടെയുള്ള അറിവിന്റെ സമ്പാദനം വ്യക്തിതലത്തിൽ മാത്രമൊതുങ്ങുമ്പോൾ മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം സാമൂഹ്യ തലത്തെ ഉൾക്കൊള്ളുന്നതാണ്. മറ്റൊരു ഭാഷയിലൂടെയുള്ള പഠനത്തിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ബൗദ്ധികതടസ്സമാണ്. വിവര (Information) മല്ലാതെ വിജ്ഞാനം (Knowledge) അന്യഭാഷയിലൂടെ വളരുന്നില്ല. ഇങ്ങനെ ലഭ്യമാകുന്ന വിവരമാകട്ടെ വ്യക്തിത്വവുമായി ചേർന്ന് അവബോധമായി മാറുന്നുമില്ല.

പഠനത്തിലൂടെയാണ് ചിന്തകൾ

ക്ക് വികാസം കൈവരുന്നത്. വിദ്യാഭ്യാസകാലത്ത് നമ്മുടെ കുട്ടികൾ ആർജ്ജിക്കേണ്ട ശേഷിയും അതു തന്നെയാണ്. വിദ്യാഭ്യാസചിന്തകന്മാർ പറയുന്നത് അറിവിനെ പിന്തുടർന്നുള്ള ചിന്തകൾക്കായി കുട്ടികളുടെ തലച്ചോറിലെ നൈപുണികൾ വികസിപ്പിച്ചെടുക്കണമെന്നാണ്. അവ വികസിച്ചാലേ ഒരു ദൃശ്യാനുഭവത്തിലെ കാഴ്ചയിൽ നിന്ന് ഉൾക്കാഴ്ചയിലേക്ക് പരാവർത്തനം സംഭവിക്കൂ. ആപ്പിൾ എന്തുകൊണ്ടു താഴോട്ടു വീഴുന്നു? വെള്ളം തിളക്കുമ്പോൾ അടപ്പ് മറിഞ്ഞു വീഴുന്നതെന്തുകൊണ്ട്? എന്നിങ്ങനെയുള്ള ഉൾക്കാഴ്ചാബന്ധമുള്ള സംശയങ്ങളും കുട്ടികളിൽ ഉണ്ടാകൂ. ഈ നൈപുണികൾ കുട്ടികളുടെ തലച്ചോറിൽ സ്വാഭാവികമായി വികസിക്കണമെങ്കിലും ബോധപൂർവമായി വികസിപ്പിക്കണ മെങ്കിലും പഠനം മാതൃഭാഷയിലൂടെത്തന്നെയാവണം എന്നാണ് വിദഗ്ദ്ധർ അനുശാസിക്കുന്നത്. അമ്മയുടെ മുലപ്പാലിൽ നിന്ന് കുഞ്ഞുങ്ങൾക്ക് പോഷകഘടകങ്ങൾ കിട്ടുന്നതുപോലെ അവനവന്റെ ഭാഷയിൽ കാര്യങ്ങൾ ഗ്രഹിക്കുമ്പോൾ തലച്ചോറിലെ നൈപുണികളും വികസിക്കുന്നു. ഈ വികാസം തലച്ചോറിലെ നൈപുണികൾക്കുണ്ടാകുമ്പോൾ പഠനം അർഥപൂർണ്ണമാകുന്നു. ഇത് മാതൃഭാഷയിലൂടെ മാത്രം കൈവരുന്ന കാര്യമാണ്. അതുകൊണ്ടാണ് ശാസ്ത്രസാങ്കേതിക വിദ്യകളും ഗണിതവും ചരിത്രവുമൊക്കെ കുട്ടികളെ മാതൃഭാഷയിൽ പഠിപ്പിക്കണമെന്ന് പുതിയ വിദ്യാഭ്യാസഗവേഷണങ്ങൾ സിദ്ധാന്തിക്കുന്നത്.

ഏതാനും ദശാബ്ദങ്ങളായി അലങ്കോലമായിക്കിടന്ന വിദ്യാഭ്യാസരംഗത്തെ നേരെയാക്കാനുള്ള പരിശ്രമമായിരുന്നു മലയാളഭാഷാപഠനനിയമവും അതിന്റെ ചട്ടങ്ങളും. കേരളത്തിലെ ഏതു സിലബസിൽപ്പെട്ട ഏതു സ്കൂളിലെയും മലയാളികളായ വിദ്യാർത്ഥികൾ ഒരു വിഷയമെന്ന നിലയിലെങ്കിലും മാതൃഭാഷ പഠിക്കണമെന്നനുശാസിക്കുന്ന നിയമമാണത്. എന്നാൽ അതു പൂർണ്ണമായ അർത്ഥത്തിൽ ആത്മാർത്ഥതയോടെ നടപ്പാക്കാനുള്ള നടപടികൾ ഇതുവരെയും തുടങ്ങിയിട്ടില്ല എന്നത് നിർഭാഗ്യകരമാണ്. ജാതിമതപ്രസ്ഥാനങ്ങളുടെ പ്രവക്താക്കളും മറ്റും കച്ചവടം മാത്രം ലക്ഷ്യമാക്കി നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എതിർപ്പുകളാകാം ഒരു പക്ഷേ ഇതിനു കാരണം. പക്ഷേ കുട്ടികളെ അവരുടെ ഉണ്മയെ തിരിച്ചറിയുന്ന പഠനത്തിൽ നിന്നും അകറ്റുകയാണെന്ന സത്യം ബന്ധപ്പെട്ടവർ തിരിച്ചറിയുന്നില്ല. കേരളത്തിൽ ജീവിച്ച് ഭാവിയിൽ കേരളത്തിന്റെ വികസനത്തിൽ പങ്കാളികളാകേണ്ടവരാണ്

**മലയാളം കൊണ്ട് ഉപജീവനം കഴിയുന്നവർ എത്രയാണെന്നത് സങ്കൽപത്തിനും അതീതമാണ്. കോളണിഭാഷയോടുള്ള അന്ധമായ ദാസ്യം അധികരിക്കുമ്പോൾ പയ്യെപ്പയ്യെ മലയാളം ഡൈഗ്ലോസിയ എന്ന ഭാഷാമരണത്തിന്റെ പൂർവാവസ്ഥയിലേക്ക് എത്തിച്ചേർന്നെന്നു വരാം.**

ഇന്നത്തെ സ്കൂൾ കുട്ടികൾ. സ്കൂൾതലത്തിൽ മാത്രമല്ല ഉന്നതവിദ്യാഭ്യാസരംഗത്തും മാതൃ ഭാഷ പഠനവിഷയമാകണം. വിദേശസർവകലാശാലകളിൽ ടെക്നിക്കൽ ഹ്യുമാനിറ്റീസും മെഡിക്കൽ ഹ്യുമാനിറ്റീസും പാഠ്യപദ്ധതിയിലുണ്ട്. മാതൃഭാഷയാണു പഠിപ്പിക്കുന്നത്. പാത്തോളജിയും ഹീമറ്റോളജിയും ഓങ്കോളജിയും പഠിച്ചു മടുത്തിരിക്കുന്ന മെഡിക്കൽ വിദ്യാർത്ഥി അടുത്ത ഒരു മണിക്കൂർ ചങ്ങമ്പുഴയെയും വൈലോപ്പിള്ളിയെയും പഠിക്കുമ്പോൾ കിട്ടുന്ന ഊർജ്ജവും ഉല്ലാസവും സർഗ്ഗാത്മക സൗന്ദര്യാത്മക വിദ്യാഭ്യാസത്തിന്റേതത്രേ. എം.എസ്.സി ഫിസിക്സിനു പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് അവന്റെ നാട്ടുമ്പുറത്തെ വലിയ വിദ്യാഭ്യാസമില്ലാത്ത ഗ്രാമീണർക്ക് ക്വാണ്ടം ഫിസിക്സ് എന്താണെന്ന് അവർക്കു മനസ്സിലാകുന്ന രീതിയിൽ ലളിതമായി വിശദീകരിച്ചു കൊടുക്കാൻ കഴിയില്ലെങ്കിൽ ആ പഠിപ്പുകൊണ്ടെന്തു പ്രയോജനം? സ്കൂൾ തലത്തിൽ കുട്ടികളെ കേരളത്തിന്റെ നവോത്ഥാനചരിത്രം പഠിപ്പിക്കേണ്ടതുണ്ടെന്ന് ഈയടുത്തകാലത്ത് പ്രസ്താവിച്ചു കണ്ടു. ഏതു ഭാഷയിലാണ് കുട്ടികൾ അവരുടെ നാടിന്റെ ചരിത്രം പഠിക്കേണ്ടത്? മാതൃഭാഷയിലല്ലാതെ മറുഭാഷയിലായിരുന്നാൽ ചരിത്രസംഭവങ്ങൾ ഉൾക്കൊള്ളുന്ന വികാരം തീവ്രതയോടെ കുട്ടിയുടെ മനസ്സിലേക്ക് പകരാൻ സാധിക്കുമോ?

ഇത് പഠനമേഖലയിലെ കാര്യം. ഭരണരംഗത്താണെങ്കിൽ മലയാളത്തിന്റെ കാര്യം മുദ്രാവാക്യത്തിലും പ്രഖ്യാപനത്തിലും മാത്രമൊതുങ്ങുന്നു. സെക്രട്ടേറിയറ്റിൽ പ്രത്യേകിച്ചും. സെക്രട്ടേറിയറ്റിൽ സന്ദർശകർക്കു നൽകുന്ന പാസ്സു പോലും മലയാളത്തിലല്ല. മലയാളത്തിന് സെക്രട്ടേറിയറ്റിലെ ഇടനാഴികളിലൂടെയുള്ള സഞ്ചാരസ്വാതന്ത്ര്യം പോലുമില്ല. പിന്നെങ്ങനെയാണ് ഇവിടെ മാതൃഭാഷ ഭരണഭാഷയാകുന്നത്? നാട്ടിൻപുറത്തെ വീട്ടമ്മമാർക്ക് മാവേലിസ്റ്റോറിൽ നിന്നു കിട്ടുന്ന ബില്ലിൽ കൊറിയാണ്ടറേയുള്ളു. കൊത്തമല്ലിയില്ല. ഒനിയനും ഗാർലിക്കും അസഫോയിറ്റിഡയുമേയുള്ളു. ഉള്ളിയും വെളുത്തുള്ളിയും കായവുമില്ല. ജനാധിപത്യത്തിൽ ഭരണഭാഷ ഭരിക്കപ്പെടുന്നവരുടെ ഭാഷയാകണം. ഭരണം സുതാര്യമാകുക എന്നാൽ ഭരണകാര്യങ്ങൾ ജനങ്ങൾ അവരുടെ ഭാഷയിൽ അറിയുക എന്നതാണ്. ഭരണം ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് അറിയാവുന്ന അവരുടെ മാതൃഭാഷയിലായിരിക്കണമെന്ന അഭിപ്രായമാണ് ഭരണഘടനാനിർമാണസമിതിക്കുണ്ടായിരുന്നത് എന്നതിനു സാക്ഷ്യം ഇ

ന്ത്യൻ ഭരണഘടനയുടെ 17 ാം ഭാഗത്തിലെ ഔദ്യോഗിക ഭാഷ സംബന്ധിച്ചുള്ള അനുച്ഛേദങ്ങൾ തന്നെയാണ്.

ഇന്ത്യയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും അതതു പി.എസ്.സികൾ തൊഴിൽ പരീക്ഷ നടത്തുന്നത് ആ സംസ്ഥാനങ്ങളിലെ മാതൃഭാഷയിലും അവിടത്തെ ഭാഷാന്യൂനപക്ഷങ്ങൾക്കു വേണ്ടി ഇംഗ്ലീഷിലുമാണ്. എന്നാൽ കേരളസർക്കാരിനു വേണ്ടി കേരളത്തിലെ മലയാളിജനതയെ സേവിക്കുന്നതിനായി ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുവാൻ നടത്തുന്ന തൊഴിൽപരീക്ഷകളിൽനിന്ന് കേരളീയരുടെ മാതൃഭാഷയും സംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷയുമായ മലയാളത്തെ അയിത്തം കൽപിച്ച് മാറ്റി നിർത്താൻ തുടങ്ങിയിട്ട് കാലം കുറച്ചായി. കേരളത്തിലെ 97 ശതമാനം വരുന്ന മലയാളികൾക്കായി ഇവിടെ പി.എസ്.സി പരീക്ഷ നടത്തുന്നത് ഇംഗ്ലീഷിൽ മാത്രമാണ്. ഇത് മലയാളികളായ തൊഴിലന്വേഷകരുടെ അവകാശനിഷേധവും അവസരതുല്യതാനിഷേധവുമാണ്. യു.പി.എസ്. സി നടത്തുന്ന ഐ.എ.എസ്, ഐ.പി.എസ് തുടങ്ങിയ പരീക്ഷകൾ പോലും കേരളീയരുടെ മാതൃഭാഷയായ മലയാളത്തെ അവഗണിച്ചും അപമാനിച്ചുമല്ല നടത്തുന്നത്. കേരളാ പി.എസ്.സി യുടെ മലയാളനിഷേധം തീർത്തും ജനാധിപത്യവിരുദ്ധവും മാതൃഭാഷാവിരുദ്ധവുമാണ്. മാനവ നീതിനിഷേധമായ ഭാഷാവിവേചനം കൂടിയാണ്. ഇംഗ്ലീഷിൽ മാത്രം പരീക്ഷ നടത്തുമ്പോൾ ചില ചോദ്യങ്ങളുടെയെങ്കിലും സാരം മനസ്സിലാക്കാതെ, കുഴമറിച്ചിലിന്റെ സംഭ്രാന്തിയിൽ തെറ്റുത്തരമെഴുതി കളത്തിനു പുറത്താകുന്നത് ദരിദ്രരും സാധാരണക്കാരുമായ മലയാളികളാണ്. തികച്ചും അനുചിതവും സാമൂഹ്യനീതിയുടെ നിഷേധവുമാണിത്. ഇനിയിപ്പോൾ കേരളഭരണസർവീസും വരാൻ പോകുന്നു. ഈ പരീക്ഷകളിലൊക്കെ പങ്കെടുക്കാനും ചോദ്യങ്ങൾ മനസ്സിലാക്കി ഉത്തരമെഴുതാനും നഗരകേന്ദ്രിതമായി വിദ്യാഭ്യാസം ലഭിച്ചവർക്കു മാത്രമല്ല അവകാശമുള്ളത്. കേരളത്തിലെ ഗ്രാമഗ്രാമാന്തരങ്ങളിലെ മാതൃഭാഷാമാദ്ധ്യമത്തിൽ പഠിച്ച സാധാരണക്കാർക്കും അവകാശമുണ്ട്. അത് ജനാധിപത്യപരമായ അവസരതുല്യതയുടെ അവകാശമാണ്. മഹാരാഷ്ട്ര, പഞ്ചാബ്, തമിഴ്നാട്, കർണാടകം, ഗുജറാത്ത്, രാജസ്ഥാൻ, മദ്ധ്യപ്രദേശ് തുടങ്ങി ഇന്ത്യയിലെ ഒട്ടു മിക്ക സംസ്ഥാനങ്ങളിലും സാങ്കേതിക വിഷയങ്ങളിലെ അഗാധപരിജ്ഞാനം ആവശ്യമായ തസ്തികകളിൽപ്പോലും അവരുടെ മാതൃഭാഷയിലും ഭാഷാന്യൂനപക്ഷങ്ങൾക്കായി ഇംഗ്ലീഷിലുമാണ് പരീക്ഷ നടത്തുന്നത്.



**മലയാളഭാഷയുടെ വിപണന സാദ്ധ്യതകളെപ്പറ്റി നാളിതുവരെ ഒരു പഠനം പോലും നടത്താൻ ആരും മെനക്കെട്ടിട്ടില്ല. ഇന്ത്യയിൽ തന്നെ പ്രചാരണത്തിൽ മുൻനിരയിൽ വരുന്ന പത്രങ്ങളിറങ്ങുന്നത് മലയാളഭാഷയിൽ ആണെന്നോർക്കണം.**

2011 ലെ സെൻസസ് കണക്കനുസരിച്ച് കേരളത്തിലെ ജനസംഖ്യ 33406061 ആണ്. അവരിൽ മലയാളം മാതൃഭാഷയായുള്ളവർ 32413213 (97.028%) ആണ്. സംസ്ഥാനത്തു ജീവിക്കുന്ന ജനങ്ങളിൽ മലയാളം നല്ലവണ്ണം അറിയുന്നവരും സംസാരിക്കുന്നവരുമായ ആൾക്കാരുടെ ആകെ എണ്ണം 33066392 (98.983%) അത്രേ. ഈ സെൻസസ് കണക്കു പ്രകാരം കേരളത്തിലെ ജനസംഖ്യയിൽ ഇംഗ്ലീഷറിയുന്നവരുടെ എണ്ണം 7023676 ആണ്. 3586925 പുരുഷന്മാരും 3436751 സ്ത്രീകളും. ഇത് ആകെ ജനസംഖ്യയുടെ 21.2411% മാത്രമാണ്. (censusindia.gov.in 2011 സെൻസസ് ഡേറ്റ - ലാംഗ്വേജ് & മദർടംഗ് - ഇ16, ഇ17 പട്ടികകൾ). ലഭ്യമാകുന്ന വിവരങ്ങളനുസരിച്ച് സംസ്ഥാനത്തെ 2018 ലെ ജനസംഖ്യ 34742592 ആണ്. ഏഴു വർഷം കൊണ്ടുള്ള ജനസംഖ്യാവർദ്ധനവ് 1336531. ഇവർക്കെല്ലാം ഇംഗ്ലീഷറിയാമെന്നു വച്ചാൽത്തന്നെയും ആകെ എണ്ണം 8360207 മാത്രമേയുള്ളൂ. അതായത് 24.063%.

മലയാളഭാഷയുടെ വിപണനസാദ്ധ്യതകളെപ്പറ്റി നാളിതുവരെ ഒരു പഠനം പോലും നടത്താൻ ആരും മെനക്കെട്ടിട്ടില്ല. ഇന്ത്യയിൽ തന്നെ പ്രചാരണത്തിൽ മുൻനിരയിൽ വരുന്ന പത്രങ്ങളിറങ്ങുന്നത് മലയാളഭാഷയിൽ ആണെന്നോർക്കണം. എത്ര ദിനപ്പത്രങ്ങൾ? എത്ര അന്തിപ്പത്രങ്ങൾ? എത്ര ആനുകാലികങ്ങൾ? എത്ര പുസ്തകപ്രസാധകർ? എത്ര പുസ്തകങ്ങൾ? മലയാളം കൊണ്ട് ഉപജീവനം കഴിയുന്നവർ എത്രയാണെന്നത് സങ്കൽപത്തിനും അതീതമാണ്. കോളനിഭാഷയോടുള്ള അന്ധമായ ദാസ്യം അധികരിക്കുമ്പോൾ പയ്യെപ്പയ്യെ മലയാളം ഡൈഗ്ലോസിയ (ഇരട്ടത്തം) എന്ന



ഭാഷാമരണത്തിന്റെ പൂർവാവസ്ഥയിലേക്ക് എത്തിച്ചേർന്നെന്നു വരാം. അപ്പോൾ അസ്തമിക്കുന്നത് ദിനസരി കോടികളുടെ കിലുകിലാരവമുള്ള ഒന്നാംതരം ഭാഷാവിപണനമേഖലയും. ഇതു മനസ്സിലാക്കുന്നതും അങ്ങനെ സംഭവിക്കരുതെന്നാത്മാർഥമായി ആഗ്രഹിക്കുന്നതും കേരളത്തിലെ സാധാരണ ജനങ്ങളാണ്. സെക്രട്ടറിയേറ്റിൽ മലയാളത്തിൽ ഫയൽ എഴുതിയതു കൊണ്ട് ആര് രക്ഷപ്പെടാൻ എന്ന ചിന്ത ജനാധിപത്യസങ്കൽപങ്ങൾക്കു തന്നെ വിശുദ്ധമാണ്. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ, കിഴുവലം പകുതിയിലെ 'മൂഴിയിൽ വെളുത്ത'യ്ക്ക് വാർദ്ധക്യകാല പെൻഷൻ നിരാകരിച്ചിരിക്കുന്നു എന്ന ഉത്തരവു പോകേണ്ടത് വെളുത്തയ്ക്കറിയാവുന്ന ഭാഷയിൽ തന്നെയാണ്.

പൊതുജനങ്ങളിലെ സാധാരണക്കാരെ ലക്ഷ്യംവയ്ക്കുന്ന സർക്കാരിന്റെ വിവിധവകുപ്പുകളുടെയും മറ്റു പ്രധാന ഏജൻസികളുടെയും വെബ്സൈറ്റുകൾമലയാളത്തിലല്ല. www.kerala. gov.in എന്ന ഔദ്യോഗിക വെബ്സൈറ്റു തന്നെ ഇംഗ്ലീഷിൽ മാത്രമേയുള്ളൂ. കൃഷിവകുപ്പ് നാട്ടിലെ കർഷകർക്ക് കൃഷിസംബന്ധമായ വിവരങ്ങളെത്തിക്കാൻ തയ്യാറാക്കിയ കാർഷികകേരളം വെബ്സൈറ്റ്, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ വെബ്സൈറ്റ്, പിന്നാക്ക സമുദായവികസനം, തൊഴിൽ, കൺസ്യൂമർ അഫയേഴ്സ്, ഫിഷറീസ് തുടങ്ങിയ വകുപ്പുകളുടെ വെബ്സൈറ്റുകൾ ഇവയൊന്നും തന്നെ മലയാളത്തിലില്ല. സാധാരണ തൊഴിലാളികളോടും മത്സ്യത്തൊഴിലാളികളോടും കർഷകരോടും ഏതു ഭാഷയിലാണ് ബന്ധപ്പെടേണ്ടത്? സാമൂഹികനീതിവകുപ്പിന്റെ വെബ്സൈറ്റ് മലയാളത്തിലാകാതെ എങ്ങനെയാണ് നീതി ഉറപ്പാക്കുക?

ഇനി നീതിമേഖലയുടെ കാര്യം. വാദിക്കും പ്രതിക്കും സാക്ഷിക്കും മനസ്സിലാകുന്ന മാതൃഭാഷയിലാവണം കേരളത്തിലെ കീഴ്ക്കോടതികളിലെയെങ്കിലും വ്യവഹാരഭാഷയെന്ന വാദത്തിന് പതിറ്റാണ്ടുകളുടെ ചരിത്രമുണ്ട്. 1973 മേയ് 11-ാം തീയതി കേരളസർക്കാരിന്റെ ഹോം ഡിപ്പാർട്ടുമെന്റ് പുറത്തിറക്കിയ G.O. (Ms) 77/73 Home എന്ന ഉത്തരവിലെ രണ്ടു പ്രത്യേക വിജ്ഞാപനങ്ങൾ പ്രകാരം കേരള ഹൈക്കോടതിക്ക് കീഴിൽ വരുന്ന എല്ലാ സിവിൽ/ക്രിമിനൽ കോടതികളിലും ഇംഗ്ലീഷോ അല്ലെങ്കിൽ മലയാളമോ ഉപയോഗിക്കാം എന്നു വ്യവസ്ഥയുമുണ്ട്. 1978 ജൂലായ് 4 ന് പൊതുഭരണ (ഔദ്യോഗിക ഭാഷ) വകുപ്പ് 318/78 നമ്പറായി സംസ്ഥാനത്തെ ഔദ്യോഗികഭാഷ മലയാളമാക്കുന്നതിന് അഞ്ചുവർഷ പരിപാടി അംഗീകരിച്ചുത്തരവ് പുറപ്പെടുവിച്ചു. കോടതിഭാഷ സംബന്ധിച്ച മേൽപറഞ്ഞ നിർദ്ദേശങ്ങൾ ഒന്നും നടപ്പിലാവുകയുണ്ടായില്ല. ഇതിനെത്തുടർന്നാണ് കോടതിഭാഷ മലയാളമാക്കുന്നതിനെക്കുറിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കാൻ ജസ്റ്റിസ് കെ.കെ.നരേന്ദ്രൻ കമ്മിറ്റിയെ 1985-ൽ സർക്കാർ നിയോഗിച്ചത്. 1987-ൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. 'എന്തെല്ലാം തടസ്സങ്ങളുണ്ടെങ്കിലും അതെല്ലാം തരണം ചെയ്ത് കോടതിഭാഷ മലയാളമാക്കുന്ന പ്രക്രിയ മുഴുമിപ്പിക്കാതെ നിവൃത്തിയില്ല' എന്നാണ് ജസ്റ്റിസ് നരേന്ദ്രൻ കമ്മിറ്റി നിർദ്ദേശിച്ചത്. ആ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നേതൃത്വം നൽകാൻ ജ.എം.പി.മേനോൻ, ജ.പി.സി.ബാലകൃഷ്ണ മേനോൻ, ജ.വി.ഭാസ്കരൻ നമ്പ്യാർ എന്നീ മൂന്നു ജഡ്ജിമാരടങ്ങിയ ഒരു സമിതി കൂടി നിയോഗിക്കപ്പെട്ടു. 1987 ആഗസ്റ്റ് 21 ന് അവർ നിർദ്ദേശങ്ങൾ സമർപ്പിച്ചു. ജ.നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിനോട് ഈ കമ്മിറ്റിയും യോജിച്ചു. പക്ഷേ കാര്യം നടന്നില്ല. കോടതിഭാഷയ്ക്കുവേണ്ടി മുഖ്യമന്ത്രി അദ്ധ്യക്ഷനും നിയമവകുപ്പു സെക്രട്ടറി കൺവീനറും ഹൈക്കോടതിരജിസ്ട്രാർ അംഗവുമായി ഒരു ഉന്നതതലസമിതി തന്നെ പിന്നീടു 2009 ൽ നിലവിൽ വന്നു. 2012 ൽ കോടതി വ്യവഹാരഭാഷ മലയാളമാക്കാനായി സെക്രട്ടേറിയറ്റിൽ നിയമ(ഔദ്യോഗികഭാഷ പ്രസിദ്ധീകരണ) സെൽ തന്നെ ഉണ്ടായി. എന്നിട്ടും വഞ്ചി തിരുനക്കരെത്തന്നെ. കോടതികളിൽ വീശിയ കാറ്റിൽ പ്രൈമാഫാസി, ലോക്കസ് സ്റ്റാന്റി, അമിക്കസ്ക്യൂറി, മ്യൂമാറ്റിസ്മ്യൂടാന്റി, സെർറ്റിയോറാറി, മണ്ടാമസ് തുടങ്ങിയ കിടുക്കൻവാക്കുകൾ മുഴങ്ങിയതുകേട്ട് കേരളത്തിലങ്ങോളമിങ്ങോളം ജനം ബോധംകെട്ടു. He is sentenced to be hanged to death എന്ന വിധിപ്രസ്താവം കേട്ട് പ്രതിക്കൂട്ടിൽ നിന്ന വെള്ളായിയപ്പന്റെ മകൻ (ഒ.വി.വിജയന്റെ കടൽത്തീരത്ത് എന്ന കഥ ഓർക്കുക) അടക്കിച്ചിരിച്ചു. കാരണം അവനോട് വക്കീൽ പറഞ്ഞിരിക്കുന്നത് വെറുതേ വിടുമെന്നത്രേ!

ഇന്നത്തെ മലയാളിഉണ്മയുടെ പരിപ്രേക്ഷ്യമാണ് ഇവിടെ വിവരിച്ചത്. ഒളിച്ചോടി പുറപ്പെട്ടു പോകാൻ കൊതിക്കുന്ന അതിനായി മാതൃഭാഷയെന്ന സ്വന്തം ആവാസഇടത്തെ നിഷേധിക്കുന്ന മലയാളിയുടെ ഗതികേട്. ഈ ഗതികേടു മാറ്റാൻ ഒറ്റ വഴിയേയുള്ളൂ. മാതൃഭാഷയിലേക്കും മാതൃഭാഷയിലെ ജീവിതത്തിലേക്കും തിരിച്ചു പോവുക.●

*ഐക്യമലയാളപ്രസ്ഥാനത്തിന്റെ സ്ഥാപകാംഗവും, സംസ്ഥാനസമിതിയംഗവുമാണ് ലേഖകൻ*

# കാലാവസ്ഥാവ്യതിയാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

**ടി ഷാഹുൽ ഹമീദ്**

ആഗോളതലത്തിൽ ഇന്ന് ഏറെ ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ് കാലാവസ്ഥാ വ്യതിയാനം. അന്തരീക്ഷ ഊഷ്മാവ് ക്രമാതീതമായി വർദ്ധിക്കുന്നതാണ് കാലാവസ്ഥാവ്യതിയാനത്തിന്റെ മുഖ്യ ഹേതു. ഹരിത ഗൃഹവാതകങ്ങളുടെ ക്രമാതീതമായ ബഹിർഗമനം നിയന്ത്രിച്ചില്ലെങ്കിൽ ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാകുന്നതാണ്. കേരളത്തിൽ ഉണ്ടായ മഹാപ്രളയം കാലാവസ്ഥാവ്യതിയാനത്തിന്റെ ഉൽപ്പന്നമാണ്. സമാനതകൾ ഇല്ലാത്ത പ്രകൃതി ദുരന്തത്തിന് കാലാവസ്ഥാവ്യതിയാനവുമായി അഭേദ്യബന്ധം ഉണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം

കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജ്ജരാക്കുക എന്ന ഉദ്ദേശം മുൻനിർത്തിയാണ് പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പ് ഉണ്ടാക്കിയത്. ജൈവ വൈവിധ്യം, കാലാവസ്ഥാ വ്യതിയാനം, ദുരന്ത നിവാരണം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിൽ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ കരട് പരിസ്ഥിതി നയം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉണ്ടാക്കണം. ആരോഗ്യത്തോടെയും, അന്തസ്സോടെയും ജീവിക്കാൻ പൊതുജനങ്ങൾക്ക് പ്രതലം ഉണ്ടാക്കുവാനും പരിസ്ഥിതി, കാലാവസ്ഥ എന്നിവ മറന്ന് കൊണ്ട് മനുഷ്യൻ പ്രകൃതിയിൽ നടത്തിയ ഇടപെടലിൽ ഉണ്ടായിട്ടുള്ള ആഘാതം കുറച്ച് കൊണ്ടുവരാൻ ആവശ്യമായ കർമ്മപദ്ധതി തയ്യാറാക്കേണ്ടതിന്റെ കാലിക പ്രസക്തി മഹാപ്രളയം നമ്മെ ബോധ്യപ്പെടുത്തുന്നു. കാലാവസ്ഥാ വ്യതിയാനം ദരിദ്രരെ മാത്രമേ ബാധിക്കുകയുള്ളൂ എന്ന ധാരണ മിഥ്യാധാരണയാണെന്ന് കാലാവസ്ഥാവ്യതിയാനം നമ്മെ ബോധ്യപ്പെടുത്തുന്നു. മനുഷ്യനെ മാത്രമല്ല സകല ജീവജാലങ്ങളെയും കാലാവസ്ഥാവ്യതിയാനം ബാധിക്കുന്നു എന്നതിന് തെളിവാണ് ഭൂമിയിൽ നിന്ന് അപ്രത്യക്ഷമായിത്തീർന്ന സ്വർണ്ണ നിറമുള്ള തവളകൾ. 20 ശതമാനം സൂക്ഷ്മ ജീവികൾ ഭൂമിയിൽ നിന്ന് അപ്രത്യക്ഷമാകാൻ കാലാവസ്ഥാ വ്യതിയാനം കാരണമായി. നമ്മുടെ പ്രകൃതിയുടെ നിലനിൽപിനു തന്നെ ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനം എന്ന പ്രതിഭാസത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നിർണായകമായ പങ്ക് വഹിക്കാൻ കഴിയും. വാർഷിക പദ്ധതിയിൽ അത്തരം പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.





**ആരോഗ്യത്തോടെയും, അന്തസ്സോടെയും ജീവിക്കാൻ പൊതുജനങ്ങൾക്ക് പ്രതലം ഉണ്ടാക്കുവാനും പരിസ്ഥിതി, കാലാവസ്ഥ എന്നിവ മറന്ന് കൊണ്ട് മനുഷ്യൻ പ്രകൃതിയിൽ നടത്തിയ ഇടപെടലിൽ ഉണ്ടായിട്ടുള്ള ആഘാതം കുറച്ച് കൊണ്ടുവരാൻ ആവശ്യമായ കർമ്മപദ്ധതി തയ്യാറാക്കേണ്ടതിന്റെ കാലിക പ്രസക്തി മഹാപ്രളയം നമ്മെ ബോധ്യപ്പെടുത്തുന്നു.**

### പ്രധാന ചുമതലകൾ

- ജൈവ വൈവിധ്യ രജിസ്റ്റർ സമകാലികമായി തയ്യാറാക്കുക.
- സ്കൂളുകളിൽ ജലശ്രീ ക്ലബ് രൂപീകരണം.
- അപ്രത്യക്ഷമാകുന്ന സസ്യങ്ങൾ, ജീവജാലങ്ങൾ, സൂക്ഷ്മ ജീവികൾ എന്നിവയുടെ വിവരശേഖരണം.
- പ്രാദേശിക കർമ്മ പദ്ധതി ഉണ്ടാക്കി കാലാവസ്ഥവ്യതിയാനത്തെക്കുറിച്ച് ഗ്രാമസഭയിൽ ചർച്ച ചെയ്യുക.
- വ്യക്തികൾ പാലിക്കേണ്ട മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുക.
- കാർബൺന്യൂട്രൽ എന്ന ലക്ഷ്യം നേടിയെടുക്കാനുള്ള പദ്ധതി ആവിഷ്കരിക്കുക.
- പരിസ്ഥിതി ആഘാതം സംബന്ധിച്ചുള്ള പ്രാഥമിക പഠനം നടത്തുക.
- കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർ ഗ്രൂപ്പിനെ സജ്ജമാക്കുക.
- പൊതു സ്ഥലങ്ങളിലെ മാലിന്യ സംസ്കരണത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കുക.
- മുഴുവൻ പ്ലാസ്റ്റിക്കുകളും കൈ ഒഴിയുക

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പദ്ധതികൾ

- കുടിവെള്ള സ്രോതസ്സുകളുടെ ശാസ്ത്രീയമായ പരിശോധന.
- കാർബൺ ന്യൂട്രൽ തദ്ദേശസ്വയംഭരണ സ്ഥാപനം.
- ഊർജ്ജ ഓഡിറ്റ് - ഫിലമെന്റ് രഹിത പ്രദേശം
- ഹരിത കല്യാണം - ഗ്രീൻ പോട്ടോകോൾ നടപ്പിലാക്കുക
- പൊതുസ്ഥലങ്ങളിൽ ജൈവ പുതപ്പ്, ജൈവ വേലി.
- കുട്ടികളെ പരിസ്ഥിതി അംബാസിഡർമാരാക്കൽ.
- കുട്ടികൾക്ക് വേണ്ടി നഗപാദ നടത്തം.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ജലമിത്രങ്ങളെ ഉണ്ടാക്കുക.
- പ്ലാസ്റ്റിക് ടോൾ ബൂത്തുകൾ.
- പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾ നടപ്പിലാക്കുക.
- കുടിനീർ തെളിനീർ പദ്ധതി നടപ്പിലാക്കുക.
- ഹരിത പ്രോട്ടോകോൾ യൂണിറ്റ് രൂപീകരിക്കുക.
- പരിസ്ഥിതി സാക്ഷരതാ പ്രവർത്തനം.
- പാഴ് വസ്തുക്കൾ പുന:ചക്രമണം നടത്തൽ.
- മൈക്രോ ന്യൂട്രിയറ്റ് മണ്ണ് മാപ്പിംങ് നടത്തൽ.
- കാർഷിക കർമ്മസേന രൂപീകരിക്കുക.
- ജൈവതൊഴുത്തുകൾ നിർമ്മിക്കുക.
- തീരദേശത്ത് മാലിന്യ നിർമാർജ്ജന കർമ്മസേന രൂപീകരണം.
- സാമൂഹിക വനവത്കരണ (മരമാണ് വരം) പദ്ധതി.
- കെട്ടിട മേൽക്കൂരയിൽ നിന്നുള്ള മഴവെള്ള സംഭരണി.
- പുഴസംരക്ഷണ പ്രവർത്തനം.
- തൊഴിലുറപ്പ് പദ്ധതിയിൽ മലിന ജലപിറ്റ് നിർമ്മിച്ച് നൽകൽ.
- തെരുവ് വിളക്കുകൾ സൗരോർജ്ജത്തിലേക്ക് മാറ്റൽ.
- കോഴി മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കൽ.
- എല്ലാതലത്തിലും ഉള്ളവർക്ക് ദുരന്ത നിവാരണ അവബോധം നൽകൽ.





# വെളിയൻ പാടത്ത് ഗോത്രജനതയുടെ കൊയ്ത്തുത്സവം

**രമേഷ്കുമാർ വെള്ളമുണ്ട**

തൊണ്ണൂറോളം സ്ത്രീകൾ ഒരേ സമയം കൊയ്ത്തിനിറങ്ങിയപ്പോൾ വെളിയൻ പാടത്ത് കൂട്ടായ്മയുടെ ഉത്സവം. ചെളിയിലിറങ്ങാനും വെയിലുകൊള്ളാനും ആളില്ലാത്ത കാലത്ത് കണ്ടുപഠിക്കണം ഗോത്ര കുടുംബത്തിലെ ഈ വനിതകളെയും. പണ്ട് പണ്ട് സ്ത്രീ ശാക്തീകരണവും കുടുംബശ്രീയുമെല്ലാം വരുന്നതിനും നൂറ്റാണ്ടുകൾ മുമ്പേ വയനാട്ടിലെ എടത്തന കുറിച്യ തറവാടിന് സ്വന്തമായൊരു സ്ത്രീ ശക്തിയുണ്ട്. വയലിലും തോട്ടത്തിലും പണിയെടുക്കുന്നതിന്റെയും കൂട്ടുകുടുംബമായി ജീവിക്കുന്നതിന്റെയും ചരിത്രമാണിത്. കാലം ഏറെ മാറി. എല്ലാവർക്കും തിരക്കായി. എകിലും എടത്തന തറവാടിന് പഴയ കൂട്ടായ്മ ഇപ്പോഴില്ല എന്ന പരാതിയില്ല. സ്വന്തമായുള്ള പതിനാലര ഏക്കർ പാടത്ത് കുടുംബത്തിലെ എല്ലാവരും ചേർന്ന് ഇപ്പോഴും കൃഷിയിറക്കുകയും കൊയ്തു കയറ്റുകയും ചെയ്യുന്നു. പഴശ്ശി പോരാട്ട സ്മരണകളിൽ പോലും നിറഞ്ഞു നിന്ന വാളാടിനടുത്ത എടത്തന തറവാട്ടിലെ ഈ കൊയ്ത്തുത്സവം ഇങ്ങനെയൊക്കെ പുതിയ കാലത്തെ വേറിട്ട കാഴ്ചയുമാകുന്നു.

ഇരുന്നൂറ് വർഷത്തിലധികമായി ഈ പാടത്ത് മുടങ്ങാതെ നെൽകൃഷിയുണ്ട്. പുതിയ കാലത്തെ ഒരു നെൽവിത്തിനെയും ഇവർ ഈ വയലിലേക്ക് അടുപ്പിച്ചിട്ടില്ല. ഇവിടെ കൃഷി ചെയ്യുന്നത് ഒരേ ഒരു നെല്ലിനം മാത്രം. ചേറ്റുവെളിയൻ. വയനാട്ടിലെ അതിപുരാതനവും ശ്രേഷ്ഠവുമായ ഈ നെല്ലിനോടാണ് ഇവർക്ക് ഇന്നും പ്രിയം. നാട്ടിക്കും കൊയ്ത്തിനമെല്ലാമായി നൂറിലധികം സ്ത്രീകളാണ് ഇവിടെ ഒരേസമയം പണിക്കിറങ്ങുക. എല്ലാവരും ബന്ധുക്കൾ. ആർക്കും കൂലിയായി ഒരു പൈസ പോലും നൽകേണ്ടതില്ല. ഇവർ തറവാട്ടിലേക്കായാണ് ഈ നെല്ലെല്ലാം സ്വരുക്കൂട്ടുന്നത്. പുത്തരി മുതൽ കല്ല്യാണം വരെയുള്ള എല്ലാ വിശേഷങ്ങളിലും ഒരാണ്ട് ചെലവിനുള്ളതാണ് ഈ നെല്ല്. ആണുങ്ങളും ഇതേ പോലത്തന്നെ. കൃഷിക്കായി എല്ലാവരും എത്തും. ഇതിനൊന്നും കൂലിയിനത്തിൽ ഒന്നും നൽകേണ്ടതില്ല. കുടുംബത്തിലെ മുതിർന്നവർക്കിടയിലുള്ള എടത്തന ചന്തുവാണ് ഇതിനെല്ലാം നേതൃത്ത്വം നൽകുന്നത്. കാരണവസ്ഥാനീയനെന്നപോൽ ബന്ധുക്കളെ മുഴുവൻ ഏകോപിച്ചു കൊണ്ടുപോവുക എന്നതാണ് ഉത്തരവാദിത്തം. ഇക്കാലത്തും ഇതിനൊന്നും മുടക്കം വരാതെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നുണ്ടെന്നാണ് ചന്തു പറയുന്നത്. പുതിയ തലമുറകളിലുള്ളവരെ പോലും ഇതിനായി ഒരു കുടക്കീഴിൽ കൊണ്ടു വരാൻ കഴിഞ്ഞതാണ് കൂട്ടായ്മയുടെ വിജയമന്ത്രം. സർക്കാർ



**പഴശ്ശി പോരാട്ട സ്മരണകളിൽ പോലും നിറഞ്ഞു നിന്ന വാളാടിനടുത്ത എടത്തന തറവാട്ടിലെ കൊയ്ത്തുത്സവം പുതിയ കാലത്തെ വേറിട്ട കാഴ്ചയുമാകുന്നു.**



ജീവനം മുതൽ വിവിധ തൊഴിലിൽ വ്യാപൃതരാവുന്നവരാണെങ്കിൽ പോലും തറവാട്ടിലെ കൃഷി കാര്യങ്ങളിൽ ഇവരെല്ലാം എത്തും. അവധി ദിവസങ്ങൾ പോലും തെരഞ്ഞെടുത്ത് ഓരോരുത്തരും അവരുടെതായ പങ്കാളിത്തം മുടങ്ങാതെ ഉറപ്പു വരുത്തും. അത്രയധികം മാനുഷിക പ്രയത്നം ആവശ്യമുള്ള നെൽകൃഷി മുടങ്ങാതെ മുന്നേറുന്നതിനും കാരണമിതാണ്. വയനാട്ടിൽ ഏറ്റവും കൂടുതൽ പങ്കാളിത്തമുള്ള ഏക കൃഷിഗാഥയും ഇതുതന്നെ എന്നതിലാണ് ഇവരുടെയും അഭിമാനം.

## ജൈവകൃഷിയുടെ പ്രാചാരകർ

കൃഷിയെന്നാൽ ഇവർക്കിന്നും പൂർണ്ണമായും ജൈവകൃഷി തന്നെയാണ്. പേരിന് പോലും ഇവർ രാസവളം തൊടീക്കില്ല. ചാണകവും പച്ചിലവളവുമാണ് നെല്ലിനും നൽകുന്നത്. എന്നിട്ടും ഇവയെല്ലാം തഴച്ചു വളരുന്നു. കാർഷിക വിപ്ലവത്തെക്കുറിച്ചും രാസവളങ്ങളുടെ പങ്കിനെക്കുറിച്ചുമെല്ലാം ഇവരോട് പറഞ്ഞാൽ ഇതൊന്നുമില്ലാതെയും നമുക്ക് നെല്ല് കിട്ടിയാൽ പോരെ എന്നായിരിക്കും ഇവർ പറയുക. കുടുംബാംഗങ്ങൾ മുഴുവനായും കൃഷിയിലേർപ്പെടുമ്പോൾ ഇവർക്ക് ലാഭത്തിന്റെയും നഷ്ടത്തിന്റെയും കണക്കൊന്നുമില്ല. ഇതിലുപരി കൃഷി ചെയ്യുക എന്നതിനെ മാത്രം ഇവർ ഉയർത്തിപിടിക്കുന്നു. പുഞ്ച കൃഷിക്ക് ഈ വയൽ കുടുംബത്തിലെ താൽപര്യമുള്ളവർക്കെല്ലാം കൃഷി ചെയ്യാൻ വീതിച്ചു നൽകും. ഇതിന്റെ നെല്ല് ഇവർക്ക് സ്വന്തം തറവാടിന് നൽകേണ്ട. സ്വന്തം വീട്ടിലേക്ക് കൊണ്ടുപോകാം. ഇതു മതി ഇവർക്ക് ഒരാണ്ടിനുള്ള ചെലവിന്. വേനലിലും സമൃദ്ധമായി ഒഴുകുന്ന തോടിന്റെ കരയിൽ പുഞ്ച കൃഷിയും അതുകൊണ്ട് തന്നെ ഇവിടെ മുടങ്ങാതെ നടക്കുന്നു. കാഞ്ചന, ഭാരതി ,ജ്യോതി എന്നിങ്ങനെ അത്യുല്പാദന ശേഷിയുള്ള നെല്ലിനങ്ങൾ പലതും വന്നെങ്കിലും എന്തുകൊണ്ട് വെളിയൻ എന്ന ചോദ്യത്തിന് കഞ്ഞിവെച്ച് കുടിക്കാൻ ഇത്രയും സ്വാദുള്ള അരി വേറെയില്ല എന്നാണ് ഇവർ പറയുന്നത്. പുല്ലും ഒരു പാടുണ്ടാകും. കന്നുകാലി വളർത്തലിന് ഈ പുല്ല് യഥേഷ്ടം ഉപയോഗിക്കാം. രോഗ പ്രതിരോധ ശേഷിയും പുതിയ നെൽവിത്തുകളെ അപേക്ഷിച്ച് പരമ്പരാഗത ഇനങ്ങൾക്ക് കൂടുതലാണ്. ഇത്തവണ പ്രളയം വന്നപ്പോഴും ഇവിടുത്തെ വെളിയൻ നെൽകൃഷിക്ക് യാതൊരു കോട്ടവും വന്നിട്ടില്ലെന്നതും ഇവർ ചൂണ്ടിക്കാട്ടുന്നു.എന്തു വന്നാലും കൃഷി മുന്നോട്ടുകൊണ്ടുപോകുമെന്നാണ് എടത്തന തറവാട്ടുകാർ പറയുന്നത്.●

# കുറുക്കുവഴികൾ

ശിഹാബ് പൂന്തുരുത്തി

തീൻ മേശയിൽ നിന്ന് എഴുത്തുമേശയിലേക്ക് ഒരുപാട് ദൂരമുണ്ടെന്ന് ഉബൈദുള്ളക്ക് തോന്നി.'ചീയപ്പം' വായിലൂടെ അലിഞ്ഞ് ഇല്ലാതാകുമ്പോഴാണ് ഒരു കവിതാശകലം തികട്ടി വന്നത്. പാതി ജീവനുള്ള നിരവധി വരികൾ കടലാസു ചുരുളുകളിൽ ഒരു ഭാഗത്ത് അടയിരിക്കുന്നത് അയാളുടെ മനസ്സിനെ വല്ലാതെ ആകുലപ്പെടുത്തി. ആഞ്ജിയോ പ്ലാസ്റ്റി സർജറി കഴിഞ്ഞതിനാൽ പുകച്ചുരുളുകളോട് വല്ലാത്ത ഉൾഭയത്തോടൊപ്പം തന്റെ മുറി എഴുത്തിന്റെ ഗോളമായി തനിക്ക് ചുറ്റും കറങ്ങുന്നതായും ഉബൈദുള്ളക്ക് തോന്നിത്തുടങ്ങി.

പെട്ടെന്ന് ഭാര്യ അഫ്‌ലയുടെ ശബ്ദം അടുക്കളഭാഗത്തുനിന്ന് ഉയർന്നു. ആ ശബ്ദം ഉബൈദിന്റെ ആലോചനയ്ക്ക് ഭംഗം വരുത്തി.

'നോക്ക്യാണി ഇങ്ങള് പിന്ന്യേം എഴുതാനിര്ന്നോ? മെമ്പറ് ഭാവനേടെ മകളുടെ കല്യാണമാണിന്ന്. ങ്ങളെ പെങ്ങളെ കെട്ടിക്കാൻ അന്നത്തെ കാലത്ത് ആയിരം ഉറുപ്പിക തന്ന്ക്ക്ണ്... അച്ഛനില്ലാത്ത കുട്ട്യാണ്. അതെങ്കിലും കൊടുക്കേണ്ടേ' ഓ.. സകല മൂഡും പോയി. ഇന്നേരത്താണോ ഇവളുടെ പയ്യാരം പറച്ചില്. ഉബൈദുള്ളയുടെ മനസ്സിൽ ചിന്തകൾ പതഞ്ഞു.

'ന്താ.. ഇങ്ങളൊന്നും മിണ്ട്ണില്ല്യേ..' പിന്നെയും അഫ്‌ലയുടെ ചോദ്യം നീണ്ടു.

അഫ്‌ല പിന്നെയും പിറുപിറുക്കുന്നുണ്ടായിരുന്നു. അടുക്കള പ്പാത്രങ്ങളുടെ നീണ്ട നിരക്കങ്ങൾക്കിടയിൽ ആ പയ്യാരങ്ങൾ എവിടെയോ മുങ്ങിപ്പോയി. ഇത്തവണ അയാളെ രക്ഷിച്ചത് അടുക്കളയിലെ പാത്രങ്ങളായിരുന്നു.

ഒരു കവിതയുടെ പണിപ്പുരയിലായിരുന്നു അയാൾ. മിണ്ടാനൊന്നും കഴിയുന്നുണ്ടായിരുന്നില്ല. കുറുക്കുവഴികളെ കുറിച്ചാണ് കവിത. കൗശലക്കാരനായ കുറുക്കന് അവകാശപ്പെട്ടതാണോ കുറുക്കുവഴി എന്ന വാക്കിന്റെ വഴി? കുറുക്കു വഴിയുടെ നാനാർത്ഥങ്ങൾ കവിതാവഴിയിലൂടെ ഇരുന്നും നടന്നും പാഞ്ഞും കിതച്ചും ചിന്തകളുടെ പെരുവഴികളിലൂടെ സഞ്ചരിക്കവേയാണ് അഫ്‌ലയുടെ ആവശ്യം കോമരമായി ഉറഞ്ഞുതുള്ളുന്നത്.

ഇനി ആയിരം രൂപയുണ്ടാക്കണം. മെമ്പർ ഭാവന തന്റെ ഭാവനയ്ക്ക് പവർ ബ്രേക്കിട്ടതുപോലെയായി. ഉബൈദുള്ള തന്റെ സർച്ച് ലൈറ്റ് നാട്ടുകാരിലേക്കും





സുഹൃത്തുക്ക ളിലേക്കും പായിച്ചു. ഒരു മുഖം ആ വെളിച്ചത്തിൽ കണ്ടു. കഴിഞ്ഞ ആഴ്ച ഗൾഫിൽ നിന്ന് വന്ന ജോസ്! അഞ്ച് അഞ്ചരമാസം തന്റെ സഹമുറിയനായ ആളാണ് ജോസ്. ചോദിച്ചാൽ കയ്യൊഴിയാൻ വഴിയില്ല. രാവിലെ പതിവായി വായനശാലയിൽ വരാറുണ്ട്. എന്തായാലും വൈദ്യരങ്ങാടിയിലേക്ക് ഇറങ്ങി നടക്കാം. സകലമാന പത്രമുത്തശ്ശിമാരെയും മനസ്സിൽ ധ്യാനിച്ച് വായനശാലയിലേക്ക് കയറി ഇരുന്നു. ജോസ് വരുന്നുണ്ടോ എന്ന് ഇടകണ്ണിട്ട് നോക്കി ദേശാഭിമാനി പത്രം വായിക്കുന്ന ഭാവേന ഇരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ജോസ് എത്തി. ദീപിക പത്രം ആർത്തിയോടെ വായന തുടങ്ങി. ജോസ് പത്രം വിഴുങ്ങുമോ എന്നയാൾ ഭയപ്പെട്ടു. കണ്ണു മാറ്റി ഒന്നു നോക്കുന്നുപോലുമില്ല സുജായി. ഉബൈദുള്ള ദേശാഭിമാനിയിലൂടെ ദീപികയെ നോക്കി അയവിറക്കി. പെട്ടെന്ന് ദീപികയുടെ കണ്ണുകൾ ദേശാഭിമാനിയിൽ ഉടക്കി.

'ആരിത് ഉബൈദിക്കയോ? എത്ര നാളായി കണ്ടിട്ട് അസുഖമൊക്കെ മാറിയോ?'

ആ ചോദ്യത്തോടെ ജോസ് സുഹൃദ്ബന്ധം പുതുക്കി.

'ഉബൈദ് വൈദ്യരങ്ങായിയുടെ പേരിൽ കവിതകളും കഥകളും ആനുകാലികങ്ങളിൽ ഇപ്പോൾ ഒന്നും കാണാറേ ഇല്ലല്ലോ? എഴുത്ത് ഒക്കെ നിർത്തിയോ?' ജോസ് ചോദ്യങ്ങൾ എറിഞ്ഞിട്ടു. 'ഇല്ല ജോസെ.. എഴുത്ത് ഒക്കെയുണ്ട്. പണ്ടത്തെപ്പോലെ മനസ്സ് എവിടെയും ഉറയ്ക്കുന്നില്ല. വീട്ടിൽ എല്ലാവർക്കും സുഖമല്ലേ ജോസെ'..

ആയിരം രൂപയാണ് ആവശ്യം. ചോദ്യങ്ങളിലും ഉത്തരങ്ങളിലും മനസ്സ് നിൽക്കുന്നില്ല.

കല്ല്യാണ പൈസക്കാണെന്ന് പറഞ്ഞാൽ ജോസ് സമ്മതിച്ചില്ലങ്കിലോ ? ചെറിയ സങ്കോചം തോന്നി. കുറച്ചു നേരത്തെ മൗനത്തിന് ശേഷം ഉബൈദ് ഉദ്യമത്തിന് രണ്ടും കൽപ്പിച്ച് തയ്യാറായി.

'പിന്നെ ജോസേ എനിക്കൊരായിരം രൂപ കടം തരുവാൻ ഉണ്ടാകുമോ? ഒരു ആശുപത്രി കാര്യത്തിനാണ്". പറഞ്ഞുതീരും മുമ്പേ പേഴ്സ് തുറന്ന് രണ്ട് അഞ്ഞൂറെടുത്ത് ജോസ് നീട്ടി.

ഉബൈദ് ആശ്വാസം പൂണ്ടു. അല്ലെങ്കിലും വൈദ്യരങ്ങാടിക്കാർ കലാകാരൻമാരെ സഹായിക്കാൻ എന്നും മുൻപന്തിയിലാണ്. ജോസിനോട് യാത്ര പറഞ്ഞ് വീട്ടിലേക്ക് നടന്നു. നടത്തത്തിനിടയിൽ കവിത വീണ്ടും ആകൃതി പ്രാപിക്കാൻ വെമ്പി. വഴിയിൽ ആരൊക്കെയോ എന്തൊക്കെയോ ചോദിച്ചു. വാക്കുകൾ അയാളിൽ വന്ന് പതിച്ചതേയില്ല.

മൃഗാധിപത്യം വാണരുളുന്ന കാലത്തേ കുറുക്കൻ കൗശലക്കാരനായിരിക്കണം. അതുകൊണ്ടാണല്ലോ അതിബലവാൻമാരുടെ കൈയ്യിൽ നിന്നും ഭക്ഷണം കൈക്കലാക്കാൻ സാധിച്ചത്. ആ കുറുക്കന്റെ കൗശല വഴിയത്രേ കുറുക്കു വഴി. കുറുക്കൻ വഴി എങ്ങനെയാണ് കുറുക്കുവഴിയായി പരിണമിച്ചത്. താനെന്ന കവിയൻ തന്നെ മലയാള ഭാഷയിൽ പറഞ്ഞു വെക്കട്ടെ.

വീട്ടിൽ എത്തിയത് അറിഞ്ഞതേയില്ല. ഭാര്യയുടെ ചോദ്യം വീണ്ടും അയാളെ ചിന്താവിഷ്ടനാക്കി.

'നിങ്ങളിത്രനേരം എവിടെയായിരുന്നു. കല്യാണത്തിന് പോണ്ടേ?' ഉബൈദ് പോക്കറ്റിലെ ആയിരം രൂപ അഫ്‌ലക്ക് കൊടുത്തു അവൾ വിശ്വാസം വരാത്തപോലെ അയാളെ ഒന്ന് നോക്കി.

'ന്തേയ് അണക്ക് വിശ്വാസം വരുന്നില്ലേ സഖീ. ഇതൊരു കുറുക്കു വഴിയാണെടോ' കുട്ടികളില്ലാത്ത അവർക്ക് ഈ കലപിലകൾ മാത്രമായിരുന്നു ആനന്ദം നൽകിയിരുന്നത്. ഉബൈദ് ചിന്തകളെ കൂട്ടു പിടിച്ച് എഴുത്തു മുറിയിലേക്ക് നടന്നു. പേനയെടുത്ത് പേപ്പർ നിവർത്തി ആലോചനയിലേക്ക് വീണ്ടും ആമഗ്നനായി.

കൗശലക്കാരനാകാൻ ഓരോ ജീവിയും ഓരോ മനുഷ്യനും ആഗ്രഹിക്കുന്നുവെന്നതാണ് സത്യം. എല്ലാവർക്കും എളുപ്പത്തിൽ കാര്യങ്ങൾ നടക്കണം. അങ്ങനെ സാധ്യമല്ലാതാകുമ്പോഴാണ് ഒരാൾ കടുത്ത ആത്മീയ വാദിയും വർഗീയ വാദിയും കൊള്ളപ്പലിശക്കാരനും ആയി മാറുന്നത്. അങ്ങനെയാണ് പലതരം ലഹരികൾക്കടിമകളാകുന്നത് ചിന്തകളുടെ തേരിൽ അയാൾ യാത്രയായി. അഫ്‌ല കല്യാണം കൂടി തിരിച്ചെത്തി.

വൈകുന്നേരം ഉബൈദ് വൈദ്യരങ്ങാടിയിലൂടെ ഇറങ്ങി നടന്നു. വഴിയിൽ വെച്ചാണ് ഡ്രൈവർ കുഞ്ഞമ്പുവിനെ കണ്ടത്. തന്റെ കവിതകളുടെ ആരാധകൻ. കുഞ്ഞമ്പു അടുത്തേക്ക് ഓടി വന്നു. എന്തോ



നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ മൂന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ച സൗരോർജ്ജ പദ്ധതിയുടേയും ബ്ലോക്ക് തലത്തിൽ രൂപീകരിച്ച തൊഴിൽ സംരംഭങ്ങളായ വനിതാ ശിങ്കാരിമേളം, ചരട് പിന്നിക്കളി, കമ്പടവ്കളി മുതലായ കലാ ടീം പദ്ധതികളുടേയും ഉത്ഘാടനം 2018 നവംബർ 26-ാം തീയതി കേരള നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നിർവഹിച്ചു. നെടുമങ്ങാട് നിയോജകമണ്ഡലം എം.എൽ.എ സി. ദിവാകരൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. ബിജു, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്തെ പ്രമുഖർ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു.

പറയാൻ അയാൾ വെമ്പുന്നുണ്ടായിരുന്നു.

'ഇക്ക അറിഞ്ഞോ.. ഭാവന ചേച്ചിടെ കല്യാണത്തിന് നാട്ടുകാർ കൊടുത്ത പണത്തിലധികവും കള്ളനോട്ടാണോലും..' രണ്ടായിരവും അഞ്ഞൂറുകളുമാണ് കൂടുതലും കള്ളനോട്ടുകൾ. ഭാവനയുടെ ജ്യേഷ്ഠൻ ബാങ്കുദ്യോഗസ്ഥനാണല്ലോ എണ്ണുമ്പോ അയാളാ അത് കണ്ടെത്തിയത്. കവറിൻമേൽ പേരെഴുതിയതുകൊണ്ട് അതു പോലെതന്നെ വെച്ചിരിക്കുകയാണ്. പോലീസിനെ വിവരം അറിയിച്ചിട്ടുണ്ട്. അതിനിടയിൽ കല്യാണത്തിന് വന്ന ഹൈദ്രുമാപ്പിളയുടെ മകൻ അറാഫത്തിന് പാക്കിസ്ഥാനിൽ നിന്ന് ഒരു ഫോൺ വിളിയും വന്നീക്ക്ണ്. അന്വേഷണം എങ്ങോട്ടാണ് പോകുന്നത് എന്ന് ദൈവത്തിനറിയാം. ഹൈദ്രുമാപ്പിളയും അറാഫത്തും ഭരണപാർട്ടിയുടെ ഓഫീസിലേക്ക് പോയിട്ടുണ്ട്. മലക്ക് ഹാജി കേന്ദ്രപാർട്ടിയുടെ ഓഫീസിലേക്കും പാഞ്ഞിട്ടുണ്ട്. എന്തായാലും കല്യാണപൈസ കൊടുത്ത ആളുകൾ കുടുങ്ങുന്ന ലക്ഷണമാണ്. കേന്ദ്രന്വേഷണ ഏജൻസി വരും. അപ്പോൾ കാണാം പുകില്"കുഞ്ഞമ്പു ശ്വാസം വിട്ടു.

അഫ്‌ല കൊടുത്ത കവറിൻമേൽ 'ഉബൈദ് വൈദ്യരങ്ങാടി' എന്ന് വടിവൊത്ത അക്ഷരത്തിൽ എഴുതീട്ടുണ്ട്. പിന്നെ ഒട്ടും നേരം കളഞ്ഞില്ല. ഉബൈദ് കുറുക്കുവഴിയിലൂടെ ഭാവനമെമ്പറുടെ വീട്ടിലേക്ക് ഓടിക്കയറി. തളർന്നിരിക്കുന്ന മെമ്പറുടെ അടുത്തേക്ക് തളർച്ചയോടെ ഉബൈദുള്ള ചെന്ന് നിന്നു.

'മെമ്പറേ' ആശ്വാസ വിളിയിൽ ഭാവന മെമ്പർ തല ഉയർത്തി ഉബൈദുള്ളയെ നോക്കി.

'ന്റെ വൈദ്യരങ്ങാടി ഇനി ഞാൻ കടം വാങ്ങിയവരോട് എന്തോന്ന് ഉത്തരം പറയും?' വിതുമ്പുന്ന മെമ്പറെ ആശ്വസിപ്പിക്കുവാൻ കഴിയാതെയുള്ള വിഷമവൃത്തത്തിൽ ഉബൈദുള്ള അവിടെ ആകെ ഒന്ന് വീക്ഷിച്ചു.

കണക്ക് പരിശോധിക്കുന്ന ഭാവനമെമ്പറുടെ ജ്യേഷ്ഠന്റെ അടുത്തേക്ക്, അധ്യാപകനിൽ നിന്ന് ശിക്ഷ ഏറ്റു വാങ്ങുവാൻ ചെല്ലുന്ന ഒരു കുട്ടിയെപ്പോലെ ഉബൈദ് വൈദ്യരങ്ങാടി ചെന്നു നിന്നു. പരിശോധനയിൽ കള്ളനോട്ടടങ്ങിയ കല്യാണക്കവറുകളുടെ കൂട്ടത്തിൽ ജോസിന്റെയും തന്റേയും പേരില്ല! മണലാരണ്യത്തിൽ നിന്ന് നാട്ടിലേക്കുള്ള വിമാന ടിക്കറ്റ് കൈയ്യിൽ കിട്ടിയ പ്രവാസിയെപ്പോലെ ഉബൈദ് വൈദ്യരങ്ങാടി ഒന്നു ദീർഘശ്വാസം വിട്ടു.

മെമ്പറോട് യാത്രപറഞ്ഞ് കുറുക്കുവഴി എന്ന കവിതയുടെ തേരിൽ കയറി ഉബൈദുള്ള നേർവഴിയിലൂടെ തന്റെ വീട്ടിലേക്ക് നടന്നു നീങ്ങി.●



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക്

# സംഭാവന നൽകൂ;

## ദുരിതത്തിലായവർക്ക് ആശ്വാസമേകൂ...

സംഭാവന സ്വീകരിക്കുന്നതിനായി ക്യൂ.ആർ കോഡ് സംവിധാനം വഴി UPI (യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫെയ്സ്) പ്രവർത്തികമാക്കിയിട്ടുണ്ട്. വെർച്ച്വൽ പേയ്മെന്റ് അഡ്രസ്സ് (VPA) keralacmdrf@sbi വഴി paytm, UPI, BHIM, Tez, Phonepe തുടങ്ങിയ വാലറ്റ് സംവിധാനങ്ങളിൽ credit to അഥവാ to VPA അഥവാ beneficiary എന്ന കോളത്തിൽ keralacmdrf@sbi എന്ന് ടൈപ്പ് ചെയ്ത് വളരെ ലളിതമായ രീതിയിൽ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാം. സംഭാവന നൽകാനുള്ള QR Code കാണുക.

**ചെക്കുകൾ/ഡ്രാഫ്റ്റുകൾ തുടങ്ങിയവ**

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), ട്രഷറർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി
ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 1 എന്ന വിലാസത്തിൽ അയക്കാം.

ബാങ്ക് കൗണ്ടർ പേയ്മെന്റിനുള്ള വിവരങ്ങൾ

പേര് : പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)
ബാങ്കിന്റെ പേര് : സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്.ബി.ഐ)
അക്കൗണ്ട് നമ്പർ: 67319948232 ബ്രാഞ്ച്: സിറ്റി ബ്രാഞ്ച്, തിരുവനന്തപുരം
ഐഎഫ്എസ്‌സി SBIN0070028

**ഓൺലൈനായി സംഭാവന നൽകാൻ വെബ്സൈറ്റുകൾ സന്ദർശിക്കുക**

www.kerala.gov.in
www.donation.cmdrf.kerala.gov.in

സംഭാവന
നൽകാനുള്ള
QR Code

November-December 2018
₹ 2/- Annual Subscription Rs. 12.00

GRAMABHOOMI
Bi-Monthly

RN: No: 36116/1980

# ഗ്രാമീണകേരളത്തിന്റെ നേർക്കാഴ്ചയുമായി

ഗ്രാമഭൂമി



വായിക്കുക,
വരിക്കാരാകുക

ഗ്രാമഭൂമി

2 വർഷത്തേക്ക് ₹24 മാത്രം

മണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003

Printed and Published by Ajitha Das, Chief Officer, Rural Information Bureau, Owned by N Padmakumar IAS, Commissioner of Rural Development, Government of Kerala, Printed at Government Press, Mannanthala, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kowdiar PO, Thiruvananthapuram, Kerala-695 003. Chief Editor: Ajitha Das